# MPEDA

## ന്യൂസ്‌ലെറ്റർ

പുസ്തകം 01 ലക്കം 01 ജനുവരി 2018



ഗോവ മുഖ്യമന്ത്രി മനോഹർ പരീകർ ഇരുപത്തൊന്നാമത് ഇന്ത്യ ഇന്റർനാഷണൽ സീഫുഡ് ഷോ ഗോവയിൽ ഉദ്ഘാടനം ചെയ്യുന്നു

# ഇന്ത്യ ഇന്റർനാഷണൽ സീഫുഡ് ഷോയുടെ ഗോവൻ പതിപ്പ് വൻവിജയം



കേന്ദ്ര വാണിജ്യ–വ്യവസായ മന്ത്രി സുരേഷ് പ്രഭു സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റിയുടെ (എംപിഇഡിഎ) കയറ്റുമതി പുരസ്കാരദാന ചടങ്ങിൽ പ്രസംഗിക്കുന്നു

ISSN 0245-7059

# ഉള്ളടക്കം

ലക്കം 01, പുസ്തകം 01, ജനുവരി 2018

കവർ സ്റ്റോറി



3 ഇന്ത്യ ഇന്റർനാഷണൽ സീഫുഡ് ഷോ തരംഗമായി



42 കർണാടക മത്സ്യ മേള 2017-ൽ എംപിഇഡിഎ പങ്കെടുത്തു



45 ഗുണ്ടൂരിലെ രാജുബംഗരു പാലത്ത് ചെമ്മീൻകൃഷിയിൽ പരിശീലനം



48 ഉഷ്ണമേഖലാ കൊഞ്ച് വളർത്തൽ: ഇന്ത്യയ്ക്ക് മികച്ച സാധ്യതകൾ



43 പരിസ്ഥിതി സൗഹൃദ, സുസ്ഥിര ചെമ്മീൻ കൃഷിയെക്കുറിച്ച് പരിശീലനം നൽകി



46 മികച്ച കൃഷിരീതികളെക്കുറിച്ച് പട്ടികജാതി, പട്ടികവർഗക്കാർക്ക് പരിശീലനം



52 ആധുനിക മൊബൈൽ വെൻഡിംഗ് കിയോസ്കുമായി ഐസിഎആർ-സിഫ്റ്റ്

ഈ പ്രസിദ്ധീകരണത്തിൽ നല്കിയിരിക്കുന്ന ലേഖനങ്ങളിലെ അഭിപ്രായങ്ങൾ ലേഖകരുടേതു മാത്രമാണ്, എംപിഇഡിഎയുടെ അഭിപ്രായമല്ല. ലേഖനങ്ങളിൽ നല്കിയിരിക്കുന്ന വിവരങ്ങളുടെ കൃത്യതയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്കു മാത്രമാണ്. എംപിഇഡിഎയ്ക്കും എഡിറ്റോറിയൽ ബോർഡിനും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ടായിരിക്കില്ല.

# തളികയിൽ

**എഡിറ്റോറിയൽ ബോർഡ്**

**ശ്രീ. ടി. ഡോല ശങ്കർ, ഐ.ഒ.എഫ്.എസ്.**
ഡയറക്ടർ (എം)
**ശ്രീ. ബി. ശ്രീകുമാർ**
സെക്രട്ടറി
**ശ്രീമതി ആശ സി. പരമേശ്വരൻ**
ജോയിന്റ് ഡയറക്ടർ (ക്യൂ.സി.)
**ശ്രീ. പി. അനിൽകുമാർ**
ജോയിന്റ് ഡയറക്ടർ (അക്വാ)
**ശ്രീ. കെ. വി. പ്രേംദേവ്**
ഡെപ്യൂട്ടി ഡയറക്ടർ (എം.പി.)
**ഡോ. ടി. ആർ. ജിബിൻകുമാർ**
ഡെപ്യൂട്ടി ഡയറക്ടർ (ഡവലപ്മെന്റ്)
എഡിറ്റർ
**ഡോ. എം. കെ. റാം മോഹൻ**
ജോയിന്റ് ഡയറക്ടർ (എം)
അസിസ്റ്റന്റ് എഡിറ്റർ
**ശ്രീമതി കെ. എം. ദിവ്യ മോഹനൻ**
(സീനിയർ ക്ലർക്ക്)

എഡിറ്റോറിയൽ സപ്പോർട്ട്
**ബിവേൾഡ് കോർപ്പറേറ്റ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്**
166, ജവഹർ നഗർ, കടവന്ത്ര, കൊച്ചി,
പിൻ: 682 020, ഫോൺ: 0484 2206666, 2205544,
www.bworld.in, life@bworld.in

ലേഔട്ട്: **അനൂപ് ശ്രീനിലയം**



www.mpeda.gov.in
support@mpeda.gov.in

ദ മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി (മിനിസ്ട്രി ഓഫ് കൊമേഴ്സ് & ഇൻഡസ്ട്രി, ഭാരത സർക്കാർ, എംപിഇഡിഎ ഹൗസ്, പനമ്പിള്ളി അവന്യൂ, കൊച്ചി: 682 036, ഫോൺ: +91 484 2311979) ക്കുവേണ്ടി പ്രിന്റ് ചെയ്യുന്നതും പ്രസിദ്ധപ്പെടുത്തുന്നതും
ശ്രീ. ബി. ശ്രീകുമാർ, സെക്രട്ടറി
പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്
എംപിഇഡിഎ ഹൗസ്, പനമ്പിള്ളി അവന്യൂ, കൊച്ചി
പ്രിന്റ് ചെയ്തിരിക്കുന്നത്
പ്രിന്റ് എക്സ്പ്രസ്, 44/1469 എ, അശോക റോഡ്, കലൂർ, കൊച്ചി, പിൻ: 682 017



**ഡോ. എ. ജയതിലക് ഐഎഎസ്**
ചെയർമാൻ, എംപിഇഡിഎ

പ്രിയ സ്നേഹിതരെ,

ഇരുപത്തൊന്നാമത് 'ഇന്ത്യ ഇന്റർനാഷണൽ സീഫുഡ് ഷോ' സംഘാടനം കൊണ്ടും പങ്കാളിത്തം കൊണ്ടും പ്രശംസ നേടി. പ്രദർശനത്തിൽ പങ്കെടുത്ത സ്ഥാപനങ്ങൾ, പ്രതിനിധികൾ, ഗോവ സംസ്ഥാന സർക്കാർ, കേന്ദ്ര വ്യവസായ, വാണിജ്യ മന്ത്രാലയം, സീഫുഡ് എക്സ്പോർട്ടേഴ്സ് അംഗങ്ങൾ തുടങ്ങി ഈ ഷോ വലിയ വിജയമാക്കാൻ പരിശ്രമിച്ച എല്ലാവർക്കും ഈയവസരത്തിൽ ഞാൻ നന്ദി അർപ്പിക്കുന്നു.

ഐഐഎസ്എസിനു ശേഷം എംപിഇഡിഎ അമേരിക്കയിലെ ബോസ്റ്റണിൽ നടക്കുന്ന 'സീഫുഡ് എക്സ്പോ നോർത്ത് അമേരിക്ക'യിൽ നാൽപ്പത് കയറ്റുമതിക്കാർക്കൊപ്പം പങ്കെടുക്കുകയാണ്. വളരെക്കാലമായി കടൽവിഭവങ്ങളുടെ കയറ്റുമതിയെ ബാധിച്ചിരിക്കുന്ന വ്യാപാരപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി റഷ്യയിലേയ്ക്ക് ഒരു പ്രതിനിധിസംഘത്തെ അയയ്ക്കുന്നുണ്ട്. ബ്രസൽസിൽ നടക്കുന്ന 'സീഫുഡ് എക്സ്പോ ഗ്ലോബൽ' -ൽ കയറ്റുമതിക്കാരുടെ മികച്ച പ്രാതിനിധ്യമാണ് പ്രതീക്ഷിക്കുന്നത്.

'പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന' യുടെ (പിഎംകെവിവൈ) ഭാഗമായി കടൽവിഭവങ്ങൾ സംസ്കരിക്കുന്നവരുടെ നൈപുണ്യ വികസനത്തിനുവേണ്ടിയുള്ള പദ്ധതി നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിച്ച കാര്യം അറിയിക്കുന്നതിൽ സന്തോഷമുണ്ട്. കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിനുകീഴിൽ നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷൻ (എൻഎസ്ഡിസി) അംഗീകാരം നല്കിയ പദ്ധതി ഒൻപത് കടലോര സംസ്ഥാനങ്ങളിൽ നടപ്പാക്കും. മുൻപ് നേടിയെടുത്ത വിജ്ഞാനത്തിന് പിഎംകെവിവൈ പദ്ധതിക്കു കീഴിൽ അംഗീകാരം നല്കുന്നതിനാണ് (ആർപിഎൽ – ടൈപ്പ് – 2) പരിശ്രമിക്കുന്നത്. കടലോര സംസ്ഥാനങ്ങളിലായി 6000 കടൽവിഭവ സംസ്കരണജീവനക്കാരെയാണ് ലക്ഷ്യമിടുന്നത്. 200 പരിശീലന പരിപാടികൾ സംഘടിപ്പിക്കും. ഇതിനായുള്ള പരിശീലകരുടെ പരിശീലനം ആരംഭിച്ചുകഴിഞ്ഞു.

ഒട്ടേറെ മറ്റ് പ്രവർത്തനങ്ങളും ഉദ്യമങ്ങളും എംപിഇഡിഎ ലക്ഷ്യമിടുന്നുണ്ട്. അക്കാര്യങ്ങൾ അടുത്ത ലക്കത്തിൽ വിശദമാക്കാം.

നന്ദി

ഗോവയിൽ സംഘടിപ്പിച്ച ഇരുപത്തൊന്നാമത്

# ഇന്ത്യ ഇന്റർനാഷണൽ സീഫുഡ് ഷോ തരംഗമായി



ഗോവ മുഖ്യമന്ത്രി ശ്രീ. മനോഹർ പരീഖർ ഗോവയിലെ മർഗോവയിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ സീഫുഡ് ഷോ (ഐഐഐഎസ്എസ് 2018) ഉദ്ഘാടനം ചെയ്യുന്നു

21st INDIA INTERNATIONAL SEAFOOD SHOW 2018

## 21st India International Seafood Show 2018

രണ്ടുവർഷം കൂടുമ്പോൾ നടത്തപ്പെടുന്ന അന്താരാഷ്ട്ര പ്രദർശനമായ ഇന്ത്യ ഇന്റർനാഷണൽ സീഫുഡ് ഷോ (ഐഐഐഎസ്എസ്) മർഗോവയിൽ ജനുവരി 27 മുതൽ 29 വരെ അരങ്ങേറി. ഇരുപത്തൊന്നാമത് പ്രദർശനത്തിന്റെ പ്രധാന പ്രമേയം 'സുരക്ഷിതവും സുസ്ഥിരവുമായ ഇന്ത്യൻ മത്സ്യരംഗം' എന്നതായിരുന്നു.

ഇന്ത്യയിലെ മത്സ്യബന്ധന രംഗത്തും മത്സ്യക്കൃഷി രംഗത്തുമുള്ള സാങ്കേതികമായ മുന്നേറ്റങ്ങളും സുസ്ഥിരമായ രീതികളും എടുത്തുകാട്ടുന്നതായിരുന്നു മൂന്നുദിവസത്തെ പ്രദർശനം.

കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയത്തിന് കീഴിലുള്ള സമുദ്രോത്പ്പന്ന കയറ്റുമതി വികസന അതോറിറ്റി (മറൈൻ പ്രോഡക്ട്സ് എക്സ്പോർട്സ് ഡവലപ്മെന്റ് അതോറിറ്റി -എംപിഇഡിഎ) യുടെയും സീഫുഡ് എക്സ്പോർട്ട്




ഉദ്ഘാടനവേളയിൽ കേന്ദ്ര വാണിജ്യ വ്യവസായമന്ത്രി ശ്രീ. സുരേഷ് പ്രഭു സംസാരിക്കുന്നു

**'മാറുന്ന ലോകത്തിൽ കയറ്റുമതിക്കാർ അവരുടെ വിപണന തന്ത്രങ്ങളെക്കുറിച്ച് മാറിച്ചിന്തിക്കാൻ സമയമായി. വിപണനം എന്നത് ഒരു സാധനം വിൽക്കുക മാത്രമല്ല, ഉത്പന്നങ്ങളുടെ ഗുണമേന്മ, പായ്ക്കിംഗ്, സൂക്ഷിപ്പുകാലം എത്രമാത്രം വർദ്ധിപ്പിക്കാം എന്നതിലുമെല്ലാം ശ്രദ്ധിക്കണം' - മന്ത്രി ശ്രീ. സുരേഷ് പ്രഭു പറഞ്ഞു**

അസോസിയേഷൻ ഓഫ് ഇന്ത്യ (എസ്ഇഎഐ) യുടെയും സംയുക്താഭിമുഖ്യത്തിൽ ഗോവയിലെ മർഗോവ ഫട്ടോർഡ ഓപ്പൺ സ്പോർട്സ് കോംപ്ലക്സ് ഗ്രൗണ്ടിൽ മൂന്നു ദിവസം നീണ്ടുനിന്ന ഐഐഎസ്എസിൽ പന്ത്രണ്ട് രാജ്യങ്ങളിൽനിന്നായിമൂവായിരത്തിലധികംപ്രതിനിധികളും3500ബിസിനസ് പ്രതിനിധികളും പങ്കെടുത്തു. കിഴക്കൻ തീരത്തെ ആന്ധ്രപ്രദേശ് പോലെയുള്ള സംസ്ഥാനങ്ങൾ മത്സ്യകൃഷി രംഗത്ത് ശക്തമായി മുന്നേറുകയും സമുദ്രോത്പന്ന കയറ്റുമതിക്ക് മികച്ച സംഭാവന നല്കുകയും ചെയ്യുമ്പോൾ അതിനോട് മത്സരിക്കാൻ പടിഞ്ഞാറൻ തീരത്തിനും പ്രേരണ നല്കുന്നതായിരുന്നു പത്ത് വർഷത്തിനുശേഷം പടിഞ്ഞാറൻ തീരത്ത് വീണ്ടുമെത്തിയ ഇന്ത്യ ഇന്റർനാഷണൽ സീഫുഡ് ഷോ.

ഉദ്ഘാടനദിനത്തിൽ കേന്ദ്ര വ്യവസായവാണിജ്യ മന്ത്രി ശ്രീ. സുരേഷ് പ്രഭു പ്രതിനിധികളോട് പ്രസംഗിച്ചു. മത്സ്യകൃഷി നടത്തുന്ന എല്ലാ സംസ്ഥാനങ്ങൾക്കും മികച്ച പിന്തുണ നല്കുമെന്ന് അദ്ദേഹം പറഞ്ഞു. സാറ്റലൈറ്റ് ഇമേജറി ഉൾപ്പെടെ ഉപയോഗപ്പെടുത്തി സമഗ്രമായ വിപണന വികസന പദ്ധതികളിലൂടെ മത്സ്യ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതിയുടെ രൂപരേഖ അദ്ദേഹം പങ്കുവച്ചു.

സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ മനസിലാക്കുന്നതിനും മത്സ്യകൃഷിയും മത്സ്യവ്യവസായങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ അവതരിപ്പിക്കാൻ എംപിഇഡിഎ, എസ്ഇഎഐ പോലെയുള്ളവയോട് ആവശ്യപ്പെടുമെന്ന് മന്ത്രി പറഞ്ഞു.

ഉൾനാടൻ മത്സ്യബന്ധനം സർക്കാരിന്റെ മുൻഗണനയിലുള്ള കാര്യമാണ്. പതിമൂന്ന് തീരദേശ സംസ്ഥാനങ്ങളുമായി ചേർന്ന് മത്സ്യകൃഷി വികസിപ്പിക്കുന്നതിന് പ്രത്യേകമായ

സംവിധാനം ഉണ്ടാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കടൽ വിഭവ മേഖലയിൽ ഏറ്റവും കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നത് മത്സ്യകൃഷിയാണെന്നതിനപ്പുറം മറ്റൊരു കാര്യത്തിനും ഉപയോഗിക്കാൻ കഴിയാത്ത ഉപ്പുജല തടാകങ്ങൾ പോലെയുള്ളവ ഉപയോഗപ്പെടുത്താൻ സഹായിക്കുകയും ചെയ്യുന്നുണ്ട്. അത്തരം പ്രദേശങ്ങൾ സാറ്റലൈറ്റ് ഇമേജറി ഉപയോഗിച്ച് അടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ വിശദമായി രേഖപ്പെടുത്തി സാധ്യതയുള്ള പ്രദേശങ്ങൾ മത്സ്യകൃഷിക്കായി വികസിപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

സംസ്ഥാനങ്ങളുമായി ചേർന്ന് ഇത്തരം ഭൂപ്രദേശങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് സജീവമായി പ്രവർത്തിക്കുമെന്നും ഇത്തരം മേഖലകളുടെ കയറ്റുമതി സാധ്യത പ്രയോജനപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

ഇന്ത്യൻ ഉത്പന്നങ്ങൾ പ്രചരിപ്പിക്കുന്നതിനായി ലോകമെങ്ങുമായി പത്ത് വിപണന ഓഫീസുകൾ സ്ഥാപിക്കാൻ സർക്കാരിന് പദ്ധതിയുണ്ട്.

'മാറുന്ന ലോകത്തിൽ കയറ്റുമതിക്കാർ അവരുടെ വിപണന തന്ത്രങ്ങളെക്കുറിച്ച് മാറിച്ചിന്തിക്കാൻ സമയമായി. വിപണനം എന്നത് ഒരു സാധനം വിൽക്കുക മാത്രമല്ല, ഉത്പന്നങ്ങളുടെ ഗുണമേന്മ, പായ്ക്കിംഗ്, സൂക്ഷിപ്പുകാലം എത്രമാത്രം വർദ്ധിപ്പിക്കാം എന്നതിലുമെല്ലാം ശ്രദ്ധിക്കണം,' മന്ത്രി പറഞ്ഞു. വിതരണ ശൃംഖലയിലുടനീളം മൂല്യവർദ്ധന ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി പരിശ്രമിക്കുന്നതെന്ന് ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസ് പറഞ്ഞു. വിദേശവിപണികൾ അധികമായി ഗുണമേന്മയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ ഗുണമേന്മയുടെ കാര്യത്തിൽ പ്രത്യേക ഊന്നൽ നല്കുന്നുണ്ട്. ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള ആശങ്കയുടെ പേരിൽ ചില



ഗോവ മുഖ്യമന്ത്രി
ശ്രീ. മനോഹർ പരീഖർ

ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള ആശങ്കയുടെ പേരിൽ ചില വിപണികൾ നടപ്പാക്കുന്ന നിരോധനം മുന്നിൽ കണ്ടാണ് 'റെഡി ടു ഈറ്റ്' ഉത്പന്നങ്ങളുടെ മൂല്യവർദ്ധന ഉറപ്പുവരുത്തുന്നത്. രോഗങ്ങളും രോഗകാരികളും ഇല്ല എന്നു പ്രഖ്യാപിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉത്പാദനതലത്തിൽ തന്നെ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്

വിപണികൾ നടപ്പാക്കുന്ന നിരോധനം മുന്നിൽ കണ്ടാണ് 'റെഡി ടു ഈറ്റ്' ഉത്പന്നങ്ങളുടെ മൂല്യവർദ്ധന ഉറപ്പുവരുത്തുന്നത്. രോഗങ്ങളും രോഗകാരികളും ഇല്ല എന്നു പ്രഖ്യാപിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉത്പാദനതലത്തിൽ തന്നെ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെതന്നെ ഗുണമേന്മയുടെയും ട്രേയ്സിയബിലിറ്റിയുടെയും ശൃംഖലകൾ ശക്തമാക്കുന്നതിനും അന്താരാഷ്ട്ര വിപണികളിൽ ഇന്ത്യൻ കടൽവിഭവങ്ങൾക്ക് കൂടുതൽ സ്വീകാര്യത ഉറപ്പുവരുത്തുന്നതിനുമാണ് പരിശ്രമിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

മത്സ്യങ്ങൾ ജീവനോടെ അതല്ലെങ്കിൽ ഏറ്റവും പുതുമയോടെ നല്കുക എന്നതാണ് കയറ്റുമതിയിലെ പ്രധാന കാര്യം. ജീവനുള്ള ചെമ്മീനുകൾക്കും മത്സ്യങ്ങൾക്കും അന്താരാഷ്ട്ര വിപണിയിൽ ഏറെ സാധ്യതകളുണ്ട്. സാധ്യതകൾ പൂർണമായി പ്രയോജനപ്പെടുത്തിയാൽ കടൽവിഭവങ്ങളുടെ കാര്യത്തിൽ ഉന്നത ശക്തിയായി മാറുന്നതിനും ഇരുപത് ശതമാനം വളർച്ച നേടുന്നതിനും കയറ്റുമതിയുടെ അളവ് ഇരട്ടിയാക്കുന്നതിനും കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

ഗോവ മുഖ്യമന്ത്രി ശ്രീ. മനോഹർ പരീഖർ, ഗോവ സംസ്ഥാന കൃഷിമന്ത്രി ശ്രീ. വിജയ് സർദേശായി, ഗോവ മത്സ്യബന്ധന, ജലവിഭവ മന്ത്രി ശ്രീ. വിനോദ് പാലിയേങ്കർ, എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസ്, എസ്ഇഎഐ ദേശീയ പ്രസിഡന്റ് ശ്രീ. വി. പത്മനാഭൻ, ഗോവയിലെ പ്രതിപക്ഷ നേതാവ് ശ്രീ. ബാബു കവ്‌ലേക്കർ, എസ്ഇഎഐ ഗോവ പ്രസിഡന്റ് ശ്രീ. എം.എം. ഇബ്രാഹിം, പാർലമെന്റ് അംഗം ശ്രീ. കെ. ഹരി ബാബു തുടങ്ങിയവർ




ഐഐഎസ്എസ് 2018 സുവനീർ പ്രകാശനം ചെയ്യുന്നു

ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ഇന്ത്യയുടെ മത്സ്യബന്ധന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ആൻഡമാൻ -നിക്കോബാർ തീരപ്രദേശങ്ങൾപോലെ അധികം ഉപയോഗപ്പെടുത്താത്ത മേഖലകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും കടലിന്റെ മലിനീകരണം, രാസവളങ്ങൾ ജലാശയങ്ങളിലേയ്ക്ക് ഒഴുകിയെത്തുന്നത്, മത്സ്യമേഖലകളിലെ അധിക ചൂഷണം, പ്രജനനമേഖലകൾ തകർക്കപ്പെടുന്നത് തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ വേണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

ആന്ധ്രപ്രദേശിലെ പദ്ധതികളിൽനിന്ന് പ്രചോദനം ഉൾക്കൊള്ളുന്നതിനും മത്സ്യകൃഷി മേഖലയിലെ കർഷകർക്ക് പരിശീലനം നല്കുന്നതിനും അദ്ദേഹം താത്പര്യം പ്രകടിപ്പിച്ചു.

ഇന്ത്യയുടെ കടൽവിഭവങ്ങളുടെ കയറ്റുമതി 2016-17 വർഷത്തിൽ 11,34,948 മെട്രിക് ടണ്ണായിരുന്നുവെന്ന് ഉദ്ഘാടനചടങ്ങിൽ പ്രസംഗിക്കവെ ഡോ. ജയതിലക് ഐഎഎസ് ചൂണ്ടിക്കാട്ടി. ശീതീകരിച്ച ചെമ്മീൻ, മത്സ്യങ്ങൾ എന്നിവയായിരുന്നു പ്രധാന കയറ്റുമതി വിഭവങ്ങൾ. ആകെ 37,870.90 കോടി രൂപയുടെ മത്സ്യവിഭവങ്ങളാണ് ഈ കാലയളവിൽ കയറ്റിഅയച്ചത്. 2017 ഏപ്രിൽ-നവംബർ കാലത്ത് കയറ്റുമതിയുടെ കാര്യത്തിൽ അളവിൽ 18.72 ശതമാനവും അമേരിക്കൻ ഡോളർ മൂല്യത്തിൽ 15.16 ശതമാനവും വളർച്ച രേഖപ്പെടുത്തി. ഈ സാമ്പത്തികവർഷത്തിൽ കയറ്റുമതി വരുമാനം 6 ബില്യൺ അമേരിക്കൻ ഡോളറിൽ അധികമായിരിക്കുമെന്നാണ് പ്രതീക്ഷ. മത്സ്യകൃഷിയുടെ വളർച്ച, സംസ്കരണശേഷിയുടെ വർദ്ധന, അനുകൂലമായ വിപണി സാഹചര്യങ്ങൾ എന്നിവ ഈ വർദ്ധനയ്ക്ക് കാരണമാകുമെന്നാണ് പ്രതീക്ഷ.

ഉത്പാദനം സുസ്ഥിരമായി നിലനിർത്തുകയും മൂല്യവർദ്ധനയ്ക്കുവേണ്ടിയുള്ള പരിശ്രമം വർദ്ധിപ്പിക്കുകയും ചെയ്താൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചൈനയ്ക്കു തൊട്ടുപിന്നിലായി ഏറ്റവും വലിയ രണ്ടാമത്തെ കടൽവിഭവ കയറ്റുമതി രാഷ്ട്രമെന്ന സ്ഥാനം നേടുന്നതിനും നോർവെ, വിയറ്റ്നാം, അമേരിക്ക, തായ്‌ലൻഡ് എന്നിവയെ മറികടക്കുന്നതിനും സാധിക്കുമെന്ന് ഡോ. ജയതിലക് പറഞ്ഞു.

തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളെ ബാധിച്ചതുപോലെയുള്ള മത്സ്യക്ഷാമം ഒഴിവാക്കുന്നതിന് മുൻകൂട്ടി നടപടികൾ സ്വീകരിക്കണമെന്നും മത്സ്യസമ്പത്തിന്റെ അധികചൂഷണം തടയുകയും ചെയ്യണമെന്ന് ഗോവ സംസ്ഥാന കൃഷിമന്ത്രി ശ്രീ. വിജയ് സർദേശായ് പറഞ്ഞു.

പുരോഗമിച്ചുകൊണ്ടിരിക്കുന്ന ചെറിയ സംസ്ഥാനം എന്ന നിലയിൽ ഗോവ വിനാശകരമായ മത്സ്യബന്ധന രീതികൾ നിരുത്സാഹപ്പെടുത്തുന്നതിന്റെ ഭാഗമായി എൽഇഡി ലൈറ്റുകൾ നിരോധിക്കുന്നതിന് നടപടിയെടുക്കുകയാണ്. എന്നാൽ, വലിയ സംസ്ഥാനങ്ങളും അവരുടേതായ പങ്ക് വഹിച്ചെങ്കിൽമാത്രമേ സുസ്ഥിരമായ കയറ്റുമതി സാധ്യമാകൂ എന്ന് അദ്ദേഹം പറഞ്ഞു. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും ആഭ്യന്തര ഉപയോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ മത്സ്യം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി ഗോവയിൽ ഫിഷറീസ് കോർപ്പറേഷൻ രൂപീകരിക്കാൻ ആലോചിക്കുകയാണെന്ന് ഗോവ സംസ്ഥാന ഫിഷറീസ് & വാട്ടർ റിസോഴ്സസ് മന്ത്രി ശ്രീ. വിനോദ പാലിയേക്കർ പറഞ്ഞു. കടൽവിഭവങ്ങളുടെ ഉത്പാദകരും കയറ്റുമതിക്കാരും നേരിടുന്ന വെല്ലുവിളികൾ എസ്ഇഎഐ ദേശീയ പ്രസിഡന്റ് ശ്രീ. വി. പത്മനാഭൻ അവതരിപ്പിച്ചു. ഐഐഎസ്എസ് 2018-ലെ ചർച്ചകളിലൂടെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. കയറ്റുമതിക്കാർ, മെഷിനറി വിതരണക്കാർ, ഇറക്കുമതിക്കാർ, മറ്റ് സേവനദാതാക്കൾ, ഗവേഷകർ, നയരൂപീകരണത്തിന് നേതൃത്വം നല്കുന്നവർ എന്നിവരാണ് ഇന്ത്യയിൽനിന്നും യുഎസ്, യുകെ, സ്പെയിൻ, ജപ്പാൻ, ഓസ്ട്രേലിയ, ചൈന, വിയറ്റ്നാം, ദക്ഷിണ കൊറിയ, തായ്‌ലൻഡ്, മലേഷ്യ, മധ്യപൂർവദേശങ്ങൾ എന്നിവിടങ്ങളിൽനിന്നും പങ്കെടുത്തത്.

ഏഴായിരം ചതുരശ്ര അടിയിലായി 325 സ്റ്റാളുകളാണ് എക്സ്പോയിൽ ഉണ്ടായിരുന്നത്. ആധുനിക സംസ്കരണ



ഗോവ മത്സ്യബന്ധന, ജലവിഭവ മന്ത്രി
ശ്രീ. വിനോദ് പാലിയേങ്കർ

-പായ്ക്കേജിംഗ് മെഷീനറികൾ, കോൾഡ് സ്റ്റോറേജ് സൗകര്യങ്ങൾ, പരിശോധനാ ഉപകരണങ്ങൾ, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവയെല്ലാം എക്സ്പോയിൽ പ്രദർശിപ്പിച്ചിരുന്നു. വൈവിധ്യമാർന്ന പരമ്പരാഗത കടൽവിഭവങ്ങൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവയും പ്രദർശനത്തിനുണ്ടായിരുന്നു.

## സിങ്ങപിയുമായുള്ള സഹകരണം

സ്വിറ്റ്സർലാൻഡിലെ ഏറ്റവും വലിയ ചില്ലറ, മൊത്തവ്യാപാര കമ്പനികളിലൊന്നായ സിങ്ങപി കോഓപ്പേറ്റീവുമായി ഐഐഐഎസ്എസ് 2018-ൽ ഒരു ധാരണാപത്രം ഒപ്പുവച്ചു. സമുദ്രോത്പന്ന വ്യവസായ മേഖലയിലെ പ്രധാനപ്പെട്ട മുന്നേറ്റമാണിത്. ഇന്ത്യയിലെ കർഷകരെയും സംരംഭകരേയും ജൈവരീതിയിലുള്ള ചെമ്മീൻ യൂറോപ്യൻ യൂണിയൻ വിപണിക്കായി ഉത്പാദിപ്പിക്കുന്നതിനുള്ള സഹകരണമാണിത്.

എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസ്, സിങ്ങപി മാനേജ്മെന്റ് അംഗം ശ്രീ. ജെറാഡ് സുർലറ്റർ എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. ഇതനുസരിച്ച് എംപിഇഡിഎ ഉയർന്ന ഗുണമേന്മയുള്ള ജൈവ ചെമ്മീൻ ഉത്പാദിപ്പിക്കുന്നതിന് സംരംഭകരെ കണ്ടെത്തുകയും സാങ്കേതിക ഉപദേശം നല്കുകയും ചെയ്യും. ദേശീയ, അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ രീതികൾക്ക് അനുസൃതമായിട്ടായിരിക്കും ചെമ്മീനുകളെ വളർത്തിയെടുക്കുക. സ്വിറ്റ്സർലൻഡിൽ 2200 വിൽപ്പനകേന്ദ്രങ്ങളുള്ള സിങ്ങപി മൊത്തവ്യാപാര, ഉത്പാദന രംഗത്ത് യൂറോപ്പിലെങ്ങും സജീവമാണ്. ജൈവരീതിയിലുള്ള ചെമ്മീൻ പതിനഞ്ച് ശതമാനം പ്രീമിയം വിലയിൽ സമാഹരിക്കുന്നതിനും വികസനപദ്ധതികൾ, പരിശീലനം എന്നിവയ്ക്കായി അഞ്ചുശതമാനം അധിക സാമ്പത്തികസഹായം നല്കുന്നതിനും കരാർ വിഭാവനം ചെയ്യുന്നു. കേരളത്തിൽ ജൈവരീതിയിൽ ആയിരം ഹെക്ടർ സ്ഥലത്ത് കാര ചെമ്മീൻ (പീനിയസ് മൊണോഡോൺ) വളർത്തുന്നതിനുള്ള പൈലറ്റ് പദ്ധതി നടപ്പിലാക്കുന്നതിനും വിജയകരമാണെങ്കിൽ ഇന്ത്യയിലെ മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

എംപിഇഡിഎയും സിങ്ങപിയും ചേർന്ന് ചെമ്മീൻ ഹാച്ചറികളിൽ ജൈവരീതിയിൽ ചെമ്മീൻ കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിനുള്ള സാക്ഷ്യപത്രം നല്കും. ജൈവരീതിയിൽ തീറ്റ ഉത്പാദിപ്പിക്കുന്നതിനായി ചെറുകിട തീറ്റ മിൽ യൂണിറ്റ് ആരംഭിക്കുന്നതിനുള്ളവരുടെ പട്ടിക തയാറാക്കും. ഇന്ത്യയിലെ കടൽവിഭവങ്ങളുടെ കയറ്റുമതിയും വലിയ തോതിൽ തൊഴിൽസാധ്യത ഉറപ്പാക്കുന്നതുമായ പദ്ധതി ഇന്ത്യയിലെ മത്സ്യകൃഷി മേഖലയ്ക്ക് പുതിയ ദിശാബോധം പകർന്നു നല്കും. തരിശായി കിടക്കുന്ന ഉപ്പുവെള്ളക്കെട്ടുകൾ, ഉൾനാടൻ പ്രദേശങ്ങൾ എന്നിവ ആഭ്യന്തര, അന്താരാഷ്ട്ര വിപണികളെ ലക്ഷ്യമിട്ട് മത്സ്യോത്പാദനത്തിനായി ഉപയോഗപ്പെടുത്താം.

## എംപിഇഡിഎ കയറ്റുമതി പുരസ്കാരങ്ങൾ

കേന്ദ്ര വാണിജ്യമന്ത്രി ശ്രീ. സുരേഷ് പ്രഭു ഐഐഎസ്എസ് ഉദ്ഘാടന ദിനത്തിൽ 2015-2016, 2016-2017 വർഷങ്ങളിലെ മികച്ച കയറ്റുമതിക്കുള്ള എംപിഇഡിഎയുടെ പുരസ്കാരങ്ങൾ സമ്മാനിച്ചു. ആഴക്കടൽ മത്സ്യബന്ധനം, സുസ്ഥിര മത്സ്യക്കൃഷി, നിലവിലുള്ള നിയമത്തിനു പൂർണമായ അനുവർത്തനം, പരിശീലനം തുടങ്ങിയ വിഭാഗങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ചവർക്കാണ് എംപിഇഡിഇ വാർഷിക പുരസ്കാരങ്ങൾ നല്കുന്നത്. 1990-ലാണ് കയറ്റുമതി അവാർഡുകൾ ഏർപ്പെടുത്തിയത്. ഒന്നു മുതൽ അഞ്ചു വരെയുള്ള വിഭാഗങ്ങളിലെ ഏറ്റവും മികച്ച രണ്ട് നിർമ്മാണ-കയറ്റുമതി രംഗത്തുള്ളവർക്കാണ് അവാർഡുകൾ നല്കുന്നത്. ഗോവ കൃഷി മന്ത്രി ശ്രീ. വിജയ് സർദേശായ്, ഗോവ ഫിഷറീസ്-ജലവിഭവ മന്ത്രി ശ്രീ. വിനോദ പാലിയേങ്കർ, എംപിഇഡിഎ അംഗവും എംപിയുമായ ശ്രീ. കെ. ഹരിബാബു തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ കേന്ദ്ര വാണിജ്യ മന്ത്രി 2015-16, 2016-17 വർഷത്തെ മികച്ച പ്രകടനത്തിനുള്ള അവാർഡ് 27 കമ്പനികൾക്ക് സമ്മാനിച്ചു.

## സ്റ്റാൾ അവാർഡുകൾ 2018

**മികച്ച സ്റ്റാൾ - വിദേശം വിഭാഗത്തിൽ** ഏഷ്യ റഫ്രിജറേഷൻ ഇൻഡസ്ട്രി ജോയിന്റ് കമ്പനി, വിയറ്റ്നാം ആദ്യസ്ഥാനം കരസ്ഥമാക്കി. ഗ്ലോറി കമ്പനി ലിമിറ്റഡ്, വിയറ്റ്നാം രണ്ടാമത്തെ സ്ഥാനവും കരസ്ഥമാക്കി.

**മികച്ച സ്റ്റാൾ - രജിസ്ട്രേഡ് അംഗം വിഭാഗത്തിൽ** ഗദ്ര മറൈൻ പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, രത്നഗിരി മികച്ച ആദ്യത്തെ സ്റ്റാളിനുള്ള പുരസ്കാരം സ്വന്തമാക്കി. കെഎൻസി അഗ്രോ ലിമിറ്റഡ്, വെസ്റ്റ് ബംഗാൾ മികച്ച രണ്ടാമത്തെ മികച്ച സ്റ്റാളിനുള്ള പുരസ്കാരം ലഭിച്ചു.

**മികച്ച സ്റ്റാൾ - ഇന്ത്യൻ വിഭാഗത്തിൽ** ഇഷിത ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ഗുഡ്ഗാവ് ആദ്യസ്ഥാനവും പാരികെമിക്കൽസ്, മുംബൈ രണ്ടാമത്തെ സ്ഥാനവും കരസ്ഥമാക്കി. എംപിഇഡിഎ ചെയർമാൻ ഡോ. ജയതിലക് ഐഎഎസ് അവാ

ർഡുകൾ വിതരണം ചെയ്തു. സീഫഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (എസ്ഇഎഐ) പ്രസിഡന്റ് ശ്രീ. വി. പത്മനാഭം ചടങ്ങിൽ സന്നിഹിതനായിരുന്നു.

## ഐഐഎസ്എസ് 2020

ഇരുപത്തിരണ്ടാമത് ഐഐഎസ്എസ് 2020-ൽ കൊച്ചിയിൽ നടക്കുമെന്ന് എക്സ്പോയിൽ പ്രഖ്യാപിച്ചു.

## സാങ്കേതിക സെഷനുകൾ

ഐഐഎസ്എസ് 2018-ൽ മൂന്നു ദിവസവും കടൽവിഭവ വ്യവസായരംഗത്തുനിന്നുള്ളവർ, നയരൂപീകരണം നടത്തുന്നവർ, മറ്റ് വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി വിവിധ വിഷയങ്ങളെക്കുറിച്ച് സാങ്കേതിക സെഷനുകൾ സംഘടിപ്പിച്ചിരുന്നു. കയറ്റുമതിക്കാർക്ക് അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനും ജിഎസ്ടി തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനും നിയന്ത്രണങ്ങളും സാക്ഷ്യപ്പെടുത്തലുകളും ശരിയായ രീതിയിൽ നടപ്പാക്കുന്നതിനും ഡീലിസ്റ്റിംഗ് സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും സാങ്കേതിക സെഷനുകൾ വേദിയായി. സമാപന ദിവസം യൂറോപ്യൻ യൂണിയനും ഇന്ത്യയും ചേർന്ന് നെതർലാൻഡ്സ് എംബസിയുമായി ചെമ്മീൻ വ്യാപാരം സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തി. യൂറോപ്യൻ യൂണിയനിലേയ്ക്ക് ചെമ്മീൻ കയറ്റി അയയ്ക്കുന്നവരിൽ പ്രധാനപ്പെട്ട രാജ്യമാണ് ഇന്ത്യ.

വിശ്വാസ്യതയുള്ള വ്യാപാരത്തിന് ആവശ്യമായ വിവിധ സർട്ടിഫിക്കേഷനുകൾ സ്വന്തമാക്കുന്നതിനുള്ള അധിക ചെലവ് പരിഗണിച്ച് പൊതുനിലവാരം സാക്ഷ്യപ്പെടുത്തുന്നതിന് സംവിധാനം വേണമെന്ന് ഇന്ത്യൻ സമുദ്രോത്പന്ന വ്യവസായരംഗത്തുള്ളവർ ആവശ്യപ്പെട്ടു. ഓരോ രാജ്യങ്ങളും അവരുടെ സർട്ടിഫിക്കേഷൻ മാത്രം അംഗീകരിക്കുന്ന സ്ഥിതിയിൽ എല്ലാത്തരം സാക്ഷ്യപത്രങ്ങളുടെയും രേഖകൾ സൂക്ഷിക്കുകയെന്നത് സങ്കീർണ്ണവും വെല്ലുവിളി നിറഞ്ഞതുമാണെന്ന് അവർ ചൂണ്ടിക്കാട്ടി.

ഉപയോക്താക്കൾക്ക് സർട്ടിഫിക്കേഷൻ എന്നത് അത്യാവശ്യമാണെന്ന് മിക്കവരും സമ്മതിച്ചു. ഗുണമേന്മയും വിശ്വാസ്യതയും ബ്രാൻഡ് അവബോധവും അതുവഴി കമ്പനികൾക്ക് മികച്ച നേട്ടവും സ്വന്തമാക്കാൻ സർട്ടിഫിക്കേഷനാണ് മാർഗമെന്ന് കുവൈറ്റിലെ വിംപി ലാബറട്ടറീസ് ഡയറക്ടർ ശ്രീ. ചന്ദ്രജിത് പറഞ്ഞു. കമ്പനികൾക്ക് ഏറെ ഗുണകരമാണിത്. ഉപയോക്താക്കളുമായി മികച്ച ബന്ധം സ്ഥാപിക്കുന്നതിനും ഉയർന്ന വില ലഭിക്കുന്നതിനും ഇത് സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.

ജൈവ, രാസ, ഭൗതിക അപകടസാധ്യതകൾ ഭക്ഷ്യവസ്തുക്കളിൽ ഇല്ലെന്ന് ഉറപ്പുവരുത്തുന്നതാണ് ഹസാഡ് അനാലിസിസ് ആൻഡ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ്സ് (എച്ച്എസിസിപി), ഐഎസ്ഒ 9001:2015, ബ്രിട്ടീഷ് റീട്ടെയ്ൽ കൺസോർഷ്യം എന്നിവ. ഐഎസ്ഒ 9001 : 2008 എന്നത് നിലവിൽ പ്രസക്തമല്ല. അതുകൊണ്ടുതന്നെ ഉത്പന്നങ്ങളിൽനിന്ന് അവ നീക്കം ചെയ്യണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.



സിഒഎപി മാനേജ്മെന്റ് അംഗം ശ്രീ. ജെറാഡ് സുർലറ്റർ, എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസ് എന്നിവർ യൂറോപ്യൻ വിപണിയ്ക്കുവേണ്ടി ജൈവരീതിയിൽ ചെമ്മീൻ ഉത്പാദിപ്പിക്കുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുന്നു. ബേബി മറൈൻ ഗ്രൂപ്പിലെ ശ്രീ. അലക്സ് സമീപം (ഇടത്തേ അറ്റം)




സിഒഎപി മാനേജ്മെന്റ് അംഗം ശ്രീ. ജെറാഡ് സുർലറ്റർ, എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസ് എന്നിവർ യൂറോപ്യൻ വിപണിയ്ക്കുവേണ്ടി ജൈവരീതിയിൽ ചെമ്മീൻ ഉത്പാദിപ്പിക്കുന്നതിനുള്ള ധാരണാപത്രം കൈമാറുന്നു







## ഐഐഎസ്എസ് 2018 ഉത്പന്ന അവാർഡുകൾ

ഐഐഎസ്എസ് 2016-ൽ ചെയ്തതുപോലെ ഐഐഎസ്എസ് 2018 ലും മൂന്ന് വിഭാഗങ്ങളിലായി മികച്ച നൂതന ഉത്പന്നങ്ങൾക്കുള്ള അവാർഡ് നിർണ്ണയിച്ചു. സംസ്കരണരംഗത്തുള്ളവർ/കയറ്റുമതിക്കാർ എന്നവർക്ക് പുതിയ ഉത്പന്നങ്ങളിൽ പ്രോത്സാഹനം നല്കുക എന്നതാണ് പ്രധാന ഉദ്ദേശ്യം.
ഐഐഎസ്എസ് 2018 ഉത്പന്ന അവാർഡ് ജേതാക്കൾ:

### 1. മികച്ച സൗകര്യപ്രദമായ ഉത്പന്നം

ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായ സമുദ്ര ഉത്പന്നങ്ങളുടെ മത്സരമാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 2. മികച്ച ചില്ലറ ഉത്പന്നങ്ങൾക്കുള്ള പാക്കേജിംഗ്

ചില്ലറ ഉത്പന്ന വിപണിക്കുവേണ്ടി തയാറാക്കിയതോ അല്ലെങ്കിൽ നിലവിൽ ലഭ്യമായതോ ആഭ്യന്തര, അന്താരാഷ്ട്ര വിപണിയിലേയ്ക്കുള്ള പായ്ക്കിംഗ് ഉത്പന്നങ്ങൾക്കുവേണ്ടിയുള്ളതും രണ്ട് കിലോയിൽ താഴെ മാത്രം തൂക്കമുള്ള ഉത്പന്നങ്ങൾക്കുവേണ്ടിയുള്ളതും നിശ്ചയിക്കപ്പെട്ടിരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ചതുമായ പായ്ക്കേജിംഗോ ആണ് മത്സരത്തിൽ ഉൾപ്പെടുത്തിയത്.

### 3. മികച്ച നൂതന ഉത്പന്നം

പുതിയ കടൽവിഭവങ്ങളിൽനിന്നുള്ള ഉത്പന്നങ്ങളോ ആഭ്യന്തര, അന്താരാഷ്ട്ര ചില്ലറ വിപണിയിൽ അവതരിപ്പിക്കാൻ സാധിക്കുന്നതോ ആയതും നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്ക് അനുസൃതവുമായ ഗുണമേന്മയുള്ള ഉത്പന്നങ്ങളാണ് മത്സരത്തിനായി പരിഗണിച്ചത്.

ഏറ്റവും മികച്ച സൗകര്യപ്രദമായ ഉത്പന്നം (ഗദ്ര മറൈൻ എക്സ്പോർട്സ്, രത്നഗിരി), മികച്ച ചില്ലറ വിൽപ്പനയ്ക്കായുള്ള പായ്ക്കേജിംഗ്, മികച്ച നൂതന ഉത്പന്നം (രണ്ട് അവാർഡുകളും ഗുഡ്ഗാവ് കേന്ദ്രമായി പ്രവർത്തിക്കുന്ന വെസ്റ്റ് കോസ്റ്റ് ഫ്രോസൻ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്) എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ അവാർഡുകൾ നല്കിയിരുന്നു.

ഇക്കോ ലേബലിംഗിന്റെ പ്രാധാന്യത്തെക്കുറിച്ച് ജപ്പാൻ ഫിഷറീസ് അസോസിയേഷൻ മാനേജിംഗ് ഡയറക്ടറും സീനിയർ എക്സിക്യൂട്ടീവുമായ ശ്രീ. യോഷിയുക്കി ഷൈജ് പ്രസംഗിച്ചു.

പരിസ്ഥിതിയുടെയും സ്രോതസുകളുടെയും സുസ്ഥിരത ഉറപ്പാക്കി മത്സ്യബന്ധനം നടത്തിയാണ് ഉത്പന്നങ്ങൾ നിർമ്മിച്ചത് എന്നത് ഉറപ്പാക്കാനാണ് മറൈൻ ഇക്കോ ലേബലുകൾ സഹായിക്കുന്നത്. സ്രോതസുകൾ കൈകാര്യം ചെയ്യുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതാണിതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മീൻ വളർത്തുന്നവർ അവരുടെ ഉത്പന്നങ്ങൾക്ക് പ്രചാരം നല്കുമ്പോൾ പരിസ്ഥിതി സംരക്ഷണം കൂടി ഉറപ്പാക്കുന്നതിന് ഇക്കോ ലേബൽ










2015-2016, 2016-17 വർഷങ്ങളിലെ മികച്ച കയറ്റുമതിക്കുള്ള എംപിഇഡിഎയുടെ പുരസ്കാരം കേന്ദ്ര വാണിജ്യ മന്ത്രി ശ്രീ. സുരേഷ് പ്രഭു സമ്മാനിക്കുന്നു









































സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഭാവിയിലേയ്ക്ക് മത്സ്യ സമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതാണിത്. സാങ്കേതികസെഷനുകളിൽ പങ്കെടുത്തവർക്ക് സംസ്കരണം, കടൽവിഭവങ്ങളുടെ കയറ്റുമതി എന്നിവയുടെ വിശദാംശങ്ങളെക്കുറിച്ച് പുതിയ അറിവുകൾ സ്വന്തമാക്കാനായി.

കേന്ദ്ര, സംസ്ഥാന തല നികുതികൾ ചരക്ക് സേവന നികുതി അഥവാ ജിഎസ്ടി എന്ന ഏക നികുതിയിൽ ഉൾപ്പെടുത്തിയതിൽ സന്തോഷമുണ്ടെങ്കിലും പുതിയ നികുതിസമ്പ്രദായത്തിന്റെ വിശദാംശങ്ങളെക്കുറിച്ച് വേണ്ടത്ര അറിവില്ലെന്ന് സാങ്കേതിക സെഷനിൽ പങ്കെടുത്തവർ വ്യക്തമാക്കി. ജിഎസ്ടി നടപ്പാക്കിയപ്പോൾ കേന്ദ്ര സർക്കാർ അവരുടെ പ്രശ്നങ്ങൾ മനസിലാക്കാൻ ശ്രമിച്ചിരുന്നെങ്കിലും പല ജിഎസ്ടി നിബന്ധനകളെക്കുറിച്ചും വ്യക്തതയില്ലെന്നും അത് വ്യാപാരത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും ചൂണ്ടിക്കാട്ടി.

നികുതി റീഫണ്ട് ലളിതമാക്കിയെങ്കിലും കയറ്റുമതിക്കാർക്ക് നിലവിൽ റീഫണ്ട് ലഭിച്ചുതുടങ്ങിയിട്ടില്ല. ഇതിനായി പ്രത്യേകമായ സമയക്രമം നിർദ്ദേശിച്ചിട്ടില്ല എന്നതാണ് ന്യൂനത. കയറ്റുമതിക്കാരുടെ വെയർഹൗസ്, ഡ്രോബാക്ക് ബെനിഫിറ്റ് എന്നിവ സെൻട്രൽ ജിഎസ്ടിയിൽ ഉൾപ്പെടുത്തിയെങ്കിലും സംസ്ഥാന ജിഎസ്ടിയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ഒരു പോരായ്മയാണ്.

വ്യാപാരനിയമവിദഗ്ധൻ ശ്രീ. കാർത്തിക് ഐവിആർഎൻ കയറ്റുമതി സംബന്ധമായ ജിഎസ്ടി നിയമങ്ങളെക്കുറിച്ച് വിശദമാക്കി. സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി സാധ്യമാക്കുന്നതിന് ജിഎസ്ടി സമ്പ്രദായം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. എംപിഇഡിഎ, എസ്ഇഎഐ എന്നിവ 2022-ൽ പത്ത് ബില്യൺ യുഎസ് ഡോളറിന്റെ കയറ്റുമതിയാണ് ലക്ഷ്യം വയ്ക്കുന്നത്.

കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ സമുദ്രോത്പന്നങ്ങളുടെ സംസ്കരണത്തിനും സൂക്ഷിപ്പുകാലം വർദ്ധിപ്പിക്കുന്നതിനുമുള്ള സാങ്കേതികവിദ്യകളെക്കുറിച്ച് വിശദമാക്കി. ഇതുവഴി മത്സ്യക്കൃഷിക്കാർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് കൂടുതൽ ആദായകരമായ വില ലഭിക്കും.

മംഗളൂരു നിറ്റെ യൂണിവേഴ്സിറ്റിയിലെ ഇന്റർനാഷണൽ റിലേഷൻസ് സീനിയർ ഡയറക്ടർ ഡോ. ഐ. കരുണാസാഗർ സമുദ്രോത്പന്നങ്ങൾക്ക് പ്രധാന വിപണികൾ ലക്ഷ്യം വയ്ക്കുന്ന സുരക്ഷാകാര്യങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കി.

ജീവനോടെ കഴിക്കാവുന്ന ചെമ്മീനും മറ്റ് മത്സ്യങ്ങൾക്കും ആഗോള വിപണിയിൽ ആവശ്യകത വർദ്ധിച്ചുവരികയാണെന്ന് സിംഗപ്പൂർ അപ്പോളോ അക്വേറിയം ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ശ്രീ. ലിം മെംഗ് ഹ്യൂയാത് പറഞ്ഞു. ജീവനോടെ കടൽവിഭവങ്ങൾ ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേയ്ക്ക് എത്തിക്കുന്നതിന് ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ ആവശ്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

| ഐഐഎസ്എസ് 2018-ലെ സാങ്കേതിക സെഷൻ<br>സെഷൻ- 1 (27.01.2018, ഉച്ചകഴിഞ്ഞ്) | |
|---|---|
| അധ്യക്ഷൻ: ഡോ. സി. എൻ. രവിശങ്കർ, ഡയറക്ടർ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, കൊച്ചി | |
| വിഷയം | പ്രസംഗകർ |
| മുഖ്യപ്രഭാഷണം: കടൽവിഭവങ്ങളുടെ വിപണിയിൽ സാങ്കേതികവിദ്യയുടെയും മൂല്യവർദ്ധനയുടെയും പങ്ക് | ഡോ. സി. എൻ. രവിശങ്കർ, ഡയറക്ടർ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, കൊച്ചി, ഇന്ത്യ |
| പ്രധാനവിപണികളിൽ കടൽവിഭവങ്ങളുടെ സുരക്ഷാ ആവശ്യകതകൾ സംബന്ധിച്ച അവലോകനം | ഡോ. ഐ. കരുണാസാഗർ, സീനിയർ ഡയറക്ടർ (ഇന്റർനാഷണൽ റിലേഷൻസ്), നിറ്റെ യൂണിവേഴ്സിറ്റി, മംഗളുരു, ഇന്ത്യ |
| ജിഎസ്ടിയുടെ നടപ്പാക്കലും സമുദ്രോത്പന്നമേഖലയിലെ അനന്തരഫലങ്ങളും | ശ്രീ. കാർത്തിക് ഐവിആർഎൻ, ശ്രീ. ലക്ഷ്മികുമാരൻ, ശ്രീ. ശ്രീധരൻ, ചെന്നൈ, ഇന്ത്യ |
| ചെമ്മീൻ, മത്സ്യങ്ങൾ എന്നിവ ജീവനോടെ കയറ്റി അയയ്ക്കുന്നത് സംബന്ധിച്ച് അന്താരാഷ്ട്ര നിലവാരങ്ങൾ, പ്രത്യേക നിർദ്ദേശങ്ങൾ, ആവശ്യകതകൾ | ശ്രീ. ലിം മെംഗ് ഹുവാത്, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, അപ്പോളോ അക്വേറിയം, സിംഗപ്പൂർ |
| അന്താരാഷ്ട്ര കടൽവിഭവ വിപണനരംഗത്ത് ഇ-കൊമേഴ്സിന്റെ ഉപയോഗം | ശ്രീ. സഞ്ജയ് ശർമ, ഗ്ലോബൽ ഹെഡ്, ടിഡിഐ ഇന്റർനാഷണൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ന്യൂഡൽഹി, ഇന്ത്യ |
| സെഷൻ- 2 (28.01.2018 രാവിലെ) | |
| അധ്യക്ഷൻ: ശ്രീ. ഏലിയാസ് സെയ്ട്ട്, സെക്രട്ടറി ജനറൽ, സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ | |
| വിഷയം | പ്രസംഗകർ |
| മുഖ്യപ്രഭാഷണം: കടൽവിഭവ വിപണനവും സാക്ഷ്യപത്രവും | ശ്രീ. ഏലിയാസ് സെയ്ട്ട്, സെക്രട്ടറി ജനറൽ, സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ, ചെന്നൈ, ഇന്ത്യ |
| മൂല്യവർദ്ധന: ആശയങ്ങൾ, അവസരങ്ങൾ, വെല്ലുവിളികൾ | ശ്രീ. കെന്നി തോമസ്, ചീഫ് എക്സിക്യൂട്ടീവ്, ജിന്നി മറൈൻ ട്രേഡേഴ്സ്, വെരാവൽ, ഗുജറാത്ത്, ഇന്ത്യ |
| കടൽവിഭവങ്ങളുടെ ആവശ്യകതയും വിതരണവും അന്താരാഷ്ട്രവിപണിയിൽ: വിലയെ സ്വാധീനിക്കുന്ന ഘടകങ്ങൾ | ശ്രീ. അല്ലെൻ, മാനേജിംഗ് ഡയറക്ടർ ഓഫ് ഐസ്ലൻഡ് സീഫുഡ് ബാരാക്ലോ ലിമിറ്റഡ് (ഐഎസ്ബി), യു.കെ. |
| കടൽവിഭവങ്ങളുടെ സാക്ഷ്യപത്രം: അനുഗ്രഹമോ ശാപമോ? | ശ്രീ. ചന്ദ്രജിത്ത്, ഡയറക്ടർ, വിംപി ലബോറട്ടറീസ്, കുവൈറ്റ് |
| ജാപ്പനീസ് ഇക്കോ-ലേബലിംഗ് | ശ്രീ. യോഷിയുകി ഷിഗെ, സീനിയർ എക്സിക്യൂട്ടീവ്, മാനേജിംഗ് ഡയറക്ടർ, ജപ്പാൻ ഫിഷറീസ് അസോസിയേഷൻ, ജപ്പാൻ |
| സെഷൻ- 3 (28.01.2018 ഉച്ചകഴിഞ്ഞ്) | |
| വിഷയം: കടൽവിഭവ കയറ്റുമതി വ്യാപാരം: ഔദ്യോഗികനിയന്ത്രണങ്ങൾ പാലിക്കുന്നതിനുള്ള വെല്ലുവിളികൾ | |
| അധ്യക്ഷൻ: ഡോ. എസ്. കെ. സക്സേന, ഡയറക്ടർ, എക്സ്പോർട്ട് ഇൻസ്പെക്ഷൻ കൗൺസിൽ ഓഫ് ഇന്ത്യ | |
| വിഷയം | പ്രസംഗകർ |
| മുഖ്യപ്രഭാഷണം: | ഡോ. എസ്. കെ. സക്സേന, ഡയറക്ടർ, എക്സ്പോർട്ട് ഇൻസ്പെക്ഷൻ കൗൺസിൽ ഓഫ് ഇന്ത്യ |
| കയറ്റുമതിയിലെ സാക്ഷ്യപത്രം: ഔദ്യോഗിക നിയന്ത്രണങ്ങളുടെ ഏകോപനത്തിൽ ഇഐസിയുടെ പങ്ക് | ശ്രീ. ആർ. എം. മാൻഡലിക്, ഡെപ്യൂട്ടി ഡയറക്ടർ, എക്സ്പോർട്സ് ഇൻസ്പെക്ഷൻ കൗൺസിൽ ഓഫ് ഇന്ത്യ |
| യൂറോപ്യൻ യൂണിയൻ നിബന്ധനകൾക്ക് അനുസൃതമായി ഇന്ത്യൻ കടൽവിഭവ കയറ്റുമതിരംഗത്തെ വെല്ലുവിളികളും അവസരങ്ങളും | ശ്രീ. വോജ്സിയക് സിവോസ്കി, കൗൺസിലർ ഫോർ ഹെൽത്ത് ആൻഡ് ഫുഡ് സേഫ്റ്റി ഡെലിഗേഷൻ ഓഫ് ദ യൂറോപ്യൻ യൂണിയൻ ടു ഇന്ത്യ |

| | |
|---|---|
| കടൽവിഭവവാണിജ്യരംഗത്തെജൈവസുരക്ഷപാലിക്കുന്നത് സംബന്ധിച്ച വെല്ലുവിളികൾ | ഡോ. കെ. കെ. വിജയൻ, ഡയറക്ടർ, ഐസിഎആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രാക്കിഷ് വാട്ടർ അക്വാകൾച്ചർ, ചെന്നൈ |
| ഇന്ത്യയിലെ മത്സ്യക്കൃഷി, കടൽവിഭവ കയറ്റുമതി രംഗത്തെ വെല്ലുവിളികളും അവസരങ്ങളും | ഡോ. എ. രവിശങ്കർ ഐപിഎസ്, ഡയറക്ടർ ജനറൽ ഓഫ് ഡ്രഗ്സ് ആൻഡ് കോപ്പി റൈറ്റ്സ്, ഡ്രഗ് കൺട്രോൾ അഡ്മിനിസ്ട്രേഷൻ, ആന്ധ്രാപ്രദേശ് |
| ഓസ്ട്രേലിയയിലെ നിബന്ധനകൾക്കനുസൃതമായി ഇന്ത്യൻ കടൽവിഭവ കയറ്റുമതിരംഗത്ത് നേരിടേണ്ടിവരുന്ന വെല്ലുവിളികളും അവസരങ്ങളും | ഡോ. നോറാ ഗാൽവേ, കൗൺസലർ (അഗ്രിക്കൾച്ചർ), ഓസ്ട്രേലിയൻ ഹൈക്കമ്മീഷൻ, ന്യൂഡൽഹി |
| കടൽവിഭവ കയറ്റുമതിരംഗം: വ്യാവസായിക കാഴ്ചപ്പാട് | ശ്രീ. ഏലിയാസ് സെയ്ട്ട്, സെക്രട്ടറി ജനറൽ, സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ, ചെന്നൈ, ഇന്ത്യ |
| **സെഷൻ - 4 (29.01.2018 ഉച്ചയ്ക്കുമുൻപ്)** | |
| ഇന്ത്യ-യൂറോപ്യൻ യൂണിയൻ ചെമ്മീൻ സംവാദം | |
| പ്രഭാഷകൻ: ശ്രീ. ആനന്ദ് കൃഷ്ണൻ, ഡപ്യൂട്ടി അഗ്രിക്കൾച്ചറൽ കൗൺസലർ, എംബസി ഓഫ് ദ കിംഗ്ഡം ഓഫ് ദ നെതർലാൻഡ്സ്, ന്യൂഡൽഹി | |
| അധ്യക്ഷൻ: ഡോ. എ. ജയതിലക് ഐഎഎസ്, ചെയർമാൻ, മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി, കൊച്ചി, ഇന്ത്യ | |
| വിഷയം | പ്രസംഗകർ |
| സ്വാഗതപ്രസംഗം- ആമുഖം, നന്ദി, ഉദ്ദേശ്യം, അനന്തരഫലങ്ങൾ | ശ്രീ. വില്ലെം വാൻ ഡെർ പിജിൽ, സോളിഡാരിഡാഡ്/സീഫുഡ് ട്രേഡ് ഇന്റലിജൻസി പോർട്ടൽ |
| ആമുഖപ്രസംഗം | ഡോ. എ. ജയതിലക് ഐഎഎസ്, ചെയർമാൻ, മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി, കൊച്ചി, ഇന്ത്യ |
| യൂറോപ്യൻ യൂണിയൻ വിപണിയിൽ ഇന്ത്യൻ ചെമ്മീനിനെക്കുറിച്ച് ഉപഭോക്താക്കളുടെ വിലയിരുത്തൽ (വാണിജ്യപരം) | ശ്രീ. ഫ്രാങ്ക് മൊളേനാർ, ക്ലാസ് പൂൾ |
| നിലവിലുള്ള വികസനത്തെക്കുറിച്ച് ഇയു ഡിജി സാന്റെയുടെ വിലയിരുത്തൽ | ശ്രീ. വോജ്സിയക് സിവോസ്കി, ഇയു ഡിജി സാന്റെ പ്രതിനിധി, ഡൽഹി |
| നിലവിലുള്ള വളർച്ചയെക്കുറിച്ച് എക്സ്പോർട്ട് ഇൻസ്പെക്ഷൻ കൗൺസിലിന്റെ വിലയിരുത്തൽ | ഡോ. എസ്. കെ. സക്സേന, ഡയറക്ടർ, എക്സ്പോർട്ട് ഇൻസ്പെക്ഷൻ കൗൺസിൽ ഓഫ് ഇന്ത്യ |
| നിലവിലുള്ള വളർച്ചയെക്കുറിച്ച് യൂറോപ്യൻ യൂണിയൻ ഇറക്കുമതി രംഗത്തുള്ളവരുടെ വിലയിരുത്തൽ | ശ്രീ. ഒലിവിയർ ഹോട്ട്ലെറ്റ്, യൂറോപ്യൻ സീഫുഡ് ഇംപോർട്ടേഴ്സ് ആൻഡ് പ്രോസസേഴ്സ് അല്ലിയൻസ്/ഡച്ച് ഫിഷ് ഫെഡറേഷൻ |
| നിലവിലുള്ള വളർച്ചയെക്കുറിച്ച് ഇന്ത്യൻ കയറ്റുമതി രംഗത്തുള്ളവരുടെ വിലയിരുത്തൽ | ശ്രീ. ഏലിയാസ് സെയ്ട്ട്, സെക്രട്ടറി ജനറൽ, സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ, ചെന്നൈ, ഇന്ത്യ |
| യൂറോപ്യൻ യൂണിയൻ-ഇന്ത്യ സഹകരണം . യൂറോപ്യൻ യൂണിയൻ നിരോധനം തടയുന്നതിന്/ഉയർത്തുന്നതിന് നെതർലാൻഡ്സ് - ഇന്ത്യ സഹകരണം | ശ്രീ. വൂട്ടർ വെർഹെ, അഗ്രിക്കൾച്ചറൽ കൗൺസലർ, എംബസി ഓഫ് ദ കിംഗ്ഡം ഓഫ് ദ നെതർലാൻഡ്സ് |
| ചർച്ച: യൂറോപ്യൻ യൂണിയൻ-ഇന്ത്യ ചെമ്മീൻ വ്യാപാരം പരിപോഷിപ്പിക്കുന്നതിന് എങ്ങനെ പരസ്പരം സഹകരിക്കാം | ശ്രീ. വില്ലെം വാൻ ഡെർ പിജിൽ, ഡയറക്ടർ, സോളിഡാരിഡാഡ് എസ്എസ്ഇഎ |
| സമാപന കുറിപ്പ് | ഡോ. എം. കെ. റാംമോഹൻ, ജോയിന്റ് ഡയറക്ടർ, എംപിഇഡിഎ, ഇന്ത്യ |
| സമാപന പ്രസംഗം | ശ്രീ. വൂട്ടർ വെർഹെ, അഗ്രിക്കൾച്ചറൽ കൗൺസലർ, എംബസി ഓഫ് ദ കിംഗ്ഡം ഓഫ് ദ നെതർലാൻഡ്സ് |








MPEDA


TECHNIC
SESSION
21st
INDIA INTERNATIONAL
SEAFOOD SHOW 2018






INTERNATIONAL
SEAFOOD SHOW 2018
ECOSYSTEM
PARTICIPANTS
Weibo
Social Media
AutoNavi
Enterprise Social Platform
Professional
Service Providers
MARKETPLACES
Mobile Browser
Marketing
淘宝网
Taobao.com
AliExpress
Digital
Entertainment
天猫 TMALL.COM
Alibaba.com
Financing &
Payment
聚划算
Sellers
Buyers
Logistics
Online and mobile commerce platform
TECHNOLOGY
DATA
TEAM
CLOUD COMPUTING
OPERATING SYSTEM
TDI








st




SEAI
SEAI




21st
INDIA INTERNATIONAL
SEAFOOD SHOW 2018
SEAI











ഡോ. എ. ജയതിലക് ഐഎഎസ് ഇന്ത്യ ഇന്റർനാഷണൽ സീഫുഡ് ഷോ 2018-ൽ പ്രസംഗിക്കുന്നു
















21st
INDIA
A JAYATHILAK
MANOHAR PARRIKAR







ഐഐഎസ്എസ് 2018 ഫെയർ കാറ്റലോഗ്
ഗോവ മുഖ്യമന്ത്രി ശ്രീ. മനോഹർ പരീകർ പ്രകാശനം ചെയ്യുന്നു

21st INDIA INTERNATIONAL SEAFOOD SHOW 2018







# ഇന്ത്യ ഇന്റർനാഷണൽ സീഫുഡ് ഷോയിൽ
# സമ്മാനം നേടിയ സ്റ്റാളുകൾ




മികച്ച സ്റ്റാൾ - വിദേശം
(ഏഷ്യ റഫ്രിജറേഷൻ ഇൻഡസ്ട്രി, വിയറ്റ്നാം)




മികച്ച രണ്ടാമത്തെ സ്റ്റാൾ - വിദേശം
(ഗ്ലോറി, വിയറ്റ്നാം)




മികച്ച സ്റ്റാൾ - രജിസ്ട്രേഡ് അംഗം
(ഗദ്ര മറൈൻ പ്രൊഡക്ട്സ്, രത്നഗിരി)




മികച്ച രണ്ടാമത്തെ സ്റ്റാൾ - രജിസ്ട്രേഡ് അംഗം
(കെഎൻസി അഗ്രോ ലിമിറ്റഡ്, പശ്ചിമ ബംഗാൾ)




മികച്ച സ്റ്റാൾ - ഇന്ത്യൻ
(ഇഷിത ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ഗുഡ്ഗാവ്)



മികച്ച രണ്ടാമത്തെ സ്റ്റാൾ - ഇന്ത്യൻ
(പാരി കെമിക്കൽസ്, മുംബൈ)

## വിജയികൾ

1. ഏറ്റവും മികച്ച
സൗകര്യപ്രദമായ ഉത്പന്നം




മസാല മാക്കെറൽ
(ഗദ്ര
മറൈൻ
എക്സ്പോർട്സ്,
രത്നഗിരി)

3. മികച്ച
നൂതന ഉത്പന്നം




ഫിഷ് സീക്ക്
കെബാബ്
(ഗുഡ്ഗാവ്
കേന്ദ്രമായി
പ്രവർത്തിക്കുന്ന
വെസ്റ്റ് കോസ്റ്റ്
ഫ്രോസൻ ഫുഡ്സ്
പ്രൈവറ്റ് ലിമിറ്റഡ്)

2. മികച്ച ചില്ലറ വിൽപ്പനയ്ക്കായുള്ള
പായ്ക്കേജിംഗ്




ഫ്രഷ് തിലാപ്പിയ ഫിഷ് (ഗുഡ്ഗാവ്
കേന്ദ്രമായി പ്രവർത്തിക്കുന്ന
വെസ്റ്റ് കോസ്റ്റ് ഫ്രോസൻ
ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്)



ഐഐഎസ്എസ് 2018-ലെ ഏറ്റവും മികച്ച സ്റ്റാൾ, ഏറ്റവും മികച്ച ഉത്പന്നം എന്നിവയ്ക്കുള്ള അവാർഡ് ജേതാക്കളോടൊപ്പം ഡോ. എ. ജയതിലക് ഐഎഎസ്

| 2015-16-ലെ കയറ്റുമതി അവാർഡ് ജേതാക്കളുടെ പട്ടിക | | |
|---|---|---|
| വിഭാഗം | സ്ഥാനം | പുരസ്കാരം |
| I (എ) ആകെ കയറ്റുമതി - മൂല്യത്തിന്റെ അടിസ്ഥാനത്തിൽ | 1 | ഫാൽക്കൺ മറൈൻ എക്സ്പോർട്സ് ലിമിറ്റഡ്, ഭുവനേശ്വർ |
| | 2 | ദേവി സീ ഫുഡ് ലിമിറ്റഡ്, വിശാഖപട്ടണം |
| 1 (ബി) ആകെ കയറ്റുമതി - അളവിന്റെ അടിസ്ഥാനത്തിൽ | 1 | മുക്ക സീ ഫുഡ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, മംഗളൂരു |
| | 2 | ഫാൽക്കൺ മറൈൻ എക്സ്പോർട്സ് ലിമിറ്റഡ്, ഭുവനേശ്വർ |
| II ഇനം തിരിച്ച് | | |
| (എ) ശീതീകരിച്ച ചെമ്മീൻ | 1 | ഫാൽക്കൺ മറൈൻ എക്സ്പോർട്സ് ലിമിറ്റഡ്, ഭുവനേശ്വർ |
| | 2 | ദേവി സീ ഫുഡ് ലിമിറ്റഡ്, വിശാഖപട്ടണം |
| (ബി) ശീതീകരിച്ച കവചജീവി വർഗങ്ങൾ | 1 | ബ്ലൂവാട്ടർ ഫുഡ്സ് ആൻഡ് എക്സ്പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, മംഗളൂരു |
| | 2 | ഗ്രാൻഡ് മറൈൻ ഫുഡ്സ്, ആലപ്പുഴ |
| (സി) ശീതീകരിച്ച ചിറകുള്ള മത്സ്യങ്ങൾ | 1 | രാമേശ്വർ കോൾഡ് സ്റ്റോറേജ്, വെരാവൽ |
| | 2 | ഇന്ത്യൻ മറൈൻ ഇൻഡസ്ട്രീസ്, കൊച്ചി |
| (ഡി) തണുപ്പിച്ച സമുദ്ര ഉത്പന്നങ്ങൾ | 1 | അക്വ വേൾഡ് എക്സ്പോർട്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ |
| | 2. | ഗ്ലോബൽ ഇംപെക്സ് ട്രേഡിംഗ്, മുംബൈ |
| (ഇ) ഉണക്കിയ സമുദ്രോത്പന്നങ്ങൾ | 1. | മുക്ക സീ ഫുഡ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, മംഗളൂരു |
| | 2. | ഗ്ലോബൽ ഇംപെക്സ് ട്രേഡിംഗ്, മുംബൈ |
| (എഫ്) കവചജീവികൾ ഒഴികെയുള്ള മൊളുസ്ക് ഇനം | 1. | സീബോയ് ഫിഷറീസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം |
| | 2. | കപ്പിത്താൻ എക്സ്പോർട്ടിംഗ് കമ്പനി, കൊല്ലം |
| III. അക്വേറിയം മീനുകൾ ഒഴികെ ജീവനുള്ള കടൽ ഉത്പന്നങ്ങൾ | 1. | കണ്ണൻ മറൈൻ ഫുഡ്സ്, ചെന്നൈ |
| | 2. | സ്കാനറ്റ് ട്രേഡിംഗ് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ |
| IV. അക്വേറിയം മത്സ്യങ്ങൾ | 1. | പെസിന ഇൻഡിക്ക, കൊൽക്കൊത്ത |
| | 2. | ഏഷ്യൻ എക്സ്പോർട്സ്, കൊൽക്കൊത്ത |
| V. പ്രത്യേക സംരംഭങ്ങൾ | | |
| എ. മൂല്യവർദ്ധിത ഉത്പന്നങ്ങൾ | 1. | ആക്സിലറേറ്റഡ് ഫ്രൈയിംഗ് കമ്പനി ലിമിറ്റഡ്, ആലപ്പുഴ |
| | 2. | എച്ച്ഐസി-എബിഎഫ് സ്പെഷൽ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ |
| ബി. വനിതാ സംരംഭകർ | 1. | വസായ് ഫ്രോസൺ ഫുഡ്സ്, താനെ |

| 2016-17-ലെ കയറ്റുമതി അവാർഡ് ജേതാക്കളുടെ പട്ടിക | | |
|---|---|---|
| വിഭാഗം | സ്ഥാനം | പുരസ്കാരം |
| 1. എ. ആകെ കയറ്റുമതി - മൂല്യത്തിന്റെ അടിസ്ഥാനത്തിൽ | 1. | ദേവി ഫിഷറീസ് ലിമിറ്റഡ്, വിശാഖപട്ടണം |
| | 2. | ദേവി സീ ഫുഡ്സ് ലിമിറ്റഡ്, വിശാഖപട്ടണം |
| 1. ബി. ആകെ കയറ്റുമതി - അളവ് അനുസരിച്ച് | 1. | ഗദ്ര മറൈൻ എക്സ്പോർട് പ്രൈവറ്റ് ലിമിറ്റഡ്, രത്നഗിരി |
| | 2. | മുക്ക സീ ഫുഡ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, മംഗളൂരു |
| II. ഇനം തിരിച്ച് | | |
| എ. ശീതീകരിച്ച ചെമ്മീൻ | 1. | ദേവി ഫിഷറീസ് ലിമിറ്റഡ്, വിശാഖപട്ടണം |
| | 2. | ദേവി സീ ഫുഡ്സ് ലിമിറ്റഡ്, വിശാഖപട്ടണം |
| ബി. ശീതീകരിച്ച കവച ജീവികൾ | 1. | പ്രോഫാൻഡ് വയലാറ്റ് മറൈൻ എക്സ്പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി |
| | 2. | സിൽവർ സീ ഫുഡ്, പോർബന്തർ |
| സി. ശീതീകരിച്ച ചിറകുള്ള മത്സ്യങ്ങൾ | 1. | സിൽവർ സീ ഫുഡ്, പോർബന്തർ |
| | 2. | ഇന്ത്യൻ മറൈൻ ഇൻഡസ്ട്രീസ്, കൊച്ചി |
| ഡി. തണുപ്പിച്ച കടൽവിഭവങ്ങൾ | 1. | അക്വവേൾഡ് എക്സ്പോർട്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ |
| | 2. | ഗോൾഡ് മറൈൻ എക്സ്പോർട്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ |
| ഇ. ഉണങ്ങിയ കടൽവിഭവങ്ങൾ | 1. | മുക്ക സീ ഫുഡ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, മംഗളൂരു |
| | 2. | രാജ് ഫിഷ് മീൽ ആൻഡ് ഓയിൽ കമ്പനി, ഉഡുപ്പി |
| എഫ്. കവചജീവികൾ ഒഴികെയുള്ള മൊളുസ്ക് ഇനം | 1. | സീബോയ് ഫിഷറീസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം |
| | 2. | ജാക്ക്വിൻ സീഫുഡ്സ്, കൂഡല്ലൂർ |
| III. അക്വേറിയം മീനുകൾ ഒഴികെയുള്ള ജീവനുള്ള കടൽ വിഭവങ്ങൾ | 1. | കണ്ണൻ മറൈൻ ഫുഡ്സ്, ചെന്നൈ |
| | 2. | സ്കാനറ്റ് ട്രേഡിംഗ് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ |
| IV. അക്വേറിയം മത്സ്യങ്ങൾ | 1. | മലബാർ ട്രോപ്പിക്കൽസ്, കൊൽക്കൊത്ത |
| | 2. | അക്വാട്ടിക് വേൾഡ്, മുംബൈ |
| V. പ്രത്യേക സംരംഭങ്ങൾ | | |
| എ. മൂല്യവർദ്ധിത ഉത്പന്നങ്ങൾ | 1. | ഗദ്ര മറൈൻ എക്സ്പോർട് പ്രൈവറ്റ് ലിമിറ്റഡ്, രത്നഗിരി |
| | 2. | ആക്സിലറേറ്റഡ് ഫ്രീസ് ഡ്രൈയിംഗ് കമ്പനി ലിമിറ്റഡ്, ആലപ്പുഴ |
| ബി. വനിതാ സംരംഭകർ | 1. | വാസായ് ഫ്രോസൺ ഫുഡ്സ്, താനെ |

## ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളിൽ

# നവംബർ 2017 – ൽ ലഭ്യമായ കടൽവിഭവങ്ങൾ

വിനോദ് എസ്. രവീന്ദ്രൻ, വി. വി. അഫ്സൽ, ജോയ്സ് വി. തോമസ്
നെറ്റ്ഫിഷ് – എംപിഇഡിഎ

എംപിഇഡിഎയുടെ ക്യാച്ച് സർട്ടിഫിക്കേഷൻ പദ്ധതിയുടെ ഭാഗമായി ഇന്ത്യയിലെ കിഴക്ക്, പടിഞ്ഞാറ് തീരങ്ങളിലെ പ്രധാന തുറമുഖങ്ങളിൽ എത്തിയ മത്സ്യബന്ധന ബോട്ടുകളുടെ എണ്ണവും ലഭ്യമായ സമുദ്രോത്പന്നങ്ങളുടെ അളവും നെറ്റ്ഫിഷ് രേഖപ്പെടുത്തുന്നുണ്ട്.

ഒൻപത് സമുദ്രതീര സംസ്ഥാനങ്ങളിലെ പ്രധാനപ്പെട്ട 47 ലാൻഡിംഗ് കേന്ദ്രങ്ങളിൽ (പട്ടിക – 1) അടുക്കുന്ന ബോട്ടുകളുടെ എണ്ണം, ലഭ്യമാകുന്ന സമുദ്രോത്പന്നങ്ങൾ എന്നിവയാണ് ഹാർബർ ഡേറ്റ കളക്ടർമാർ ശേഖരിക്കുന്നത്. ഓരോ തുറമുഖത്തിലും എത്തിയ വ്യത്യസ്തയിനം മത്സ്യങ്ങളുടെ അളവ് തിട്ടപ്പെടുത്തി സംസ്ഥാനതലത്തിലും പ്രാദേശിക തലത്തിലും തുറമുഖങ്ങളുടെ അടിസ്ഥാനത്തിലും വിലയിരുത്തുന്നു.

പ്രമുഖ തുറമുഖങ്ങളിൽ 2017 നവംബറിൽ എത്തിയ സമുദ്രോത്പന്നങ്ങളുടെ വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**പട്ടിക - 1**
**വിവരശേഖരണത്തിനായി തെരഞ്ഞെടുത്ത തുറമുഖങ്ങളും ലാൻഡിംഗ് കേന്ദ്രങ്ങളും**

| നമ്പർ | സംസ്ഥാനം | ഫിഷിംഗ് ഹാർബർ |
|---|---|---|
| 1 | കേരളം | ബേപ്പൂർ |
| 2 | | പുതിയാപ്പ |
| 3 | | തോപ്പുംപടി |
| 4 | | മുനമ്പം |
| 5 | | ശക്തികുളങ്ങര |
| 6 | | തോട്ടപ്പള്ളി |
| 7 | | കായംകുളം |
| 8 | | വിഴിഞ്ഞം |
| 9 | കർണ്ണാടക | മാംഗളൂർ |
| 10 | | മാല്പേ |
| 11 | | ഗംഗോളി |
| 12 | | താദ്രി |
| 13 | | കാർവാർ |
| 14 | | ഹോന്നവാർ |
| 15 | മഹാരാഷ്ട്ര | ഹാർനെ |
| 16 | | ന്യൂ ഫെറി വാർഫ് |
| 17 | | രത്നഗിരി (മിർക്കർവാഡാ) |
| 18 | | സാസ്സൺ ഡോക്ക് |
| 19 | ഗുജറാത്ത് | വെരാവൽ |
| 20 | | പോർബന്തർ |
| 21 | | മാൻഗ്രോൾ |
| 22 | പശ്ചിമബംഗാൾ | ദിഗ്ഹ (സങ്കർപുർ) |
| 23 | | ദേശപ്രാൺ |
| 24 | പശ്ചിമബംഗാൾ | നംഖാന |
| 25 | | സുൽത്താൻപുർ |
| 26 | | കൽക്ക്ദ്വിപ് |
| 27 | | റെയ്ഡിഗി |
| 28 | ഒഡീഷ | പാരാദീപ് |
| 29 | | ബാലാരാംഗഡി |
| 30 | | ബഹബാലാപുർ |
| 31 | | ധമാരാ |
| 32 | ആന്ധ്രാപ്രദേശ് | കാക്കിനട |
| 33 | | മച്ച്ലിപട്ടണം |
| 34 | | നിസാമപട്ടണം |
| 35 | | വിശാഖപട്ടണം |
| 36 | തമിഴ്നാട് | ചെന്നൈ |
| 37 | | പഴൈയിയാർ |
| 38 | | നാഗപട്ടണം |
| 39 | | തൂത്തുക്കുടി |
| 40 | | കടലൂർ |
| 41 | | മണ്ഡപം |
| 42 | | ചിന്നമുട്ടം |
| 43 | | കുളച്ചൽ |
| 44 | | പോണ്ടിച്ചേരി |
| 45 | | കാരൈക്കൽ |
| 46 | ഗോവ | കട്ട്ബോണ |
| 47 | | മാലിം |

# മത്സ്യവരവിനെ അടിസ്ഥാനമാക്കിയുള്ള കണക്കെടുപ്പ്

2017 നവംബറിൽ ആകെ 47 ലാൻഡിംഗ് കേന്ദ്രങ്ങളിൽ നിന്നായി 1,04,988.48 ടൺ കടൽവിഭവങ്ങളാണ് ലഭിച്ചത്. ചിറകുള്ള കടൽ മത്സ്യങ്ങൾ 54,485.10 ടണ്ണും (52 ശതമാനം) ആഴക്കടൽ മത്സ്യങ്ങൾ 25,499.46 ടണ്ണും (24 ശതമാനം) കവചജീവികൾ 25,003.91 ടണ്ണും (24 ശതമാനം) ആയിരുന്നു. (ചിത്രം - 1).

ആകെ 112 ഇനം മത്സ്യങ്ങൾ ലഭിച്ചതിൽ ഏറ്റവും കൂടുതലായി ലഭിച്ചത് മത്തി, അയല, പാമ്പാട, കണവ, കൂന്തൽ എന്നിവയായിരുന്നു. ഈ അഞ്ചിനങ്ങൾ ചേരുമ്പോൾ ആകെ ലഭിച്ചവയുടെ 48 ശതമാനം (ചിത്രം - 2) വരും. ആകെ മത്സ്യവരവിൽ 15 ശതമാനം, അതായത് 15,299.86 ടൺ മത്തിയായിരുന്നു. അളവിൽ ഏറ്റവും കൂടുതലായി ലഭിച്ച അഞ്ചിനങ്ങൾ കഴിഞ്ഞാൽ മറ്റ് പ്രധാന മത്സ്യയിനങ്ങൾ കിളിമീൻ, കോര എന്നിവയായിരുന്നു. 4347.56 ടൺ, 4242.25 ടൺ ആണ് യഥാക്രമം ഇവയുടെ അളവ്. ഏറ്റവും കുറച്ചുമാത്രം ലഭിച്ചത് നച്ചിറ (സ്പോട്ടഡ് ബട്ടർഫിഷ്) ആയിരുന്നു (0.27 ടൺ).

2017 നവംബറിലെ ഇനം തിരിച്ചുള്ള കണക്ക് പട്ടിക - 2-ൽ കാണിച്ചിരിക്കുന്നു. ചിറകുള്ള കടൽമത്സ്യങ്ങളിൽ മത്തിയാണ് ഏറ്റവും കൂടുതലായി ലഭിച്ചത്. തൊട്ടുപിന്നിലായി അയലയും വാളയുമുണ്ട്. ആഴക്കടൽ മത്സ്യങ്ങളിൽ ഏറ്റവും അധികമായി ലഭിച്ചത് ഉണ്ണിമേരി, കോര, കിളിമീൻ എന്നിവയാണ്. മൊളുസ്ക് ഇനങ്ങളിൽ കൂന്തൽ, കണവ, നീരാളി എന്നിവ ആകെ അളവിന്റെ 64 ശതമാനമായിരുന്നെങ്കിൽ കവചജീവികളുടെ അളവ് 36 ശതമാനമായിരുന്നു. കവചജീവികളിൽ കരിക്കാടി ചെമ്മീനായിരുന്നു ഏറ്റവും ഉയർന്ന അളവിൽ ലഭിച്ചത് (2,505.04 ടൺ).




ചിത്രം -1 : 2017 നവംബറിലെ ഇനം തിരിച്ചുള്ള മത്സ്യവരവ്




ചിത്രം - 2 : 2017 നവംബറിൽ ലഭിച്ച മത്സ്യങ്ങളിലെ പ്രധാന ഇനങ്ങൾ

**പട്ടിക - 2**
**2017 നവംബറിൽ വിവിധ ലാൻഡിംഗ് കേന്ദ്രങ്ങളിൽ ലഭിച്ച വിവിധയിനം കടൽമത്സ്യങ്ങൾ**

| മത്സ്യഇനം | അളവ് (ടൺ) | ആകെ വരവ് (ശതമാനം) |
|---|---|---|
| ചിറകുള്ള കടൽമത്സ്യങ്ങൾ | | |
| മത്തി | 15299.86 | 14.57 |
| അയല | 12191.80 | 11.61 |
| പാമ്പാട | 7938.60 | 7.56 |
| ചൂര | 3559.39 | 3.39 |
| നത്തോലി | 2423.10 | 2.31 |
| ലെസർ സാർഡീൻ | 2325.99 | 2.22 |
| നെയ്മീൻ | 2052.48 | 1.95 |
| ബുമ്മിലി | 2009.39 | 1.91 |
| തിരിയാൻ | 2005.71 | 1.91 |
| മഹി മഹി | 1026.55 | 0.98 |
| വറ്റ | 737.83 | 0.70 |
| വങ്കട | 638.28 | 0.61 |

# ഫോക്കസ് ഏരിയ

| | | |
|---|---|---|
| ലെതർ ജാക്കറ്റ് | 482.95 | 0.46 |
| ശീലാവ് | 436.71 | 0.42 |
| ഹെറിംഗ്സ് | 381.86 | 0.36 |
| ഹിൽസ | 242.84 | 0.23 |
| ക്യൂൻഫിഷ് | 115.34 | 0.11 |
| ഓറിയന്റൽ ബോണിറ്റോ | 98.60 | 0.09 |
| സെയ്ൽ ഫിഷ് | 84.74 | 0.08 |
| മാർലിൻസ് | 84.42 | 0.08 |
| കണമ്പ് | 71.97 | 0.07 |
| ഇന്ത്യൻ ഇലിഷ | 56.11 | 0.05 |
| കോലൻ | 54.70 | 0.05 |
| ഫ്ളാറ്റ് നീഡിൽ ഫിഷ് | 38.99 | 0.04 |
| മോത | 30.71 | 0.03 |
| സീബാസ് | 27.77 | 0.03 |
| നീഡിൽ ഫിഷ് | 21.90 | 0.02 |
| റെയിൻബോ റണ്ണർ | 17.86 | 0.02 |
| വാഴ്മീൻ | 14.44 | 0.01 |
| സിൽവർ സില്ലാഗോ | 10.84 | 0.01 |
| പൂമീൻ | 1.90 | 0.00 |
| ഇന്ത്യൻ ത്രെഡ് ഫിഷ് | 1.50 | 0.00 |
| ആകെ | 54485.10 | 51.90 |
| ആഴക്കടലിലെ ചിറകുള്ള മത്സ്യങ്ങൾ | | |
| ഉണ്ണിമേരി | 4991.75 | 4.75 |
| കോര | 4447.01 | 4.24 |
| കിളിമീൻ | 4347.56 | 4.14 |
| കലവ | 3022.96 | 2.88 |
| ലിസാർഡ് ഫിഷ് | 2156.21 | 2.05 |

| | | |
|---|---|---|
| ഏട്ട | 1609.51 | 1.53 |
| ചെമ്പല്ലി | 1527.45 | 1.45 |
| നങ്ക് | 1440.87 | 1.37 |
| ആവോലി | 102.87 | 0.96 |
| പാമ്പുമീൻ | 231.67 | 0.22 |
| കീരിമീൻ | 222.25 | 0.21 |
| മുള്ളൻ | 129.24 | 0.12 |
| തെരണ്ടി | 128.68 | 0.12 |
| കുറിച്ചി | 76.64 | 0.07 |
| ടൈഗർ പെർച്ച് | 39.68 | 0.04 |
| നന്ദൻ | 35.23 | 0.03 |
| ഘോൽ | 31.10 | 0.03 |
| സീ ബ്രീംസ് | 23.45 | 0.02 |
| വിപ് ഫിൻ സിൽവർ ബിഡ്ഡി | 7.65 | 0.01 |
| ആയിരംപല്ലി | 6.37 | 0.01 |
| പാരറ്റ് ഫിഷ് | 5.60 | 0.01 |
| ബ്ലാക്ക് ടിപ് ഷാർക്ക് | 4.24 | 0.00 |
| സ്പൈൻ ഫൂട്ട് | 1.20 | 0.00 |
| നച്ചറ | 0.27 | 0.00 |
| ആകെ ആഴക്കടൽ മത്സ്യ വരവ് | 25499.46 | 24.29 |
| കവചജീവികൾ കക്കവർഗത്തിൽപ്പെട്ടവ | | |
| പീനിഡ് ഷ്രിംപ് | 8280.97 | 7.89 |
| കടൽഞണ്ടുകൾ | 643.51 | 0.61 |
| ഞണ്ട് | 108.13 | 0.10 |
| കൊഞ്ച് | 16.17 | 0.02 |
| നോൺ പീനിഡ് ഷ്രിംപ് | 1.20 | 0.00 |

| | | |
|---|---|---|
| കക്കവർഗത്തിൽപ്പെട്ടവയുടെ ആകെ വരവ് | 9049.98 | 8.62 |
| മൊളുസ്ക് | | |
| കണവ | 7878.87 | 7.50 |
| കൂന്തൽ | 6580.24 | 6.27 |
| നീരാളി | 1494.83 | 1.42 |
| ആകെ മൊളുസ്കുകളുടെ വരവ് | 15953.93 | 15.20 |
| ആകെ കവചജീവികളുടെ വരവ് | 25,003.91 | 23.82 |
| ആകെ ലഭിച്ച സമുദ്രവിഭവങ്ങൾ | 1,04,988.48 | 100.00 |

# പ്രദേശിക അടിസ്ഥാനത്തിലുള്ള മത്സ്യവരവ്

പ്രാദേശികാടിസ്ഥാനത്തിൽ മത്സ്യവരവ് കണക്കാക്കിയപ്പോൾ തെക്കുപടിഞ്ഞാറ് തീരത്ത് (കേരളം, കർണാടകം, ഗോവഎന്നിവിടങ്ങളിലെ15തെരഞ്ഞെടുക്കപ്പെട്ട തുറമുഖങ്ങൾ ഉൾപ്പെട്ടത്) ലഭിച്ചത് 46,704.60 ടൺ (45 ശതമാനം) ആയിരുന്നു. വടക്ക് കിഴക്ക് മേഖലയിൽ (മഹാരാഷ്ട്ര, ഗുജറാത്ത് തീരങ്ങളിലെ ഏഴ് തെരഞ്ഞെടുക്കപ്പെട്ട ലാൻഡിംഗ് കേന്ദ്രങ്ങൾ ഉൾക്കൊള്ളുന്നത്) രേഖപ്പെടുത്തിയ അളവ് 41,895.81 ടൺ (40 ശതമാനം) ആയിരുന്നു. (ചിത്രം – 3).

തമിഴ്നാട്, ആന്ധ്രാപ്രദേശ്, എന്നിവിടങ്ങളിലെ 14 തുറമുഖങ്ങൾ ഉൾക്കൊള്ളുന്ന തെക്കുകിഴക്ക് മേഖലയിൽനിന്ന് ആകെ 4,925.55 ടണ്ണും (ആകെ വരവിന്റെ 5 ശതമാനം) ഒഡീഷ, പശ്ചിമ ബംഗാൾ എന്നിവ ഉൾപ്പെടുന്ന വടക്കുകിഴക്ക് മേഖലയിൽനിന്ന് 10,946.92 ടണ്ണും (10 ശതമാനം) സമുദ്രവിഭവങ്ങൾ ലഭിച്ചു.

വടക്ക് പടിഞ്ഞാറ്, തെക്ക് പടിഞ്ഞാറ് പടിഞ്ഞാറ്, വടക്കുകിഴക്ക് മേഖലകളിൽ ചിറകുള്ള കടൽ മത്സ്യങ്ങളുടെ അളവ് മറ്റ് രണ്ട് വിഭാഗങ്ങളേക്കാൾ കൂടുതലായിരുന്നു. എന്നാൽ, തെക്കുകിഴക്കൻ മേഖലയിൽ കവചജീവികളുടെ അളവായിരുന്നു കൂടുതൽ (ചിത്രം – 4). ആഴക്കടൽമത്സ്യങ്ങളുടെലഭ്യതവടക്ക് പടിഞ്ഞാറൻ മേഖല ഒഴികെയുള്ള കേന്ദ്രങ്ങളിൽ കുറവായിരുന്നു.

ഓരോ പ്രദേശത്തേയും അഞ്ച് പ്രധാന മത്സ്യ ഇനങ്ങളുടെ ലഭ്യതയുടെ വിവരങ്ങൾ പട്ടിക – 3 -ൽ നല്കിയിട്ടുണ്ട്.




ചിത്രം – 3 2017 നവംബറിൽ പ്രാദേശികാടിസ്ഥാനത്തിലെ മത്സ്യവരവ്




ചിത്രം 4 -ഓരോ പ്രദേശത്തുനിന്നുമുള്ള ആകെ വരവിന്റെ ഇനം തിരിച്ചുള്ള കണക്ക് ടണ്ണിൽ

പട്ടിക 3
2017 നവംബറിൽ വിവിധ പ്രദേശങ്ങളിൽനിന്ന് ലഭിച്ച പ്രധാന മത്സ്യ ഇനങ്ങൾ

| ഇനം | അളവ് (ടൺ) | ഓരോ പ്രദേശത്തുമുള്ള ആകെ വരവ് (ശതമാനം) |
|---|---|---|
| തെക്കുപടിഞ്ഞാറ് | | |
| മത്തി | 14501.30 | 31.05 |
| അയല | 4250.00 | 9.10 |
| കൂന്തൽ | 3143.53 | 6.73 |
| കണവ | 2852.48 | 6.11 |
| പാമ്പാട | 2313.53 | 4.95 |
| വടക്കുപടിഞ്ഞാറ് | | |
| വങ്കട | 6538.96 | 15.42 |
| പാമ്പാട | 4512.71 | 10.64 |
| കണവ | 4150.42 | 9.79 |
| കിളിമീൻ | 3728.90 | 8.79 |
| കൂന്തൽ | 2919.44 | 6.88 |
| തെക്കുകിഴക്ക് | | |
| കണവ | 453.50 | 9.21 |
| പാമ്പാട | 429.20 | 8.71 |
| ചൂര | 401.89 | 8.16 |
| വെള്ളാരൻ ചെമ്മീൻ | 303.30 | 6.16 |
| ചൂടൻ ചെമ്മീൻ | 284.36 | 5.77 |
| വടക്കുകിഴക്ക് | | |
| കോര | 1431.43 | 13.8 |
| കരിക്കാടി ചെമ്മീൻ | 910.82 | 8.32 |
| ബുമ്മിലി | 900.26 | 8.22 |
| പാമ്പാട | 683.16 | 6.24 |
| അയല | 682.18 | 6.23 |

# സംസ്ഥാനതലത്തിലുള്ള കടൽവിഭവങ്ങളുടെ ലഭ്യത

ഇന്ത്യയിലെ ഒൻപത് കടൽത്തീര സംസ്ഥാനങ്ങളിൽ ഏറ്റവുമധികം വരവ് ലഭിച്ചത് ഗുജറാത്തിലാണ്, 27,116.53 ടൺ. ആകെ വരവിന്റെ 26 ശതമാനം വരുമിത് (ചിത്രം-5). തൊട്ടുപിന്നിലായി കർണാടകയുടെ വരവ് 24,826.29 ടൺ ആയിരുന്നു, ആകെ വരവിന്റെ 24 ശതമാനം.

മൂന്നാം സ്ഥാനത്തുള്ള കേരളം 19,994.85 ടൺ (19 ശതമാനം) വരവ് രേഖപ്പെടുത്തി. പടിഞ്ഞാറൻ തീരത്തെ സംസ്ഥാനങ്ങൾ ഒന്നുചേർന്നുള്ള വരവ് 85 ശതമാനമായിരുന്നു. കിഴക്കൻ തീരത്തെ ഏറ്റവും വലിയ വരവ് പശ്ചിമബംഗാളിൽ നിന്നാണ് 8,119.51 ടൺ (8 ശതമാനം). ഏറ്റവും കുറച്ച് മാത്രം കടൽവരവ് ലഭിച്ചത് ഗോവയ്ക്കാണ്, 1,883.47 ടൺ.

നവംബറിൽ ഏറ്റവുമധികം ലഭിച്ച പ്രധാനപ്പെട്ട അഞ്ച് മത്സ്യ ഇനങ്ങൾ പട്ടിക-4 ൽ കൊടുത്തിരിക്കുന്നു.




ചിത്രം - 5 -2017 നവംബറിൽ വിവിധ സംസ്ഥാനങ്ങളിലെ വിവിധ മത്സ്യകേന്ദ്രങ്ങളിൽ ലഭിച്ച കടൽവിഭവങ്ങളുടെ അളവ് ടണ്ണിൽ

പട്ടിക - 4
നവംബർ 2017-ൽ വിവിധ സംസ്ഥാനങ്ങളിൽനിന്നും ലഭിച്ച പ്രധാന ഇനങ്ങൾ

| ഇനം | അളവ് (ടൺ) | സംസ്ഥാനങ്ങളിലെ ആകെ വരവ് (ശതമാനം) |
|---|---|---|
| കേരളം | | |
| മത്തി | 3194.57 | 15.98 |
| കൂന്തൽ | 1946.40 | 9.73 |
| കണവ | 1869.70 | 9.35 |
| പാമ്പാട | 1405.65 | 7.03 |
| ചെമ്പല്ലി | 1276.44 | 6.38 |
| കർണ്ണാടക | | |
| മത്തി | 10815.08 | 43.56 |
| അയല | 2681.13 | 10.80 |
| ഡീപ്ബോഡീഡ് സാർഡിനെല്ല | 1670.00 | 6.73 |
| കൂന്തൽ | 1187.68 | 4.78 |
| ഉണ്ണിമേരി | 1040.26 | 4.19 |
| ഗോവ | | |
| അയല | 579.60 | 30.77 |
| മത്തി | 491.65 | 26.10 |
| ചൂര | 290.15 | 15.41 |
| വങ്കട | 151.15 | 8.03 |
| തിരിയാൻ | 110.10 | 5.85 |
| മഹാരാഷ്ട്ര | | |
| അയല | 6469.39 | 42.30 |
| കോര | 1433.62 | 9.37 |
| കിളിമീൻ | 1076.90 | 7.04 |
| ബോംബെ ഡക്ക് | 928.93 | 6.07 |
| കലവ | 659.66 | 4.31 |
| ഗുജറാത്ത് | | |
| പാമ്പാട | 4008.00 | 14.78 |
| കണവ | 3923.00 | 14.47 |
| കൂന്തൽ | 2749.00 | 10.14 |
| കിളിമീൻ | 2652.00 | 9.78 |
| ഉണ്ണിമേരി | 2090.90 | 7.71 |
| തമിഴ്നാട് | | |
| കണവ | 424.27 | 16.02 |
| കൂന്തൽ | 230.17 | 8.69 |
| ചൂര | 187.50 | 7.08 |
| തിരിയാൻ | 132.21 | 4.99 |
| മത്തി | 118.43 | 4.47 |
| ആന്ധ്രാപ്രദേശ് | | |
| പാമ്പാട | 347.45 | 15.25 |
| വെള്ളാരൻ ചെമ്മീൻ | 255.11 | 11.20 |
| ചൂടൻ ചെമ്മീൻ | 244.06 | 10.71 |
| ചൂര | 214.39 | 9.41 |
| കാരചെമ്മീൻ | 156.96 | 6.89 |
| ഒഡീഷ | | |
| കോര | 655.35 | 23.18 |
| പാമ്പാട | 292.56 | 10.35 |
| കരിക്കാടി ചെമ്മീൻ | 279.25 | 9.88 |
| ഇന്ത്യൻ അയല | 176.17 | 6.23 |
| ഏട്ട | 141.58 | 5.01 |
| പശ്ചിമബംഗാൾ | | |
| ബോംബെ ഡക്ക് | 836.84 | 10.31 |
| കോര | 776.08 | 9.56 |
| കരിക്കാടി ചെമ്മീൻ | 631.57 | 7.78 |
| ആഴക്കടൽ ചെമ്മീൻ | 531.13 | 6.32 |
| അയല | 506.02 | 6.23 |




ചിത്രം - 6 - 2017 നവംബറിൽ പടിഞ്ഞാറൻ തീരങ്ങളിലെ തുറമുഖങ്ങളിൽനിന്നു ലഭിച്ച ആകെ വരവ് (ടൺ)




ചിത്രം - 7 - 2017 നവംബറിൽ കിഴക്കൻ തീരങ്ങളിലെ തുറമുഖങ്ങളിൽനിന്നു ലഭിച്ച ആകെ വരവ് (ടൺ)

# തുറമുഖങ്ങളെ അടിസ്ഥാനമാക്കിയുള്ള കണക്ക്

പടിഞ്ഞാറും കിഴക്കും തീരത്ത് തെരഞ്ഞെടുക്കപ്പെട്ട തുറമുഖങ്ങളിൽ നവംബറിലെ ആകെ വരവ് ചിത്രം - 6, 7 എന്നിവിടങ്ങളിലായി നല്കിയിരിക്കുന്നു. 47 തുറമുഖങ്ങളിലെ കണക്കെടുപ്പിൽ ഗുജറാത്തിലെ വെരാവൽ തുറമുഖമാണ് പരമാവധി വരവ് രേഖപ്പെടുത്തിയത്. ആകെ 13,181.50 ടൺ (13 ശതമാനം). തൊട്ടുപിന്നാലെ കേരളത്തിലെ ബേപ്പൂർ തുറമുഖത്ത് 10,782.14 ടൺ (10 ശതമാനം). ഗുജറാത്തിലെ പോർബന്തറിലും മഹാരാഷ്ട്രയിലെ സാസൺ ഡോക്ക് തുറമുഖത്തും ഏതാണ്ട് ഒരേ അളവ് - 8,233 ടൺ മത്സ്യം ലഭിച്ചു (8 ശതമാനം).

കിഴക്കൻ തീരത്തെ തുറമുഖങ്ങളിൽ വെസ്റ്റ് ബംഗാളിലെ ശങ്കർപുരിൽ 2,994.55 ടൺ (3 ശതമാനം) കടൽവിഭവങ്ങൾ ലഭിച്ചു. പടിഞ്ഞാറൻ തീരത്തെ തെരഞ്ഞെടുക്കപ്പെട്ട 23 തുറമുഖങ്ങളിൽ പതിനാറിലും കിഴക്കൻ തീരത്തെ നാലെണ്ണത്തിലും മാത്രമാണ് ആയിരം ടണ്ണിലധികം മത്സ്യം ലഭിച്ചത്. തമിഴ്നാട്ടിലെ ചിന്നമുട്ടം തുറമുഖത്താണ് ഏറ്റവും കുറവ് (46.58 ടൺ) മത്സ്യവിഭവങ്ങൾ ലഭിച്ചത്.

# ബോട്ട് വരവിനെ അടിസ്ഥാനമാക്കിയുള്ള കണക്ക്

2017 നവംബറിൽ ആകെ 36,858 ബോട്ടുകളാണ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടത്. ഏറ്റവും കൂടുതൽ ബോട്ടുകൾ എത്തിയത്

പട്ടിക 5- 2017 നവംബറിൽ 1000 ബോട്ടുകളിലധികം അടുത്ത മത്സ്യബന്ധന തുറമുഖങ്ങൾ

| നമ്പർ | ഹാർബർ | സംസ്ഥാനം | തുറമുഖങ്ങളിലടുത്ത ബോട്ടുകളുടെ എണ്ണം |
|---|---|---|---|
| 1 | വെരാവൽ | ഗുജറാത്ത് | 4745 |
| 2 | പോർബന്തർ | ഗുജറാത്ത് | 3297 |
| 3 | മാൻഗ്രോൾ | ഗുജറാത്ത് | 2543 |
| 4 | മാൽപെ | കർണ്ണാടക | 2102 |
| 5 | സാസൺഡോക്ക് | മഹാരാഷ്ട്ര | 1795 |
| 6 | മാംഗളൂർ | കർണ്ണാടക | 1645 |
| 7 | ന്യൂഫെറി വാർഫ് | മഹാരാഷ്ട്ര | 1312 |
| 8 | ഹാർനെ | മഹാരാഷ്ട്ര | 1238 |
| 9 | ദിഗ്ഹ (ശങ്കർപുർ) | പശ്ചിമബംഗാൾ | 1151 |
| 10 | ദേശ്പ്രാൺ | പശ്ചിമ ബംഗാൾ | 1139 |
| 11 | ശക്തികുളങ്ങര | കേരളം | 1007 |

വെരാവൽ തുറമുഖത്തായിരുന്നു, 4,745 ബോട്ടുകൾ. 3,297 ബോട്ടുകളുമായി പോർബന്തർ രണ്ടാം സ്ഥാനത്തെത്തി. 47 തുറമുഖങ്ങളിൽ പതിനൊന്ന് തുറമുഖങ്ങളിൽ മാത്രമാണ് 1000 ബോട്ടുകളിലധികം അടുത്തത്. കൂടുതൽ വിവരങ്ങൾ പട്ടിക - 5 ൽ കൊടുത്തിരിക്കുന്നു.

ട്രോളറുകളാണ് 82 ശതമാനം മത്സ്യബന്ധനബോട്ടുകളെങ്കിൽ

ബാക്കിയുള്ളവ പഴ്സ് സീനേഴ്സ്, റിംഗ് സീനേഴ്സ്, ഗിൽനെറ്റേഴ്സ്, പരമ്പരാഗത വള്ളങ്ങൾ എന്നിവയാണ്.

## താരതമ്യപഠനം

2017 ഒക്ടോബർ - നവംബർ മാസങ്ങളുടെ താരതമ്യമാണ് പട്ടിക -6 -ൽ കൊടുത്തിരിക്കുന്നത്. നവംബറിലെ ആകെ മത്സ്യവരവ് ഒക്ടോബറുമായി താരതമ്യം ചെയ്യുമ്പോൾ 2000 ടൺ കൂടുതലായിരുന്നു. മുൻമാസങ്ങളിലേതുപോലെ ശതമാനക്കണക്കിൽ ചിറകുള്ള കടൽ മത്സ്യങ്ങളായിരുന്നു ഏറ്റവും കൂടുതലായി ലഭിച്ചത്. ആഴക്കടൽ മത്സ്യങ്ങളുടെ വരവ് മൂന്ന് ശതമാനം വർദ്ധിച്ചപ്പോൾ കവചജീവികളുടെ എണ്ണം കുറഞ്ഞു.

അയലയെ പുറംതള്ളിക്കൊണ്ട് ഇന്ത്യൻ നെയ്മത്തി ഒന്നാം സ്ഥാനം നിലനിർത്തി. ഗുജറാത്തിൽനിന്നാണ് ഏറ്റവും കൂടുതൽ മത്സ്യവിഭവങ്ങൾ ലഭിച്ചത്. മാത്രമല്ല ഗുജറാത്തിലെതന്നെ വെരാവൽ തുറമുഖത്താണ് ഏറ്റവുമധികം ബോട്ടുകൾ അടുത്തത്. ആകെ ബോട്ടുകളുടെ എണ്ണത്തിൽ 2017 ഒക്ടോബറുമായി താരമത്യം ചെയ്യുമ്പോൾ 2017 നവംബറിൽ രണ്ടായിരത്തിൽ അധികം ബോട്ടുകളുടെ വർദ്ധനയുണ്ടായി.

**പട്ടിക 6**
**2017 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ വിവരങ്ങളുടെ താരതമ്യ പഠനം**

| | സെപ്റ്റംബർ 2017 | ഒക്ടോബർ 2017 | നവംബർ 2017 |
|---|---|---|---|
| ആകെ വരവ് | 1,02,013.55 ടൺ | 1,02,848.44 ടൺ | 1,04,988.48 ടൺ |
| ചിറകുള്ള കടൽ മത്സ്യങ്ങൾ | 46,448.00 ടൺ (46%) | 53,123.87 ടൺ (52%) | 54,485.10 ടൺ (48%) |
| ആഴക്കടൽ മത്സ്യങ്ങൾ | 21,374.27 ടൺ (21%) | 22,231.88 ടൺ (21%) | 25,499.46 ടൺ (24%) |
| പുറംതോടുള്ള കടൽജീവികൾ | 34,191.28 ടൺ (33%) | 27,492.69 ടൺ (27%) | 25,003.91 ടൺ (24%) |
| ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യ ഇനങ്ങൾ | കൂന്തൽ (14%) | അയല (13%) | മത്തി (15%) |
| ഏറ്റവുംകൂടുതൽ ബോട്ടുകൾ അടുത്ത സംസ്ഥാനം | കർണാടക (25%) | ഗുജറാത്ത് (25%) | ഗുജറാത്ത് (26%) |
| ഏറ്റവുംകൂടുതൽ ബോട്ടുകൾ അടുത്ത തുറമുഖം | വെരാവൽ (14%) | വെരാവൽ (11%) | വെരാവൽ (13%) |
| ആകെ ബോട്ടുകളുടെ എണ്ണം | 32657 | 34623 | 36858 |

## സംഗ്രഹം

ഇന്ത്യയിലെ പ്രധാനപ്പെട്ട 47 മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നായി ആകെ 104988.48 ടൺ കടൽ വിഭവങ്ങളാണ് 2017 നവംബറിൽ ലഭിച്ചത്.

പുറംതോടുള്ള കടൽജീവികൾ, ആഴക്കടൽ മത്സ്യങ്ങൾ എന്നിവയേക്കാൾ ചിറകുള്ള കടൽ മത്സ്യങ്ങളായിരുന്നു അളവിൽ കൂടുതൽ. തുറമുഖങ്ങളിലെത്തിയ ആകെ അളവ് പരിഗണിക്കുമ്പോൾ ഇന്ത്യൻനെയ്മത്തിയായിരുന്നു പ്രധാന ഇനം. പടിഞ്ഞാറൻ തീരത്തെ സംസ്ഥാനങ്ങളിലായി ആകെ വരവിന്റെ 85 ശതമാനം ലഭിച്ചപ്പോൾ തെക്കുപടിഞ്ഞാറൻ തീരത്തുനിന്ന് 45 ശതമാനം മത്സ്യങ്ങൾ ലഭിച്ചു. ഒൻപത് കടൽത്തീര സംസ്ഥാനങ്ങളിൽ ഗുജറാത്തായിരുന്നു ഏറ്റവും മുന്നിൽ. തെരഞ്ഞെടുക്കപ്പെട്ട 47 തുറമുഖങ്ങളിൽ 20 എണ്ണം ആയിരത്തിലധികം ടൺ മത്സ്യവരവ് രേഖപ്പെടുത്തി. വെരാവലിലായിരുന്നു ഏറ്റവുമധികംമത്സ്യങ്ങൾ എത്തിയതുംഏറ്റവും കൂടുതൽ ബോട്ടുകൾ അടുത്തതും.

## ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളിൽ

# ഡിസംബർ 2017 – ൽ ലഭ്യമായ കടൽവിഭവങ്ങൾ

**ആർ. ബാലസുബ്രമണ്യൻ, വി. വി. അഫ്സൽ, ജോയ്സ് വി. തോമസ്**
നെറ്റ്ഫിഷ് – എംപിഇഡിഎ

ഇന്ത്യയിലെ കിഴക്ക്, പടിഞ്ഞാറ് തീരങ്ങളിലെ പ്രധാന തുറമുഖങ്ങളിൽ എത്തിയ മത്സ്യബന്ധന ബോട്ടുകളുടെ എണ്ണവും ലഭ്യമായ സമുദ്രോത്പന്നങ്ങളുടെ അളവും എംപിഇഡിഎയുടെ ക്യാച്ച് സർട്ടിഫിക്കേഷൻ പദ്ധതിയുടെ ഭാഗമായി നെറ്റ്ഫിഷ് രേഖപ്പെടുത്തുന്നുണ്ട്.

ഒൻപത് സമുദ്രതീര സംസ്ഥാനങ്ങളിലെ പ്രധാനപ്പെട്ട 46 ലാൻഡിംഗ് കേന്ദ്രങ്ങളിൽ (പട്ടിക - 1) അടുക്കുന്ന ബോട്ടുകളുടെ എണ്ണം, ലഭ്യമാകുന്ന സമുദ്രോത്പന്നങ്ങൾ എന്നിവയാണ് ഹാർബർ ഡേറ്റ കളക്ടർമാർ ശേഖരിക്കുന്നത്. ഓരോ തുറമുഖത്തിലും എത്തിയ വ്യത്യസ്തയിനം മത്സ്യങ്ങളുടെ ഉദ്ദേശക്കണക്ക് എടുക്കുന്നു.

പേര്, ബോട്ടുകളുടെ രജിസ്ട്രേഷൻ നമ്പർ, ഏത് തരം ബോട്ടാണ് തുടങ്ങിയ വിവരങ്ങളും രേഖപ്പെടുത്തും.

ഇത് പിന്നീട് ഓൺലൈൻ ആപ്ലിക്കേഷനുകൾ ഉപയോഗിച്ചും എംഎസ് ഓഫീസ് (എക്സൽ) ടൂളുകൾ ഉപയോഗിച്ചും ഇനം, പ്രദേശം, സംസ്ഥാനം എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് രേഖപ്പെടുത്തുന്നു.

**പട്ടിക - 1**
**വിവരശേഖരണത്തിനായി തെരഞ്ഞെടുത്ത തുറമുഖങ്ങളും ലാൻഡിംഗ് കേന്ദ്രങ്ങളും**

| നമ്പർ | സംസ്ഥാനം | ഫിഷിംഗ് ഹാർബർ |
|---|---|---|
| 1 | കേരളം | ബേപ്പൂർ |
| 2 | | പുതിയാപ്പ |
| 3 | | തോപ്പുംപടി |
| 4 | | മുനമ്പം |
| 5 | | ശക്തികുളങ്ങര |
| 6 | | തോട്ടപ്പള്ളി |
| 7 | | കായംകുളം |
| 8 | | വിഴിഞ്ഞം |
| 9 | കർണ്ണാടക | മാംഗളൂർ |
| 10 | | മാല്പേ |
| 11 | | ഗംഗോളി |
| 12 | | താദ്രി |
| 13 | | കാർവാർ |
| 14 | | ഹോന്നവാർ |
| 15 | മഹാരാഷ്ട്ര | ഹാർനെ |
| 16 | | ന്യൂ ഫെറി വാർഫ് |
| 17 | | രത്നഗിരി (മിർക്കർവാഡാ) |
| 18 | | സാസ്സൺ ഡോക്ക് |
| 19 | ഗുജറാത്ത് | വെരാവൽ |
| 20 | | പോർബന്തർ |
| 21 | | മാൻഗ്രോൾ |
| 22 | പശ്ചിമബംഗാൾ | ദിഗ്ഹ (സങ്കർപുർ) |
| 23 | | ദേശപ്രാൺ |
| 24 | | നംഖാന |
| 25 | | സുൽത്താൻപുർ |
| 26 | | കൽക്ക്ദ്വിപ് |
| 27 | | റെയ്ഡിഗി |
| 28 | ഒഡീഷ | പാരാദീപ് |
| 29 | | ബാലാരാംഗഡി |
| 30 | | ബഹബാലാപുർ |
| 31 | | ധമാരാ |
| 32 | ആന്ധ്രാപ്രദേശ് | കാക്കിനട |
| 33 | | മച്ച്ലിപട്ടണം |
| 34 | | നിസാമപട്ടണം |
| 35 | | വിശാഖപട്ടണം |
| 36 | തമിഴ്നാട് | ചെന്നൈ |
| 37 | | പഴൈയിയാർ |
| 38 | | നാഗപട്ടണം |
| 39 | | തൂത്തുക്കുടി |
| 40 | | കടലൂർ |
| 41 | | മണ്ഡപം |
| 42 | | കുളച്ചൽ |
| 43 | | പോണ്ടിച്ചേരി |
| 44 | | കാരൈക്കൽ |
| 45 | ഗോവ | കട്ട്ബോണ |
| 46 | | മാലിം |

# മത്സ്യവരവിനെ അടിസ്ഥാനമാക്കിയുള്ള കണക്കെടുപ്പ്

2017 ഡിസംബറിൽ ആകെ 46 ലാൻഡിംഗ് കേന്ദ്രങ്ങളിൽനിന്നായി82849.37 ടൺ കടൽവിഭവങ്ങളാണ് ലഭിച്ചത്. ചിറകുള്ള കടൽ മത്സ്യങ്ങൾ 39,510.15 ടൺ (48 ശതമാനം) ആയിരുന്നെങ്കിൽ ആഴക്കടൽ മത്സ്യങ്ങൾ 23492.34 ടൺ (28 ശതമാനം) ആയിരുന്നു. 12,433.70 ടൺ (15 ശതമാനം) മൊളുസ്ക ഇനത്തിൽപെട്ടവയും 7413.18 ടൺ (9 ശതമാനം) കവചജീവിവർഗങ്ങളുമായിരുന്നു (ചിത്രം -1).

ആകെ 112 ഇനം മത്സ്യങ്ങൾ ലഭിച്ചതിൽ ഏറ്റവും കൂടുതലായി ലഭിച്ചത് മത്തി (ചാള), അയല, പാമ്പാട, കൂന്തൽ, കണവ എന്നിവയായിരുന്നു. ഈ അഞ്ചിനങ്ങൾ ചേരുമ്പോൾ ആകെ ലഭിച്ചവയുടെ 41 ശതമാനം (ചിത്രം - 2) വരും. ആകെ മീനുകളിൽ പത്ത് ശതമാനവും അതായത് 8433.07 ടൺ മത്തിയായിരുന്നു. അളവിൽ ഏറ്റവും കൂടുതലായി ലഭിച്ച അഞ്ചിനങ്ങൾ കഴിഞ്ഞാൽ മറ്റ് പ്രധാന മത്സ്യയിനങ്ങൾ ഉണ്ണിമേരി, കിളിമീൻ എന്നിവയായിരുന്നു. യഥാക്രമത്തിൽ 4483.24 ടൺ, 4111.69 ടൺ എന്നിങ്ങനെയായിരുന്നു അവയുടെ അളവ്. ഏറ്റവും കുറച്ചുമാത്രം ലഭിച്ചത് യെല്ലോഫിൻ സീ ബ്രീം ആയിരുന്നു (0.08 ടൺ).

2017 ഡിസംബറിലെ ഇനം തിരിച്ചുള്ള കണക്ക് പട്ടിക-2-ൽ കാണിച്ചിരിക്കുന്നു. ചിറകുള്ള കടൽമത്സ്യങ്ങളിൽ മത്തിയാണ് ഏറ്റവും കൂടുതലായി ലഭിച്ചത്. തൊട്ടുപിന്നിലായി അയലയും വാളയുമുണ്ട്. ആഴക്കടൽ മത്സ്യങ്ങളിൽ ഏറ്റവും അധികമായി ലഭിച്ചത് ഉണ്ണിമേരി, കിളിമീൻ, കോര എന്നിവയാണ്. മൊളുസ്ക് ഇനങ്ങളിൽ കൂന്തൽ, കണവ, നീരാളി എന്നിവ ആകെ അളവിന്റെ 63 ശതമാനമായിരുന്നെങ്കിൽ കവചജീവികളുടെ അളവ് 37 ശതമാനമായിരുന്നു. കവചജീവികളിൽ കരിക്കാടി ചെമ്മീനായിരുന്നു ഏറ്റവും ഉയർന്ന അളവിൽ ലഭിച്ചത് (20,33.09 ടൺ).




ചിത്രം -1 : 2017 ഡിസംബറിലെ ഇനം തിരിച്ചുള്ള മത്സ്യവരവ്




ചിത്രം - 2 : 2017 ഡിസംബറിൽ ലഭിച്ച മത്സ്യങ്ങളിലെ പ്രധാന ഇനങ്ങൾ

പട്ടിക - 2
2017 ഡിസംബറിൽ വിവിധ ലാൻഡിംഗ് കേന്ദ്രങ്ങളിൽ ലഭിച്ച വിവിധയിനം കടൽമത്സ്യങ്ങൾ

| മത്സ്യഇനം | അളവ് (ടൺ) | ആകെ വരവ് (ശതമാനം) |
|---|---|---|
| ചിറകുള്ള കടൽമത്സ്യങ്ങൾ | | |
| മത്തി | 8433.07 | 10.18 |
| അയല | 7420.70 | 8.96 |
| പാമ്പാട | 6923.51 | 8.36 |
| ചൂര | 3860.15 | 4.66 |
| കൊഴുവ | 2189.36 | 2.64 |
| നെയ്മീൻ | 1719.63 | 2.08 |
| തിരിയാൻ | 1442.27 | 1.74 |
| വങ്കട | 1378.08 | 1.66 |
| ചെയിൻകവർ | 1341.32 | 1.62 |
| ബോംബെ ഡക്ക് | 1064.42 | 1.28 |
| ലെസ്സർ സാർഡീൻ | 987.50 | 1.19 |
| ശീലാവ് | 606.31 | 0.73 |
| വറ്റ | 518.75 | 0.63 |

| | | |
|---|---|---|
| ഹെറിംഗ്സ് | 335.72 | 0.41 |
| ലെതർ ജാക്കറ്റ് | 324.61 | 0.39 |
| ക്വീൻ ഫിഷ് | 310.37 | 0.37 |
| ഹിൽസ | 91.81 | 0.11 |
| കണമ്പ് | 89.49 | 0.11 |
| മാർലിൻ | 87.06 | 0.11 |
| ഓറിയന്റൽ ബോണിറ്റോ | 68.90 | 0.08 |
| മോത | 52.30 | 0.06 |
| ഓലമീൻ | 52.00 | 0.06 |
| കുഴലമീൻ | 50.10 | 0.06 |
| ഇന്ത്യൻ ഇലിഷ | 44.79 | 0.05 |
| ഫ്ളാറ്റ് നീഡിൽ ഫിഷ് | 41.06 | 0.05 |
| കലഞ്ഞി | 26.48 | 0.03 |
| റെയ്ൻബോ റണ്ണർ | 23.69 | 0.03 |
| വാഴ് മീൻ | 0.02 | 17.92 |
| സിൽവർ സിലാഗോ | 7.40 | 0.01 |
| ഇന്ത്യൻ ത്രെഡ് ഫിഷ് | 0.93 | 0.00 |
| പൂമീൻ | 0.37 | 0.00 |
| ലേഡി ഫിഷ് | 0.10 | 0.00 |
| ആകെ ചിറകുള്ള കടൽ മത്സ്യവരവ് | 39,510.15 | 47.69 |
| ആഴക്കടൽ മത്സ്യങ്ങൾ | | |
| ഉണ്ണിമേരി | 6022.62 | 7.27 |
| കിളിമീൻ | 4111.69 | 4.96 |
| കോര | 3523.51 | 4.25 |
| കടൽകറുപ്പ് | 2104.33 | 2.54 |
| മാന്തൽ | 2001.21 | 2.42 |
| ലിസാഡ് ഫിഷ് | 1782.94 | 2.15 |
| ഏട്ട | 1499.22 | 1.81 |
| ആവോലി | 873.52 | 1.05 |
| ചെമ്പല്ലി | 622.06 | 0.75 |
| ഗോട്ട് ഫിഷ് | 247.15 | 0.30 |
| പാമ്പുമീൻ | 172.39 | 0.21 |
| കുറിച്ചി | 165.57 | 0.20 |
| മുള്ളൻ | 155.08 | 0.19 |
| തെരണ്ടി | 81.77 | 0.10 |
| ടൈഗർ പെർച്ച് | 45.00 | 0.05 |
| ആയിരംപല്ലി | 22.43 | 0.03 |
| ഖോൽ | 21.00 | 0.03 |
| ഫൈൽ ഫിഷ് | 10.04 | 0.01 |
| എംപറർ ബ്രീം | 8.97 | 0.01 |
| വിപ് ഫിൻ സിൽവർ ബിഡ്ഡി | 7.53 | 0.01 |
| ഗ്ലാസി പെർച്ച്ലെറ്റ് | 5.76 | 0.01 |
| പാരറ്റ് | 5.10 | 0.01 |
| ബ്ലാക്ക് ടിപ് ഷാർക്ക് | 2.99 | 0.00 |
| സ്പൈൻ ഫൂട്ട് | 0.25 | 0.00 |
| ഇന്ത്യൻ ഡ്രിഫ്റ്റ് ഫിഷ് | 0.15 | 0.00 |
| യെല്ലോഫിൻ സീ ബ്രീം | 0.08 | 0.00 |
| ആകെ ആഴക്കടൽ മത്സ്യ വരവ് | 23492.34 | 28.36 |
| കക്കവർഗത്തിൽപ്പെട്ടവ കവചജീവികൾ | | |
| പീനീഡ് ഷ്രിംപ്സ് | 6770.98 | 8.17 |
| കടൽ ഞണ്ട് | 604.51 | 0.73 |
| ചെളി ഞണ്ട് | 19.00 | 0.02 |
| കൊഞ്ച് | 15.17 | 0.02 |
| നോൺ-പീനീഡ് ഷ്രിംപ്സ് | 3.51 | 0.00 |
| ആകെ കവചജീവികളുടെ വരവ് | 7413.18 | 8.95 |
| മൊളുസ്ക് | | |
| കൂന്തൽ | 5908.19 | 7.13 |
| കണവ | 5533.04 | 6.68 |
| നീരാളി | 992.47 | 1.20 |
| ആകെ മൊളുസ്കുകളുടെ വരവ് | 12433.70 | 15.01 |
| ആകെ കവചജീവികളുടെ വരവ് | 19846.87 | 23.96 |
| ആകെ ലഭിച്ച സമുദ്രവിഭവങ്ങൾ | 82849.37 | 100.00 |

## ഫോക്കസ് ഏരിയ

# പ്രദേശികാടിസ്ഥാനത്തിലുള്ള മത്സ്യവരവ്

പ്രാദേശികാടിസ്ഥാനത്തിൽ മത്സ്യവരവ് കണക്കാക്കിയപ്പോൾ വടക്കുപടിഞ്ഞാറ് മേഖലയിൽ (മഹാരാഷ്ട്ര, ഗുജറാത്ത് തീരങ്ങളിലെ ഏഴ് തെരഞ്ഞെടുക്കപ്പെട്ട ലാൻഡിംഗ് കേന്ദ്രങ്ങൾ ഉൾക്കൊള്ളുന്നത്) രേഖപ്പെടുത്തിയ അളവ് 37,520.41 ടൺ (45 ശതമാനം) ആയിരുന്നു.

തെക്കുപടിഞ്ഞാറ് തീരത്ത് (കേരളം, കർണാടകം, ഗോവ എന്നിവിടങ്ങളിലെ 15 തെരഞ്ഞെടുക്കപ്പെട്ട തുറമുഖങ്ങൾ ഉൾപ്പെട്ടത്) ലഭിച്ചത് 30,458.31 ടൺ (37 ശതമാനം) ആയിരുന്നു (ചിത്രം -3). തമിഴ്നാട്, ആന്ധ്രാപ്രദേശ്, എന്നിവിടങ്ങളിലെ 13 തുറമുഖങ്ങൾ ഉൾക്കൊള്ളുന്ന തെക്കുകിഴക്ക് മേഖലയിൽ നിന്ന് ആകെ 4,640.57 ടണ്ണും (ആകെ വരവിന്റെ 6 ശതമാനം) ഒഡീഷ, വെസ്റ്റ് ബംഗാൾ എന്നിവ ഉൾപ്പെടുന്ന വടക്കുകിഴക്ക് മേഖലയിൽനിന്ന് 10,230.08 ടണ്ണും (12 ശതമാനം) സമുദ്രവിഭവങ്ങൾ ലഭിച്ചു.

തെക്ക് പടിഞ്ഞാറ്, വടക്ക് കിഴക്ക് തീരങ്ങളിലെ ചിറകുള്ള കടൽമത്സ്യങ്ങളുടെ വരവ് മറ്റ് രണ്ട് വിഭാഗങ്ങളേക്കാൾ കൂടുതലായിരുന്നു.

എന്നാൽ, വടക്ക് പടിഞ്ഞാറ് മേഖലയിലെ ആഴക്കടൽ മത്സ്യങ്ങളുടെ അളവ് ചിറകുള്ള കടൽ മത്സ്യങ്ങളുടെയും ചിപ്പി ഇനങ്ങളുടെയും അളവിനേക്കാൾ കൂടുതലായിരുന്നു (ചിത്രം 4). തെക്കുകിഴക്കൻ മേഖലയിൽ ചിപ്പിയിനങ്ങളുടെ അളവായിരുന്നു കൂടുതൽ. വടക്ക് പടിഞ്ഞാറൻ മേഖല ഒഴികെയുള്ള കേന്ദ്രങ്ങളിൽ ആഴക്കടൽ മത്സ്യങ്ങളുടെ അളവ് കുറവായിരുന്നു.

അഞ്ച് പ്രധാന മത്സ്യയിനങ്ങളുടെ ലഭ്യതയുടെ വിവരങ്ങൾ പട്ടിക -3 -ൽ നല്കിയിട്ടുണ്ട്.




ചിത്രം - 3 2017 ഡിസംബറിൽ പ്രാദേശികാടിസ്ഥാനത്തിലെ മത്സ്യവരവ്




ചിത്രം 4 -ഓരോ പ്രദേശത്തുനിന്നുമുള്ള ആകെ വരവിന്റെ ഇനം തിരിച്ചുള്ള കണക്ക്

പട്ടിക 3
ഡിസംബർ 2017-ൽ വിവിധ പ്രദേശങ്ങളിൽനിന്ന് ലഭിച്ച പ്രധാന ഇനങ്ങൾ

| ഇനം | അളവ് (ടൺ) | ഓരോ പ്രദേശത്തുമുള്ള ആകെ വരവ് (ശതമാനം) |
|---|---|---|
| തെക്കുപടിഞ്ഞാറ് | | |
| മത്തി | 7266.81 | 23.86 |
| അയല | 3279.51 | 10.77 |
| കൂന്തൽ | 2270.34 | 7.45 |
| പാമ്പാട | 1418.30 | 4.66 |
| കണവ | 1171.74 | 3.85 |
| വടക്കുപടിഞ്ഞാറ് | | |
| പാമ്പാട | 4303.74 | 11.47 |
| കണവ | 3643.97 | 9.71 |
| ഉണ്ണിമേരി | 3494.60 | 9.31 |

| | | |
|---|---|---|
| അയല | 3441.72 | 9.17 |
| കൂന്തൽ | 3125.15 | 8.33 |
| തെക്കുകിഴക്ക് | | |
| ചൂര | 494.40 | 10.65 |
| പാമ്പാട | 463.04 | 9.98 |
| കണവ | 430.86 | 9.28 |
| ചൂടൻ ചെമ്മീൻ | 288.00 | 6.21 |

| | | |
|---|---|---|
| നാരൻ ചെമ്മീൻ | 263.30 | 5.67 |
| വടക്കുകിഴക്ക് | | |
| കോര | 1299.67 | 12.70 |
| മത്തി | 816.61 | 7.98 |
| പാമ്പാട | 738.43 | 7.22 |
| കൊഴുവ | 719.80 | 7.04 |
| കരിക്കാടി ചെമ്മീൻ | 676.90 | 6.62 |

## സംസ്ഥാന തലത്തിലുള്ള കടൽ വിഭവങ്ങളുടെ ലഭ്യത

ഇന്ത്യയിലെ ഒൻപത് കടൽത്തീര സംസ്ഥാനങ്ങളിൽ ഏറ്റവുമധികം വരവ് ലഭിച്ചത് ഗുജറാത്തിലാണ്, 25,254.28 ടൺ. ആകെ വരവിന്റെ 30 ശതമാനം വരുമിത്. തൊട്ടുപിന്നിലായി കർണാടകയുടെ വരവ് 16,493.81 ടൺ ആയിരുന്നു, ആകെ വരവിന്റെ 20 ശതമാനം. മൂന്നാം സ്ഥാനത്തുള്ള മഹാരാഷ്ട്ര 12,266.13 ടൺ (15 ശതമാനം) വരവ് രേഖപ്പെടുത്തി. പടിഞ്ഞാറൻ തീരത്തെ സംസ്ഥാനങ്ങൾ ഒന്നുചേർന്നുള്ള വരവ് 82 ശതമാനമായിരുന്നു. പടിഞ്ഞാറൻ തീരങ്ങൾ കിഴക്കൻ തീരത്തെ ഏറ്റവും വലിയ വരവ് പശ്ചിമബംഗാളിൽനിന്നാണ് - 7239.78 ടൺ (9 ശതമാനം). ഏറ്റവും കുറച്ച് മാത്രം കടൽവരവ് ലഭിച്ചത് ഗോവയ്ക്കാണ്, 1840.72 ടൺ.

ഡിസംബറിൽ ഏറ്റവുമധികം ലഭിച്ച പ്രധാനപ്പെട്ട അഞ്ച് മത്സ്യ ഇനങ്ങൾ പട്ടിക-4 ൽ കൊടുത്തിരിക്കുന്നു.




ചിത്രം - 5 -2017 ഡിസംബറിൽ വിവിധ സംസ്ഥാനങ്ങളിലെ വിവിധ മത്സ്യകേന്ദ്രങ്ങളിലെ അളവ് ടണ്ണിൽ

പട്ടിക - 4
ഡിസംബർ 2017-ൽ വിവിധ സംസ്ഥാനങ്ങളിൽനിന്നും ലഭിച്ച പ്രധാന ഇനങ്ങൾ

| ഇനം | അളവ് (ടൺ) | സംസ്ഥാനങ്ങളിലെ ആകെ വരവ് (ശതമാനം) |
|---|---|---|
| കേരളം | | |
| മത്തി | 1921.01 | 15.84 |
| കൂന്തൽ | 1151.62 | 9.50 |
| കിളിമീൻ | 922.60 | 7.61 |
| പാമ്പാട | 863.10 | 7.12 |
| കണവ | 841.18 | 6.94 |
| കർണ്ണാടക | | |
| മത്തി | 4396.10 | 26.65 |
| അയല | 2188.06 | 13.27 |
| കൂന്തൽ | 1105.72 | 6.70 |
| ലിറ്റിൽ ട്യൂണ്ണി | 819.83 | 4.97 |
| തിരിയാൻ | 787.41 | 4.77 |
| ഗോവ | | |
| മത്തി | 949.70 | 51.59 |
| അയല | 363.53 | 19.75 |
| ലിറ്റിൽ ടണ്ണി | 167.95 | 9.12 |
| ചൂര | 95.00 | 5.16 |
| വങ്കട | 49.90 | 2.71 |
| മഹാരാഷ്ട്ര | | |
| മത്തി | 2865.42 | 23.36 |
| പാമ്പാട | 932.24 | 7.60 |
| കോര | 906.82 | 7.39 |
| കണവ | 862.47 | 7.03 |
| വങ്കട | 744.14 | 6.07 |
| ഗുജറാത്ത് | | |
| ഉണ്ണിമേരി | 3494.60 | 13.84 |
| പാമ്പാട | 3371.50 | 13.35 |

| | | |
|---|---|---|
| കണവ | 2781.50 | 11.01 |
| കൂന്തൽ | 2654.00 | 10.51 |
| കിളിമീൻ | 2313.00 | 9.16 |
| തമിഴ്നാട് | | |
| കണവ | 394.19 | 18.29 |
| കൂന്തൽ | 188.73 | 8.76 |
| ചൂര | 182.15 | 8.45 |
| മത്തി | 87.41 | 4.06 |
| അയല | 86.96 | 4.04 |
| ആന്ധ്രാപ്രദേശ് | | |
| പാമ്പാട | 391.00 | 15.73 |
| ചൂര | 312.25 | 12.56 |
| നാരൻ ചെമ്മീൻ | 252.77 | 10.17 |
| വെള്ളാരൻ ചെമ്മീൻ | 217.58 | 8.75 |

| | | |
|---|---|---|
| പൂവാലൻ ചെമ്മീൻ | 199.82 | 8.04 |
| ഒഡീഷ | | |
| കോര | 614.10 | 20.54 |
| പാമ്പാട | 335.55 | 11.22 |
| കൊഴുവ | 251.60 | 8.41 |
| കരിക്കാടി ചെമ്മീൻ | 247.70 | 8.28 |
| മാന്തൽ | 153.71 | 5.14 |
| പശ്ചിമബംഗാൾ | | |
| മത്തി | 717.50 | 9.91 |
| കോര | 685.57 | 9.47 |
| ബോംബെ ഡക്ക് | 557.78 | 7.70 |
| കൊഴുവ | 468.20 | 6.47 |
| അയല | 449.04 | 6.20 |

## തുറമുഖങ്ങളെ അടിസ്ഥാനമാക്കിയുള്ള കണക്ക്

പടിഞ്ഞാറും കിഴക്കും തീരത്ത് തെരഞ്ഞെടുക്കപ്പെട്ട തുറമുഖങ്ങളിൽ ഡിസംബറിലെ ആകെ വരവ് ചിത്രം 6, 7 എന്നിവിടങ്ങളിലായി നല്കിയിരിക്കുന്നു. 46 തുറമുഖങ്ങളിലെ കണക്കെടുപ്പിൽ ഗുജറാത്തിലെ വെരാവൽ തുറമുഖമാണ് പരമാവധി വരവ് രേഖപ്പെടുത്തിയത്. ആകെ 10,625.40 ടൺ (13 ശതമാനം). ഗുജറാത്തിലെതന്നെ പോർബന്തറിൽ 8917.88 ടൺ മത്സ്യം ലഭിച്ചു (11 ശതമാനം). കർണാടകത്തിലെ മാൽപെയിൽ 7351.60 ടണ്ണും (9 ശതമാനം) കേരളത്തിലെ ബേപ്പൂരിൽ 6907.10 ടണ്ണുമായിരുന്നു (8 ശതമാനം) ആകെ വരവ്. കിഴക്കൻ തീരത്തെ തുറമുഖങ്ങളിൽ പശ്ചിമബംഗാളിലെ ദിഗ (ശങ്കർപുർ) യിൽ 3299.65 ടൺ (4 ശതമാനം) കടൽവിഭവങ്ങൾ ലഭിച്ചു. പടിഞ്ഞാറൻ തീരത്തെ തെരഞ്ഞെടുക്കപ്പെട്ട 23 തുറമുഖങ്ങളിൽ പതിമൂന്നിലും കിഴക്കൻ തീരത്തെ 23 തുറമുഖങ്ങളിൽ നാലിൽനിന്നും ആയിരം ടണ്ണിലധികം മത്സ്യം ലഭിച്ചു. തമിഴ്നാട്ടിലെ കുളച്ചലിൽനിന്നാണ് ഏറ്റവും കുറവ് (13.75 ടൺ) മത്സ്യവിഭവങ്ങൾ ലഭിച്ചത്.

## ബോട്ട് വരവിനെ അടിസ്ഥാനമാക്കിയുള്ള കണക്ക്

2017 ഡിസംബറിൽ ആകെ 32115 ബോട്ടുകളാണ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടത്. ഏറ്റവും കൂടുതൽ ബോട്ടുകൾ എത്തിയത് വെരാവൽ തുറമുഖത്തായിരുന്നു, 4687 ബോട്ടുകൾ. 3178 ബോട്ടുകളുമായി പോർബന്തർ രണ്ടാം സ്ഥാനത്തെത്തി. 46 തുറമുഖങ്ങളിൽ എട്ടെണ്ണത്തിൽ 1000 ബോട്ടുകളിലധികം അടുത്തു. കൂടുതൽ വിവരങ്ങൾ പട്ടിക -5 ൽ കൊടുത്തിരിക്കു




ചിത്രം - 6 - 2017 ഡിസംബറിൽ പടിഞ്ഞാറൻ തീരങ്ങളിലെ തുറമുഖങ്ങളിൽനിന്നു ലഭിച്ച ആകെ വരവ് (ടൺ)




ചിത്രം - 7 - 2017 ഡിസംബറിൽ കിഴക്കൻ തീരങ്ങളിലെ തുറമുഖങ്ങളിൽനിന്നു ലഭിച്ച ആകെ വരവ് (ടൺ)

ന്നു. ട്രോളറുകളാണ് 76 ശതമാനം മത്സ്യബന്ധനബോട്ടുകളുമെങ്കിൽ ബാക്കിയുള്ളവ പഴ്സ് സീനേഴ്സ്, റിംഗ് സീനേഴ്സ്, ഗിൽനെറ്റേഴ്സ്, പരമ്പരാഗത വള്ളങ്ങൾ എന്നിവയാണ്.

## താരതമ്യപഠനം

2017 നവംബർ-ഡിസംബർ മാസങ്ങളുടെ താരതമ്യമാണ് പട്ടിക -6 -ൽ കൊടുത്തിരിക്കുന്നത്. ഡിസംബറിലെ ആകെ മത്സ്യവരവ് നവംബറുമായി താരതമ്യം ചെയ്യുമ്പോൾ 22,000 ടൺ കുറവായിരുന്നു. ചിറകുള്ള കടൽ മത്സ്യങ്ങളായിരുന്നു കൂടുതലായി ലഭിച്ചിരുന്നതെങ്കിലും ശതമാനക്കണക്കിൽ അൽപ്പംകുറവുണ്ടായിരുന്നു. ആഴക്കടൽ മത്സ്യങ്ങളുടെ വരവ് നാല് ശതമാനം വർദ്ധിച്ചപ്പോൾ പുറംതോടുള്ള കടൽജീവികളുടെ എണ്ണം മുൻമാസത്തെ അതേ നിലയിൽ തുടർന്നു. ഏറ്റവും അധികമായി ലഭിച്ചത് മത്തിയായിരുന്നു.

ഗുജറാത്തിൽനിന്നാണ് ഏറ്റവും കൂടുതൽ മത്സ്യവിഭവങ്ങൾ ലഭിച്ചത്. മാത്രമല്ല ഗുജറാത്തിലെതന്നെ വെരാവൽ തുറമുഖത്താണ് ഏറ്റവുമധികം ബോട്ടുകൾ അടുത്തത്. ആകെ ബോട്ടുകളുടെ എണ്ണം 2017 നവംബറുമായി താരമത്യം ചെയ്യുമ്പോൾ 2017 ഡിസംബറിൽ 4700 എണ്ണം കുറവായിരുന്നു.

**പട്ടിക 5- 2017 ഡിസംബറിൽ 1000 ബോട്ടുകളിലധികം അടുത്ത മത്സ്യബന്ധന തുറമുഖങ്ങൾ**

| നമ്പർ | ഹാർബർ | സംസ്ഥാനം | തുറമുഖങ്ങളിലടുത്ത ബോട്ടുകളുടെ എണ്ണം |
|---|---|---|---|
| 1 | വെരാവൽ | ഗുജറാത്ത് | 4687 |
| 2 | പോർബന്തർ | ഗുജറാത്ത് | 3178 |
| 3 | മാൻഗ്രോൾ | ഗുജറാത്ത് | 2478 |
| 4 | മാൽപെ | കർണ്ണാടക | 2212 |
| 5 | സാസൺ ഡോക്ക് | മഹാരാഷ്ട്ര | 1263 |
| 6 | മാംഗളൂർ | കർണ്ണാടക | 1225 |
| 7 | ഹാർനെ | മഹാരാഷ്ട്ര | 1090 |
| 8 | ദിഗ്ഹ (ശങ്കർപുർ) | പശ്ചിമബംഗാൾ | 1060 |

**പട്ടിക 6**
**2017 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ വിവരങ്ങളുടെ താരതമ്യ പഠനം**

| | ഒക്ടോബർ 2017 | നവംബർ 2017 | ഡിസംബർ 2017 |
|---|---|---|---|
| ആകെ വരവ് | 1,02,848.44 ടൺ | 1,04,988.48 ടൺ | 82,849.37 ടൺ |
| ചിറകുള്ള കടൽ മത്സ്യങ്ങൾ | 53,123.87 ടൺ (52%) | 54,485.10 ടൺ (52%) | 39,510.15 ടൺ (48%) |
| ആഴക്കടൽ മത്സ്യങ്ങൾ | 22,231.88 ടൺ (21%) | 25,499.46 ടൺ (24%) | 23,492.34 ടൺ (28%) |
| പുറംതോടുള്ള കടൽജീവികൾ | 27,492.69 ടൺ (27%) | 25,003.91 ടൺ (24%) | 19,846.87 ടൺ (24%) |
| ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യ ഇനങ്ങൾ | അയല (13%) | മത്തി (24%) | മത്തി (24%) |
| ഏറ്റവുംകൂടുതൽ ബോട്ടുകൾ അടുത്ത സംസ്ഥാനം | ഗുജറാത്ത് (25%) | ഗുജറാത്ത് (26%) | ഗുജറാത്ത് (30%) |
| ഏറ്റവുംകൂടുതൽ ബോട്ടുകൾ അടുത്ത തുറമുഖം | വെരാവൽ (11%) | വെരാവൽ (13%) | വെരാവൽ (13%) |
| ആകെ ബോട്ടുകളുടെ എണ്ണം | 34,623 | 36,858 | 32,115 |

## സംഗ്രഹം

ഇന്ത്യയിലെ പ്രധാനപ്പെട്ട 46 മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നായി ആകെ 82,849.37 ടൺ കടൽ വിഭവങ്ങളാണ് 2017 ഡിസംബറിൽ ലഭിച്ചത്. പുറംതോടുള്ള കടൽജീവികൾ, ആഴക്കടൽ മത്സ്യങ്ങൾ എന്നിവയേക്കാൾ ചിറകുള്ള കടൽ മത്സ്യങ്ങളായിരുന്നു അളവിൽ കൂടുതൽ. തുറമുഖങ്ങളിലെത്തിയ ആകെ അളവ് പരിഗണിക്കുമ്പോൾ മത്തിയായിരുന്നു പ്രധാന ഇനം. പടിഞ്ഞാറൻ തീരത്തെ സംസ്ഥാനങ്ങളിലായി ആകെ വരവിന്റെ 85 ശതമാനം ലഭിച്ചപ്പോൾ വടക്ക് പടിഞ്ഞാറൻ തീരത്തുനിന്ന് 45 ശതമാനം മത്സ്യവിഭവങ്ങൾ ലഭിച്ചു. ഒൻപത് കടൽത്തീര സംസ്ഥാനങ്ങളിൽ ഗുജറാത്തായിരുന്നു ഏറ്റവും മുന്നിൽ. തെരഞ്ഞെടുക്കപ്പെട്ട 46 തുറമുഖങ്ങളിൽ 13 എണ്ണം ആയിരത്തിലധികം ടൺ മത്സ്യവരവ് രേഖപ്പെടുത്തി. വെരാവലായിരുന്നു ഏറ്റവും ഉയർന്ന തോതിൽ ബോട്ടുകൾ അടുത്ത തുറമുഖം.

# കർണാടക മത്സ്യ മേള

## 2017-ൽ എംപിഇഡിഎ പങ്കെടുത്തു

കർണാടകത്തിലേയ്ക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നത് ലക്ഷ്യമിട്ടാണ് രണ്ടാമത് മത്സ്യമേള സംഘടിപ്പിച്ചത്. കർണാടകത്തിലെ മത്സ്യരംഗത്തെ ഭക്ഷ്യോത്പാദന യൂണിറ്റുകൾ മികച്ച വളർച്ചയാണ് രേഖപ്പെടുത്തുന്നത്



കർണാടക ഫിഷറീസ് വകുപ്പ് മന്ത്രി പ്രമോദ് മാധവരാജ്, ഫിഷറീസ് ഡയറക്ടർ എച്ച്.എസ്. വീരപ്പ ഗൗഡ എന്നിവർ എംപിഇഡിഎയുടെ സ്റ്റാൾ സന്ദർശിക്കുന്നു

കർണാടക ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ബെംഗളുരുവിലെ ശ്രീഖണ്ഡീരവ സ്റ്റേഡിയത്തിൽ കർണാടക മത്സ്യ മേള 2017 സംഘടിപ്പിച്ചു. നാലു ദിവസം നീണ്ടുനിന്ന മേള കർണാടക ഫിഷറീസ് മന്ത്രി പ്രമോദ് മാധവരാജ് ഉദ്ഘാടനം ചെയ്തു. ഫിഷറീസ് ഡയറക്ടർ എച്ച്. എസ്. വീരപ്പ ഗൗഡ അധ്യക്ഷത വഹിച്ചു.

കർണാടകത്തിലേയ്ക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നത് ലക്ഷ്യമിട്ടാണ് രണ്ടാമത് മത്സ്യമേള സംഘടിപ്പിച്ചത്. കർണാടകത്തിലെ മത്സ്യരംഗത്തെ ഭക്ഷ്യോത്പാദന യൂണിറ്റുകൾ മികച്ച വളർച്ചയാണ് രേഖപ്പെടുത്തുന്നത്.

വിവിധ രംഗങ്ങളിൽനിന്നുള്ളവർ പങ്കെടുത്ത വൈവിധ്യമാർന്ന പ്രദർശനം കാണാൻ അരലക്ഷത്തിലധികം പേരാണ് എത്തിയത്. അലങ്കാരമത്സ്യങ്ങളുടെ ഗാലറി, അലങ്കാരമത്സ്യങ്ങൾക്കായുള്ള മത്സരം, റെഡി ടു ഈറ്റ് മത്സ്യങ്ങൾ, അക്വേറിയം ഉപകരണങ്ങൾ, ഫുഡ് കോർട്ട്, മീൻവിഭവങ്ങളുടെ പാചകക്കുറിപ്പ് മത്സരം, പച്ചമീൻ വിൽപ്പന, അലങ്കാരമത്സ്യ വിൽപ്പന, കടൽ ശംഖുകളുടെ പ്രദർശനം എന്നിവയായിരുന്നു പ്രധാന ആകർഷണം.

എംപിഇഡിഎയുടെ സ്റ്റാളിൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ, വാണിജ്യപ്രാധാന്യമുള്ള ചെമ്മീൻ, ഞണ്ട്, കണവ, മറ്റ് മത്സ്യങ്ങൾ എന്നിവയുടെ ബാനറുകളും ഗോവയിൽ നടക്കുന്ന ഇന്ത്യ ഇന്റർനാഷണൽ സീഫുഡ് ഷോ 2018-ന്റെ വിശദവിവരങ്ങളും കാണികൾക്കായി ഒരുക്കിയിരുന്നു. ഗോവയിലെ മേളയെക്കുറിച്ച് ഒട്ടേറെ അന്വേഷണങ്ങൾ ലഭിച്ചിരുന്നു. എംപിഇഡിഎ സ്റ്റാളിൽ ഒരുക്കിയിരുന്ന അക്വേറിയം ഏറെപ്പേരെ ആകർഷിച്ചു. എംപിഇഡിഎ സ്റ്റാൾ, സെൻട്രൽ ഇൻലാൻഡ് ഫിഷറീസ് ടെക്നോളജി (സിഐഎഫ്ടി), ബെംഗളുരുവിലെ യൂണിവേഴ്സിറ്റി ഓഫ് അഗ്രിക്കൾച്ചറൽ സയൻസസ് (യുഎഎസ്), സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫ്രഷ് വാട്ടർ അക്വാകൾച്ചർ (സിഐഎഫ്എ), കർണാടക ഫിഷറീസ് ഡവലപ്മെന്റ് കോർപ്പറേഷൻ (കെഎഫ്ഡിസി), കർണാടക മൃഗസംരക്ഷണ ഫിഷറീസ് വകുപ്പ് എന്നിവയും മത്സ്യമേളയിൽ സ്റ്റാളുകൾ ഒരുക്കിയിരുന്നു.

കർണാടക ഫിഷറീസ് മന്ത്രി പ്രമോദ് മാധവരാജ്, സിഐഎഫ്ആർഐ ഡയറക്ടർ, കാർഷിക സർവകലാശാലയിൽ നിന്നുള്ള ശാസ്ത്രജ്ഞർ, മംഗളുരു ഫിഷറീസ് കോളജിൽ നിന്നുള്ള പ്രഫസർമാർ, മംഗളുരു സംസ്ഥാന ഫിഷറീസ് വകുപ്പിൽനിന്നുള്ള ഉദ്യോഗസ്ഥർ, ഫിഷറീസ് മേഖലയിൽനിന്നുള്ള പ്രമുഖർ തുടങ്ങിയവർ എംപിഇഡിഎയുടെ സ്റ്റാൾ സന്ദർശിച്ചു.

മത്സ്യകർഷകർ, അലങ്കാരമത്സ്യങ്ങളെ വളർത്തുന്നവർ തുടങ്ങിയവർക്കായി പ്രാദേശിക ഭാഷയിൽ സാങ്കേതിക സെഷനുകൾ ഒരുക്കിയിരുന്നു. കർണ്ണാടകയിലെ വിവിധ പരമ്പരാഗത സാംസ്കാരിക പരിപാടികളും നാലുദിവസത്തെ മേളയിൽ ഒരുക്കിയിരുന്നു.

ഡയറക്ടർ ഓഫ് ഫിഷറീസ് അധ്യക്ഷത വഹിച്ച സമാപനസമ്മേളനത്തിൽ അദ്ദേഹം സർട്ടിഫിക്കറ്റുകളും മെമന്റോകളും വിതരണം ചെയ്തു.

# എംപിഇഡിഎയുടെ വൽസാഡ് പ്രാദേശിക വിഭാഗത്തിന്റെ നേതൃത്വത്തിൽ പരിസ്ഥിതി സൗഹൃദ, സുസ്ഥിര ചെമ്മീൻ കൃഷിയെക്കുറിച്ച് പരിശീലനം നൽകി

## സൂറത്തിൽ പരിശീലനപരിപാടി

എംപിഇഡിഎയുടെ വൽസാഡ് പ്രാദേശികവിഭാഗത്തിന്റെ നേതൃത്വത്തിൽ പരിസ്ഥിതി സൗഹൃദ, സുസ്ഥിര ചെമ്മീൻ കൃഷിയെക്കുറിച്ച് സൂറത്തിലെ സാച്ചിൻ കമ്യൂണിറ്റി ഹാളിൽ അഞ്ചുദിവസം നീണ്ടുനിന്ന പരിശീലന പരിപാടി സംഘടിപ്പിച്ചു. സൂറത്ത് ജില്ലയിലെ തീരദേശ ഗ്രാമങ്ങളിലെ ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു പരിശീലനം. 2018 ജനുവരി രണ്ട് മുതൽ ആറ് വരെ നീണ്ടുനിന്ന പരിശീലന പരിപാടിയിൽ 101 പേർ പങ്കെടുത്തു.

ചെമ്മീൻ കൃഷിയിൽ എംപിഇഡിഎയുടെ പങ്കിനെക്കുറിച്ച് പരിശീലനം ഉദ്ഘാടനം ചെയ്ത അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. യു.കെ. പാണ്ഡ്യ വിശദീകരിച്ചു. ഫീൽഡ് സൂപ്പർവൈസർ ശ്രീ. ഭവിൻ എം. ഗരാവര ചെമ്മീന്റെ ജീവിതചക്രം, കെട്ട് തയാറാക്കൽഎന്നിവയെക്കുറിച്ച്കർഷകർക്ക്ക്ലാസെടുത്തു.



ചെമ്മീൻപാടം സന്ദർശിച്ചപ്പോൾ എംപിഇഡിഎയുടെ വൽസാഡ് പ്രാദേശികവിഭാഗം ഡപ്യൂട്ടി ഡയറക്ടർ ശ്രീ. മാരുതി ഡി. യലിഗർ പരിശീലനാർത്ഥികൾക്ക് ക്ലാസ് എടുക്കുന്നു

രണ്ടാം ദിവസം അസിസ്റ്റൻഡ് ഡയറക്ടർ ശ്രീ. റസാക്ക് അലി സ്ഥലം തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചും ഫാം നിർമ്മാണത്തെക്കുറിച്ചും വിശദമാക്കി. ജൂണിയർ ടെക്നിക്കൽ ഓഫീസർ ചെമ്മീൻ വിത്ത് തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചും പായ്ക്കിംഗിനെക്കുറിച്ചും ഒരോ സ്ഥലത്ത് എത്തിക്കുന്നതിനെക്കുറിച്ചും പരുവപ്പെടുത്തുന്നതിനെക്കുറിച്ചും സൂക്ഷിക്കുന്നതിനെക്കുറിച്ചും വെള്ളത്തിന്റെ ഗുണമേന്മ കാത്തുസൂക്ഷിക്കുന്നതിനെക്കുറിച്ചുംവിശദമാക്കി. ഡപ്യൂട്ടിഡയറക്ടർ ശ്രീ. മാരുതി ഡി. യലിഗർ പരിശീലനത്തിന് നേതൃത്വം നല്കി. മൂന്നാം ദിവസം ശ്രീ. യലിഗർ രോഗപ്രതിരോധത്തെ



എംപിഇഡിഎയുടെ വൽസാഡ് പ്രാദേശികവിഭാഗം ഡപ്യൂട്ടി ഡയറക്ടർ ശ്രീ. മാരുതി ഡി. യലിഗർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു

യും നിയന്ത്രണത്തെയും കുറിച്ച് ക്ലാസെടുത്തു. ശ്രീ. പാണ്ഡ്യ, ശ്രീ. ഗെരാവര എന്നിവർ സ്ഥലം പാട്ടത്തിനെടുക്കുന്നതിനുള്ള കാര്യങ്ങൾ, ജില്ലാ കളക്ടർ/ജില്ലാ ഫിഷറീസ് വകുപ്പ് എന്നിവർക്ക് സർക്കാർ സ്ഥലം ചെമ്മീൻ കൃഷിക്ക് വിട്ടുകിട്ടുന്നതിന് അപേക്ഷ നല്കേണ്ടതിന്റെ രീതി, പ്രോബയോട്ടിക്കിന്റെ ഉപയോഗം, ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം, വിളവെടുപ്പ്, വിളവെടുത്തതിനുശേഷംകൈകാര്യംചെയ്യേണ്ട രീതി, വിപണനം, മീൻകൃഷിയിലെ എച്ച്എസിസിപിയുടെ പ്രാധാന്യം എന്നിവയെക്കുറിച്ച് വിശദീകരിച്ചു.

പരിശീലനത്തിന്റെ നാലാം ദിവസം പരിശീലനാർത്ഥികൾ സുൽത്താനാബാദ് ഗ്രാമത്തിലെ അഹുവിലെ ശ്രീ. റോഹൻ ഭായി പട്ടേലിന്റെ ചെമ്മീൻപാടം സന്ദർശിച്ചു. ശ്രീ. യലിഗർ, ശ്രീ. ഗെരാവര എന്നിവരും ഒപ്പമുണ്ടായിരുന്നു. ഫാം നിർമ്മാണത്തിന്റെ പ്രായോഗിക വശങ്ങൾ, കൈകാര്യം ചെയ്യേണ്ട രീതി, ജൈവസുരക്ഷാ മാർഗങ്ങൾ, മികച്ച കൃഷിരീതി (ജിഎംപി), വെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള വിവിധ ഫീൽഡ് ഉപകരണങ്ങൾ എന്നിവയെക്കുറിച്ച് പരിശീലനാർത്ഥികളോട് വിശദമാക്കി. ഫാം ഇൻ-ചാർജ് ശ്രീ. സുകേതു വനാമി കൃഷിയിലെ സ്വന്തം അനുഭവങ്ങൾ വിവരിച്ചു.

സമാപനയോഗത്തിൽ അക്വാകൾച്ചർ അതോറിറ്റിയുടെ മാർഗനിർദ്ദേശങ്ങൾ, ലൈസൻസിന് എങ്ങനെ അപേക്ഷിക്കണം എന്നിവയെക്കുറിച്ച് ശ്രീ. യലിഗർ ക്ലാസെടുത്തു. വനാമി ഇനം ചെമ്മീനുകളെക്കുറിച്ചും ജൈവസുരക്ഷയ്ക്ക് ആവശ്യമായ കാര്യങ്ങളെക്കുറിച്ചും ശ്രീ. പാണ്ഡ്യ ക്ലാസെടുത്തു. മത്സ്യകൃഷിയിലെ വൈവിധ്യവത്കരണത്തെക്കുറിച്ച് ശ്രീ. ഗെരാവര സംസാരിക്കുകയും പരിശീലനാർത്ഥികൾക്കായി

ഫാം നിർമാണം, ജൈവസുരക്ഷാ മാർഗങ്ങൾ, ജിഎംപി, വെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള വിവിധ ഉപകരണങ്ങൾ, മണ്ണിന്റെ ഗുണമേന്മ അറിയുക എന്നിവയെക്കുറിച്ച് ശ്രീ. നീലേഷ് വിശദീകരിച്ചു



നവ്സാരി ജില്ലയിലെ പനാർ ഗ്രാമത്തിലെ ശ്രീ. നീലേഷ് ഭായിയുടെ ചെമ്മീൻകൃഷിയിടം പരിശീലനാർത്ഥികൾ സന്ദർശിക്കുന്നു

പരീക്ഷ നടത്തുകയും ചെയ്തു. സമാപനസമ്മേളനത്തിൽ ശ്രീ. യലിഗർ 101 പേർക്കും സാക്ഷ്യപത്രങ്ങൾ വിതരണം ചെയ്തു. ശ്രീ. പാണ്ഡ്യ സ്വാഗതവും ശ്രീ. ഗെരാവര നന്ദിയും പറഞ്ഞു.

## നവ്സാരിയിൽ പരിശീലനം

എംപിഇഡിഎയുടെ വൽസാഡ് പ്രാദേശിക വിഭാഗത്തിന്റെ നേതൃത്വത്തിൽ 2018 ജനുവരി ഒന്നു മുതൽ അഞ്ചുവരെ മാസയിലെ ശ്രീ മഹാകാളി മാതാ മന്ദിർ സേവാസമിതി ഹാളിൽ അഞ്ചു ദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. പരിസ്ഥിത സൗഹൃദവും സുസ്ഥിരവുമായ ചെമ്മീൻ കൃഷിയെക്കുറിച്ചായിരുന്നു പരിശീലനം. ഡപ്യൂട്ടി ഡയറക്ടർ ശ്രീ. മാരുതി ഡി. യലിഗർ പരിശീലനം ഉദ്ഘാടനം ചെയ്തു. തുടർച്ചയായി പരിശീലന പരിപാടികളിൽ പങ്കെടുക്കണമെന്ന് പരിശീലനാർത്ഥികളോട് അദ്ദേഹം ആവശ്യപ്പെട്ടു.

ഗുജറാത്തിലെ പരിസ്ഥിതി സൗഹാർദ്ദപരവും സുസ്ഥിരവുമായ ചെമ്മീൻ കൃഷിരീതികളെക്കുറിച്ച്, പ്രത്യേകിച്ച് നവ്സാരി ജില്ലയിലെ രീതികളെക്കുറിച്ച്, അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. യു.കെ പാണ്ഡ്യ വിശദീകരിച്ചു. ചെമ്മീനുകളെ തിരിച്ചറിയുന്നതിനെക്കുറിച്ചും ജീവിതചക്രത്തെക്കുറിച്ചും കെട്ട് തയാറാക്കുന്നതിനെക്കുറിച്ചും ശ്രീ. ഭവിൻ എം. ഗെരാവര വിശദീകരിച്ചു.

സ്ഥലംതെരഞ്ഞെടുക്കുന്നതിനെക്കുറിച്ചും ഫാം നിർമാണത്തെക്കുറിച്ചും ശ്രീ. റസാക്ക് അലി ക്ലാസെടുത്തു. ജൂണിയർ ടെക്നിക്കൽ ഓഫീസർ ശ്രീമതി എം.എ. പാട്ടീൽ ജലത്തിന്റെ ഗുണമേന്മ സൂക്ഷിക്കുന്നത് എങ്ങനെ, ചെമ്മീൻ വിത്തുകൾ തെരഞ്ഞെടുക്കുന്നത് എങ്ങനെ, ഒരിടത്തുനിന്ന് മറ്റൊരിടത്തേയ്ക്ക് എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, പായ്ക്കിംഗ്, പൊരുത്തപ്പെടുത്തൽ, സൂക്ഷിപ്പ് എന്നിവയെക്കുറിച്ച് വിശദമാക്കി. പരിശീലനത്തിന്റെ മൂന്നാം ദിവസം ശ്രീ. പാണ്ഡ്യ, ശ്രീ. ഗെരാവര എന്നിവർ തീറ്റ നല്കുന്ന രീതി, ദൈനംദിനമുള്ള നിരീക്ഷണം, വെള്ളത്തിന്റെ ഗുണമേന്മ കാത്തുസൂക്ഷിക്കുന്നത് എങ്ങനെ, രോഗങ്ങളുടെ പ്രതിരോധവും നിയന്ത്രണവും വിളവെടുപ്പ്, വിളവെടുപ്പിനുശേഷമുള്ള സംസ്കരണം, വിപണനം എന്നിവയെക്കുറിച്ച് വ്യക്തമാക്കി. മത്സ്യകൃഷിയിലെ എച്ച്എസിസിപിയുടെ പ്രാധാന്യം, ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം, വിളവെടുപ്പിന് മുമ്പ് പരിശോധനകൾ നടത്തേണ്ടതിന്റെ പ്രാധാന്യം, വിളവെടുപ്പ്, സ്ഥലം പാട്ടത്തിനെടുക്കുന്ന രീതി, വനാമി, മോണോഡോൺ ഇനങ്ങൾ തമ്മിലുള്ള വ്യത്യാസം. വനാമി ഇനത്തിന്റെ കൃഷിരീതി, ജൈവസുരക്ഷയുടെ പ്രാധാന്യം, വനാമിയിൽ ഇടിഎസിന്റെ ആവശ്യകത എന്നിവയെക്കുറിച്ചും പരിശീലനാർത്ഥികളോട് വിശദമാക്കി.

നാലാം ദിവസം ശ്രീ. യലിഗർ, ശ്രീ. ഗെരാവര എന്നിവരുടെ നേതൃത്വത്തിൽ നവ്സാരി ജില്ലയിലെ പനാർ ഗ്രാമത്തിലെ ശ്രീ. നീലേഷ് ഭായിയുടെ ചെമ്മീൻകൃഷിയിടത്തിൽ പരിശീലനാർത്ഥികൾ സന്ദർശനം നടത്തി. ഫാം നിർമാണം, കൈകാര്യം ചെയ്യുന്ന രീതി, ജൈവസുരക്ഷാ മാർഗങ്ങൾ, ജിഎംപി, വെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള വിവിധ ഉപകരണങ്ങൾ, മണ്ണിന്റെ ഗുണമേന്മ അറിയുന്നതിനുള്ള രീതികൾ എന്നിവയെക്കുറിച്ച് ശ്രീ. നീലേഷ് വിശദീകരിച്ചു. സ്വന്തം കൃഷിയിടത്തിലെ കൃഷിരീതികളും ചെമ്മീൻ കൃഷിയിലെ അനുഭവങ്ങളും കർഷകനായ ശ്രീ. അമിത് പാട്ടീൽ പങ്കുവച്ചു.

അവസാനദിവസം ശ്രീ. പാണ്ഡ്യ അക്വാകൾച്ചർ അതോറിറ്റിയുടെ നിർദ്ദേശങ്ങളെക്കുറിച്ചും സിഎഎ ലൈസൻസിന് അപേക്ഷിക്കേണ്ട രീതികളെക്കുറിച്ചും പരിശീലനത്തിൽ പങ്കെടുത്തവരോട് വ്യക്തമാക്കി. മത്സ്യകൃഷിയിലെ വൈവിധ്യവത്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ശ്രീ. ഗെരാവര കർഷകരോട് സംസാരിച്ചു. തുടർന്ന് സംശയങ്ങൾക്ക് മറുപടി നല്കി. സമാപന സമ്മേളനത്തിൽ 152 പരിശീലനാർത്ഥികൾക്ക് ശ്രീ. യലിഗർ സാക്ഷ്യപത്രങ്ങൾ വിതരണം ചെയ്തു. ശ്രീ. പാണ്ഡ്യ നന്ദി പറഞ്ഞു.

# ഗുണ്ടൂരിലെ രാജുബംഗരു പാലത്ത്
# ചെമ്മീൻകൃഷിയിൽ പരിശീലനം

ചെമ്മീൻ കൃഷിയിലെ മികച്ച കൃഷിരീതികളെക്കുറിച്ചും മത്സ്യകൃഷിയിലെ വൈവിധ്യവത്കരണത്തെക്കുറിച്ചും എംപിഇഡിഎ വിജയവാഡ പ്രാദേശിക വിഭാഗത്തിന്റെ നേതൃത്വത്തിൽ മൂന്നു ദിവസം നീണ്ടുനിന്ന പരിശീലനമൊരുക്കി. ഡിസംബർ 13 മുതൽ 15 വരെ ഗുണ്ടൂർ ജില്ലയിലെ ചിന്നഗഞ്ചം പ്രകാശം മണ്ഡലിൽ നടത്തിയ പരിശീലനത്തിൽ 20 കർഷകർ പങ്കെടുത്തു.

രാജുബംഗരു പാലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ദുന്ന യെദുകൊണ്ടലു പരിപാടി ഉദ്ഘാടനം ചെയ്തു. ഡപ്യൂട്ടി ഡയറക്ടർ ശ്രീ. അർചിമൻ ലാഹ്‌രി, അസിസ്റ്റന്റ് ഡയറക്ടർ, ശ്രീ. ബി. നരസിംഹ റാവു, നാക്സ റീജണൽ കോർഡിനേറ്റർ,

> ഡിസംബർ 13 മുതൽ 15 വരെ ഗുണ്ടൂർ ജില്ലയിലെ ചിന്നഗഞ്ചം പ്രകാശം മണ്ഡലിൽ നടത്തിയ പരിശീലനത്തിൽ 20 കർഷകർ പങ്കെടുത്തു

ശ്രീ. ടി. നന്ദ കിഷോർ, ഫീൽഡ് സൂപ്പർവൈസർ ശ്രീ. ജി. ശ്രീനിവാസലു എന്നിവർ തീറ്റ-കൃഷിരീതികൾ, മത്സ്യകൃഷിയിലെ വൈവിധ്യവത്കരണം, ആന്ധ്രാപ്രദേശിലെ സാധ്യതകൾ എന്നിവയെക്കുറിച്ച് ക്ലാസുകളെടുത്തു. ഇത്തരമൊരു പരിശീലനമൊരുക്കിയ എംപിഇഡിഎയ്ക്ക് നന്ദി പറഞ്ഞ ശ്രീ. ദുന്ന യെദുകൊണ്ടലു ഇത്തരം പരിപാടികൾ ഭാവിയിൽ



ഡപ്യൂട്ടി ഡയറക്ടർ ശ്രീ. അർച്ചിമാൻ ലാഹ്‌രി രാജുബംഗരു പാലത്ത് നടന്ന പരിശീലനപരിപാടിയിൽ ക്ലാസെടുക്കുന്നു



ഡപ്യൂട്ടി ഡയറക്ടർ ശ്രീ. അർച്ചിമാൻ ലാഹ്‌രി രാജുബംഗരു അഡവുലാദീവിയിൽ നടന്ന പരിശീലനപരിപാടിയിൽ ക്ലാസെടുക്കുന്നു

കൂടുതലായി സംഘടിപ്പിക്കണമെന്നും നിർദ്ദേശിച്ചു. പരിപാടിയിൽ പങ്കെടുത്തവർക്ക് സാക്ഷ്യപത്രവും സ്റ്റൈപ്പൻഡും വിതരണം ചെയ്തു. ഫീൽഡ് സൂപ്പർവൈസർ ശ്രീ. ജി. ശ്രീനിവാസലു നന്ദി പറഞ്ഞു.

## മത്സ്യകൃഷിയിൽ പരിസ്ഥിതി സുസ്ഥിര, വികസന സാധ്യതകളെക്കുറിച്ച് അഡവുലദീവിയിൽ പരിശീലനം

വിജയവാഡ എംപിഇഡിഎ പ്രാദേശിക വിഭാഗം 2017 ഡിസംബർ ആറു മുതൽ എട്ടുവരെ ഗുണ്ടൂർ ജില്ലയിലെ നിസാംപട്ടണം മണ്ഡലിലെ അഡവുലദീവി ഗ്രാമത്തിൽ മത്സ്യകൃഷിയിലെ സുസ്ഥിര വികസന സാധ്യതകളെക്കുറിച്ച് പരിശീലനം സംഘടിപ്പിച്ചു. ഇരുപത് പേർ പങ്കെടുത്തു.

അഡവുലദീവി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സോന്റി രേണുക പരിശീലനം ഉദ്ഘാടനം ചെയ്തു. ഡപ്യൂട്ടി ഡയറക്ടർ ശ്രീ. അർച്ചിമാൻ ലാഹ്‌രി, കുനുരു കൃഷി വിജ്ഞാൻ കേന്ദ്രയിലെ ഫിഷറീസ് പ്രോജക്ട് അസിസ്റ്റന്റ് ശ്രീ. വി. രത്ന പ്രകാശ്, നിസാംപട്ടണം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. കെ. ശ്രീനിവാസ് നായിക്, നാക്സ റീജണൽ കോർഡിനേറ്റർ ശ്രീ. നന്ദ കിഷോർ, ഫീൽഡ് സൂപ്പർവൈസർമാരായ ശ്രീ. ജി. ശ്രീനിവാസലു, ശ്രീ. എസ്. വേണുഗോപാൽ റാവു എന്നിവർ ക്ലാസുകളെടുത്തു.

കുളം തയാറാക്കൽ, തീറ്റ കൈകാര്യം ചെയ്യേണ്ട രീതി, ചെമ്മീൻ കൃഷിയിൽ പ്രോബയോട്ടിക്കുകളുടെ ഉപയോഗം, ജൈവസുരക്ഷാ മാർഗങ്ങൾ, മത്സ്യകൃഷിയിലെ വൈവിധ്യവത്കരണം, ആന്ധ്രാപ്രദേശിന്റെ സാധ്യതകൾ, ചെമ്മീൻ കൃഷിയിൽ ആന്റിബയോട്ടിക്കിന്റെ ദുരുപയോഗം, വിളവെടുപ്പ്, വിളവെടുപ്പിനു ശേഷം ഗുണമേന്മ സൂക്ഷിക്കുന്നതിനുള്ള രീതികൾ, വിളവെടുപ്പിന് മുമ്പായി പരിശോധന നടത്തേണ്ടതിന്റെ ആവശ്യകത എന്നിവയെക്കുറിച്ചാണ് പ്രധാനമായും പരിശീലനത്തിൽ ഊന്നൽ നല്കിയത്. ഫീൽഡ് സൂപ്പർവൈസർ ശ്രീ. ജി. ശ്രീനിവാസുലു നന്ദി പറഞ്ഞു.

# മികച്ച കൃഷിരീതികളെക്കുറിച്ച്
# പട്ടികജാതി, പട്ടികവർഗക്കാർക്ക് പരിശീലനം

## ഗോകർണമാതത്ത് പരിശീലനം

ചെമ്മീൻകൃഷിയിലെ മികച്ച മാനേജ്മെന്റ് രീതികളെക്കുറിച്ചും മത്സ്യകൃഷിയിലെ വൈവിധ്യവത്കരണത്തെക്കുറിച്ചും പട്ടികജാതി, പട്ടികവർഗക്കാർക്കായി അഞ്ചു ദിവസം നീണ്ടുനിന്ന പരിശീലനം സംഘടിപ്പിച്ചു. ഗുണ്ടൂർ ജില്ലയിലെ നിസാംപട്ടണം മണ്ഡലിലെ ഗോകർണമാതം ഗ്രാമത്തിൽനിന്നുള്ളവരായിരുന്നു പരിശീലനാർത്ഥികൾ. 2017 ഡിസംബർ 11 മുതൽ 15 വരെ എംപിഇഡിഎയുടെ വിജയവാഡ പ്രാദേശിക വിഭാഗത്തിന്റെ നേതൃത്വത്തിലായിരുന്നു പരിശീലനം.



ഡപ്യൂട്ടി ഡയറക്ടർ ശ്രീ. അർച്ചിമാൻ ലാഹ്രി രാജുബംഗരു ഗോകർണമാതത്ത് നടന്ന പരിശീലന പരിപാടിയിൽ ക്ലാസെടുക്കുന്നു

നിസാംപട്ടണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മോപിദേവി വിജയ നിർമ്മല പരിപാടി ഉദ്ഘാടനം ചെയ്തു. ഡപ്യൂട്ടി ഡയറക്ടർ ശ്രീ. അർച്ചിമാൻ ലാഹ്രി, ഡപ്യൂട്ടി ഡയറക്ടർ ശ്രീ. ബി. നരസിംഹ റാവു, നിസാംപട്ടണം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. കെ. ശ്രീനിവാസ നായിക്, ഫീൽഡ് സൂപ്പർവൈസർ ശ്രീ. എസ്. വേണുഗോപാൽ റാവു എന്നിവർ ജലത്തിന്റെയും മണ്ണിന്റെയും ഗുണമേന്മ കൈകാര്യം ചെയ്യുന്നതെങ്ങനെ, ഗുണമേന്മയുള്ള ചെമ്മീൻ വിത്തുകൾ തെരഞ്ഞെടുക്കുന്നത് എങ്ങനെ, തീറ്റ കൈകാര്യം ചെയ്യുന്നത് എങ്ങനെ, ചെമ്മീൻ കൃഷിയിലെ ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയുന്നത് എങ്ങനെ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് പരിശീലനാർത്ഥികളോട് സംസാരിച്ചു. ഫീൽഡ് സൂപ്പർവൈസർ ശ്രീ. വേണു ഗോപാൽ റാവു നന്ദി പറഞ്ഞു.

## കർവാറിൽ പരിശീലനം

എംപിഇഡിഎയുടെ കർവാർ ഉപവിഭാഗത്തിന്റെ നേതൃത്വത്തിൽ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി, മത്സ്യകൃഷിയിലെ വൈവിധ്യവത്കരണം എന്നിവയെക്കുറിച്ച് പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലുള്ള യുവസംരംഭകർക്കായി പരിശീലനം നല്കി. 2018 ജനുവരി 17 മുതൽ 19 വരെ തീയതികളിലായി ബാത് ഗ്രാമത്തിലെ ഡോ. അംബേദ്കർ ഭവൻ ഹാളിലായിരുന്നു പരിശീലനം.

മികച്ച മാനേജ്മെന്റ് രീതികൾ, സുസ്ഥിര ചെമ്മീൻ ഉത്പാദന രീതികൾ, വൈവിധ്യമാർന്ന കയറ്റുമതി ഇനങ്ങളുടെ ശാസ്ത്രീയരീതിയിലുള്ള കൃഷി, ഞണ്ട്, സീബാസ്, തിലാപ്പിയ എന്നിവയുടെ കൃഷിരീതികൾ എന്നിവയെക്കുറിച്ച് വിദഗ്ധർ ക്ലാസുകളെടുത്തു.

കർവാറിലെ മുനിസിപ്പൽ കൗൺസിലിന്റെ പ്രത്യേക അഭ്യർത്ഥന അനുസരിച്ചാണ് പരിശീലനം സംഘടിപ്പിച്ചത്. ഉത്തർ കന്നഡ ജില്ലയിലെ കർവാർ നന്ദൻഗഡ്ഢ ബാത് ഗ്രാമത്തിൽ നിന്നുള്ള ഇരുപത് പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

കർവാറിലെ എസ്‌സി/എസ്ടി വിഭാഗം പ്രസിഡന്റ് ശ്രീ. ദേവാനന്ദ് കനേക്കർ പരിപാടി ഉദ്ഘാടനം ചെയ്തു. മത്സ്യ



ഡപ്യൂട്ടി ഡയറക്ടർ ശ്രീ. വിജയകുമാർ യരഗൽ പരിശീലനപരിപാടിയിൽ ക്ലാസെടുക്കുന്നു

കൃഷി പുതിയ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും കർഷകരെ സാമ്പത്തികമായി സഹായിക്കുന്നതിനും ഉതകുമെന്ന് അദ്ദേഹം പറഞ്ഞു.

ജൂണിയർ ടെക്നിക്കൽ ഓഫീസർ ശ്രീ. എസ്.എം. ശിരോദ്കർ, ഡപ്യൂട്ടി ഡയറക്ടർ ശ്രീ. വിജയകുമാർ യരഗൽ, ഡപ്യൂട്ടി ഡയറക്ടർ ശ്രീ. വെങ്കട്ടരാമൻ ഹെഗ്ഡെ, സംസ്ഥാന ഫിഷറീസ് വകുപ്പ് എഎഫ്ഡിഒ ശ്രീ. ശ്രീപാദ് കുൽക്കർണി എന്നിവർ കൃഷിയിടം തെരഞ്ഞെടുക്കൽ, കുളം രൂപപ്പെടുത്തൽ, നിർമാണം, ജൈവിക ഘടകങ്ങൾ, ചെമ്മീൻ വിത്ത് സൂക്ഷിക്കുന്ന രീതി, വിളവെടുപ്പ്, ജൈവസുരക്ഷ, മികച്ച മാനേജ്മെന്റ് രീതികൾ, ഞണ്ട് കൃഷിയിലെ വൈവിധ്യവത്കരണം, സീബാസ് കൃഷി, തിലാപ്പിയ വളർത്തൽ, സാമ്പത്തികസഹായം തുടങ്ങിയവയെക്കുറിച്ച് ക്ലാസുകളെടുത്തു.

രണ്ടാം ദിവസം മാഡിബാഗ്, കാഡ്‌വാഡ് ഗ്രാമങ്ങളിലെ കനസ്ഗിരി ചെമ്മീൻപാടം പരിശീലനാർത്ഥികൾ സന്ദർശിക്കുകയും പ്രായോഗികരീതികൾ മനസിലാക്കുകയും ചെയ്തു.

സമാപന സമ്മേളനത്തിൽ കർവാർ മുനിസിപ്പൽ കൗൺസിൽ വൈസ് പ്രസിഡന്റ് ശ്രീമതി ലീലാഭായ് തനേക്കർ എംപിഇഡിഎയുടെ പ്രവർത്തനങ്ങളെയും എസ്‌സി/എസ്ടി വിഭാഗങ്ങൾക്കായി അവരുടെ ഗ്രാമത്തിൽത്തന്നെ പരിശീലനം ഒരുക്കിയതിനെയും അനുമോദിച്ചു.

പരിശീലനം നേടിയവർ ഒരു സംഘമോ ക്ലബോ രൂപീകരിച്ച് സാമൂഹിക-സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന്



പരിശീലനത്തിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകളും സ്റ്റൈപ്പന്റും വിതരണം ചെയ്യുന്നു

പരിശ്രമിക്കണമെന്ന് അവർ നിർദ്ദേശിച്ചു. മത്സ്യകൃഷിക്കായി സർക്കാർ സ്ഥലം പാട്ടത്തിന് ലഭ്യമാക്കുന്നതിനായി പരിശ്രമിക്കാമെന്നും പറഞ്ഞു. എംപിഇഡിഎയിൽനിന്നുള്ള പിന്തുണ ഡപ്യൂട്ടി ഡയറക്ടർ ശ്രീ. വിജയകുമാർ യരഗൽ ഉറപ്പുനല്കി. കർഷകരെ പ്രതിനിധീകരിച്ച് ശ്രീ. വിതൽ ലഞ്ചേക്കർ, ശ്രീമതി. രൂപ ഹൽസ്വാർ എന്നിവർ പ്രസംഗിച്ചു.

മത്സ്യകൃഷിയിലെ പുതിയ സാങ്കേതികരീതികൾ മനസിലാക്കുന്നതിന് പരിശീലനം സഹായിച്ചുവെന്ന് അവർ പറഞ്ഞു. ജൂണിയർ ടെക്നിക്കൽ ഓഫീസർ ശ്രീ. എസ്. എം. ശിരോദ്കർ നന്ദി പറഞ്ഞു.



പരിശീലനത്തിനെത്തിയവർ ചെമ്മീൻപാടം സന്ദർശിക്കുന്നു

# ഉഷ്ണമേഖലാ കൊഞ്ച് വളർത്തൽ: ഇന്ത്യയ്ക്ക് മികച്ച സാധ്യതകൾ

**ഡോ. സഗീവ് കോൽക്കോവ്സ്കി**
ന്യൂട്രാക്കോൾ പ്രൈവറ്റ് ലിമിറ്റഡ്, ഓസ്ട്രേലിയ, വേൾഡ് അക്വാകൾച്ചർ സൊസൈറ്റി, ഇമെയിൽ – info@nutrakol.com

**ചൈനയിലും തെക്കുകിഴക്കൻ ഏഷ്യയിലും കിലോയ്ക്ക് നൂറ് ഡോളർ വരെ വില ലഭിക്കാൻ തക്ക ആവശ്യകതയുണ്ട് ഉഷ്ണമേഖലാ കൊഞ്ചുകൾക്ക് (വലിയ കടൽ കൊഞ്ച് - ലോബ്സ്റ്റർ). എന്നാൽ ഇന്ത്യയിൽ കടൽക്കൊഞ്ചുകളുടെ ലഭ്യത പരിമിതമാണ്. കുഞ്ഞുങ്ങളുടെ ലഭ്യത കുറവായതിനാൽ ഈ രംഗം ഇതുവരെ വികാസം പ്രാപിച്ചിട്ടില്ല. വിയറ്റ്നാമിൽ കടൽക്കൊഞ്ചുകളെ റാഞ്ചിംഗ് രീതിയിൽ വളർത്തുന്നത് വലിയ വ്യവസായമായി മാറിയിട്ടുണ്ട്. പ്രതിവർഷം 1500 ടൺ വരെയാണ് അവിടെ ഉത്പാദനം. തെക്കേ ഇന്ത്യയിൽ ഈ വ്യവസായത്തിന്റെ സാധ്യതകൾ അറിയുന്നതിനായി ഒട്ടേറെ പരീക്ഷണങ്ങൾ നടന്നിട്ടുണ്ട്**



വിപണിയിൽ ലഭ്യമായ വളർച്ചയെത്തിയ കൊഞ്ച് ടാങ്കിൽ

ഉഷ്ണമേഖല കൊഞ്ചിന് ചൈനയിലും തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലും കിലോയ്ക്ക് നൂറ് ഡോളർ വരെയാണ് വില. ആവശ്യകത ഉയർന്നുവരുന്നതിന് അനുസരിച്ച് ഇവയെ വളർത്തിയെടുക്കുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. ലോകമെങ്ങും വലിയ കടൽ ഞണ്ടുകളുടെ ഉത്പാദനം സ്ഥിരമായി നിൽക്കുകയോ കുറഞ്ഞുവരികയോ ആണ്. കൈകാര്യം ചെയ്യുന്ന രീതിയുടെ പോരായ്മ, കാലാവസ്ഥാ മാറ്റം, വാസസ്ഥാനത്തിന്റെ പ്രത്യേകത എന്നിവയെല്ലാം ഇതിന് കാരണമാണ്.

കടൽ കൊഞ്ചുകളുടെ ജീവിതചക്രം പൂർത്തിയാക്കുന്നതിനും കൊഞ്ചിൻ കുഞ്ഞുങ്ങളുടെ സുസ്ഥിരമായ ലഭ്യത ഉറപ്പുവരുത്തുന്നതിനും ഒട്ടേറെ തടസങ്ങളുണ്ട്. ദീർഘനാൾ ലാർവ രൂപത്തിൽ കഴിയുന്നതും ലാർവകൾക്ക് എളുപ്പം രോഗബാധയേൽക്കാവുന്ന രീതിയിലുള്ള ലോലശരീരവുമാണെന്നതുമാണ് പ്രധാന പ്രശ്നം.

നിലവിൽ ഇന്ത്യയിലും ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലും തുടർച്ചയായി വാണിജ്യാടിസ്ഥാനത്തിൽ ഉഷ്ണമേഖലാ കൊഞ്ച് ഇനമായ പുരുലസിന്റെ ലഭ്യതയില്ല. അതുകൊണ്ടു തന്നെ ഇവയെ റാഞ്ചിംഗ് രീതിയിൽ വളർത്തിയെടുക്കുന്നതിന് ഏറെ താത്പര്യമുണ്ട്. സ്വാഭാവികമായി ലഭ്യമാകുന്ന കുഞ്ഞുങ്ങളെയോ കൊഞ്ച് വിത്തോ (പുരുലി) വളർത്തിയെടുത്ത് വിപണി വലിപ്പത്തിൽ എത്തിക്കുന്നതാണ് ഈ രീതി. നിലവിൽ ഈ രീതി മാത്രമാണ് വാണിജ്യാടിസ്ഥാനത്തിൽ വിവിധ രാജ്യങ്ങളിൽ വിജയകരമായിട്ടുള്ളത്.

കഴിഞ്ഞ കുറെ ദശകങ്ങളായി പുരുലസ് കടൽക്കൊഞ്ചുകളെ വിയറ്റ്നാം, ഇന്തോനേഷ്യ, ഫിലിപ്പൈൻസ്, മലേഷ്യ തുടങ്ങിയ വിവിധ ഏഷ്യൻ രാജ്യങ്ങളിൽ റാഞ്ചിംഗ് രീതിയിൽ വളർത്തുന്നുണ്ട്. ചൈന, തായ്ലൻഡ്, ഇന്ത്യ എന്നിവിടങ്ങളിലും ലോബ്സ്റ്ററുകളെ വളർത്തുന്നത് വർദ്ധിച്ചുവരുന്നുണ്ട്.

വിയറ്റ്നാമാണ് ഇക്കാര്യത്തിൽ ഏറ്റവും മുൻപന്തിയിലുള്ളത്. പ്രതിവർഷം 1500 ടൺ ആണ് ഉത്പാദനം.



കൊഞ്ചുകുഞ്ഞുങ്ങളുടെ നഴ്സറി
(ഫോട്ടോ: സി. ജോൺസ്)

ഇന്ത്യോനേഷ്യയിൽ വർഷത്തിൽ 24-40 ടൺ വരെ ഉത്പാദനമുണ്ട്. 2015 മുതൽ ഇന്തോനേഷ്യയിൽ 200 ഗ്രാമിൽ താഴെ തൂക്കമുള്ള കടൽക്കൊഞ്ചുകളെ ശേഖരിക്കുന്നത് കുറ്റകരമായതിനാൽ ഈ രംഗത്തിന്റെ വളർച്ച പരിമിതപ്പെട്ടിരിക്കുകയാണ്.

പ്രാഥമികമായി രണ്ട് പ്രധാന ഉഷ്ണമേഖലാ കൊഞ്ച് ഇനങ്ങളാണുള്ളത്. തെക്കുകിഴക്കൻ ഏഷ്യയിൽനിന്ന് ശേഖരിക്കുന്ന പനുലിറസ് ഓർനേറ്റസ്, പനുലിറസ് ഹോമേറസ്. ഈ രണ്ട് ഇനങ്ങളുടെയും അനുപാതം വിവിധ രാജ്യങ്ങളിൽ വ്യത്യസ്തമാണ്. വിയറ്റ്നാമിൽ 75 ശതമാനവും ഓർനേറ്റസ് ആണെങ്കിൽ 25 ശതമാനം ഹോമേറസ് ആണ്. ഇന്തോനേഷ്യയിൽ ഭൂരിഭാഗവും ഹോമേറസ് ആണ്. ചൈനയിലേയ്ക്കുള്ള കയറ്റുമതിക്കായി വളർത്തുന്ന ഇടത്തുനിന്ന് വിൽക്കുമ്പോൾ ത്തന്നെ ജീവനുള്ള കടൽക്കൊഞ്ചിന് നൂറ് ഡോളർ വില ലഭിക്കുന്നുണ്ട്.

## ശേഖരിക്കുന്ന രീതി

സീൻ വലകൾ, രാത്രിയിലെ പ്രകാശസ്രോതസ്, ചെറിയ വലകൾ, ചെറിയ കെണികൾ എന്നിവയെല്ലാം ഉപയോഗിച്ച് ഇവയെ പിടിച്ചെടുക്കാറുണ്ട്. 2015 വരെയുള്ള കണക്ക് അനുസരിച്ച് പ്രതിവർഷം വിയറ്റ്നാമിൽ രണ്ട് മുതൽ നാല് ദശലക്ഷം വരെയും ഇന്തോനേഷ്യയിൽ 0.6 മുതൽ അഞ്ച് ദശലക്ഷം വരെയും എണ്ണത്തെ പിടികൂടുന്നുണ്ട്. മലയിടുക്ക് പോലെ സംരക്ഷിതമായ മേഖലകളിൽനിന്നാണ് ഇവയെ പിടികൂടുന്നത്. കൈകാര്യം ചെയ്യുന്നതിലെ പിഴവ്, സൂക്ഷിക്കുന്ന രീതി, ഗതാഗതത്തിലെ തകരാർ എന്നിവ മൂലം ഒട്ടേറെയെണ്ണം ചത്തുപോകുന്നതിനുള്ള സാധ്യതകളുണ്ട്.

## നഴ്സറി

ജലത്തിനു മുകളിൽ പൊങ്ങിക്കിടക്കുന്ന ഫ്രെയിമുകളിൽ വെള്ളത്തിൽ അൽപ്പം താഴ്ന്നുകിടക്കുന്നതുപോലെയുള്ള കൂടുകളിലാണ് നഴ്സറി ഘട്ടത്തിൽ ഇവയെ സൂക്ഷിക്കുന്നത്. 30 മുതൽ 50 വരെ ഗ്രാം തൂക്കം വയ്ക്കുന്നതുവരെ തിരിവുമീനുകൾ അരിഞ്ഞെടുത്ത് തീറ്റയായി നല്കുന്നു. 30 മുതൽ 70 ശതമാനം വരെയാണ് അതിജീവനത്തിന്റെ തോത്. ആവശ്യമായ തൂക്കമെത്തിയാൽ കൊഞ്ചിൻകുഞ്ഞുങ്ങളെ ഗ്രോഔട്ട് കേജുകളിലേയ്ക്ക് മാറ്റുന്നു. കുറച്ചുകൂടി വലിപ്പമുള്ളതും ആഴമുള്ളതുമായ പ്രദേശത്താണ് ഇത്തരം കേജുകൾ. തിരിവുമീനുകളാണ് ഇവയ്ക്ക് തീറ്റയായി നൽകുന്നത്. അഞ്ചു മുതൽ 70 ശതമാനം വരെയാണ് ഈ ഘട്ടത്തിലെ അതിജീവന നിരക്ക്. ഇരുപത് മാസം വരെയുള്ള വളർച്ചയിൽ 50 ഗ്രാമിൽ നിന്ന് ഒരു കിലോയായി വളരും. ഹോമേറസ് ഇനം ഈ കാലം കൊണ്ട് 500 ഗ്രാം വളർച്ച എത്തുന്നു. വിപണിയ്ക്ക് ആവശ്യമായ വലിപ്പമെത്തുമ്പോൾ കടൽക്കൊഞ്ചുകളെ ജീവനോടെ ചൈനയിലേയ്ക്ക് കയറ്റിയയ്ക്കുന്നു.



കൊഞ്ചുകുഞ്ഞുങ്ങൾ വളരുന്ന ഗ്രോ-ഔട്ട് കേജുകൾ



വിയറ്റ്നാമിൽനിന്നും ഇന്തോനേഷ്യയിൽനിന്നും ശേഖരിച്ച പുരുലസ് ഉഷ്ണമേഖലാ കടൽകൊഞ്ചുകൾ (ഫോട്ടോ: ക്ലൈവ് ജോൺസ്)

## വ്യവസായരംഗം

വിയറ്റ്നാമിൽ റാഞ്ചിംഗ്, ഫാറ്റനിംഗ് രീതികൾ വിവിധ വിഭാഗങ്ങളിലായി തിരിച്ചിട്ടുണ്ട്.

1. കൊഞ്ചുകൾ കൂടുതലായി കാണപ്പെടുന്ന പ്രദേശത്തുനിന്നും പുരുലസ് വിത്തുകൾ ശേഖരിക്കുന്നത് ഗ്രാമങ്ങളിലെ മുക്കുവരാണ്.

2. കൊഞ്ച് വിത്ത് കൈകാര്യം ചെയ്യുന്നവരോ ഇടനിലക്കാരോ വിത്ത് വാങ്ങി നഴ്സറിയിലേയ്ക്ക് എത്തിക്കുന്നു. ചിലപ്പോൾ ഇടപാടുകാർക്ക് സൂക്ഷിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കും. ആവശ്യകത വർദ്ധിക്കുന്നതിനനുസരിച്ച് അടുത്തിടെയായി നിയമവിധേയമല്ലാതെ ഇന്തോനേഷ്യയിൽനിന്നുള്ള ഇറക്കുമതി വർദ്ധിച്ചിട്ടുണ്ട്.

3. നഴ്സറി ഫാമിംഗ്: തീരത്തോട് ചേർന്നുള്ള ചെറിയ കൂടുകളിലാണ് നഴ്സറി. ഇടനിലക്കാരിൽനിന്നാണ് കൊഞ്ചുവിത്തുകൾ വാങ്ങുന്നത്.

4. ഗ്രോ-ഔട്ട് ഫാമിംഗ്: നഴ്സറിയിൽനിന്നും ചെറിയ ഞണ്ടുകളെ വാങ്ങി നഴ്സറി കൂടുകളിൽ വളർത്തിയെടുത്ത് ഗ്രോ-ഔട്ട് കൂടുകളിലേയ്ക്ക് മാറ്റുന്നു.

5. തീറ്റ, പ്രധാനമായും മുക്കുവർ നല്കുന്ന തിരിവുമീനുകളാണ്. കൂടാതെ ഇവയ്ക്കായുള്ള ഉപകരണങ്ങൾ, മൊത്തക്കച്ചവടക്കാർ, കയറ്റുമതിക്കാർ എന്നിവർ ഉൾപ്പെട്ടതാണ് ലോബ്സ്റ്റർ വ്യവസായരംഗം.

## പ്രശ്നങ്ങൾ, രോഗങ്ങൾ

വാൽഭാഗം ചീഞ്ഞുപോകുന്ന മിൽക്കി രോഗമാണ് പ്രധാനപ്പെട്ടത്. കൈകാര്യം ചെയ്യുന്നതിലെ പിഴവ്, തിരിവുമീനുകൾ തീറ്റയായി നല്കുന്നത്, ആഴം കുറഞ്ഞ ജലവിതാനം, കൂടുകളിൽ ജൈവാംശം കൂടുതലായി അടിഞ്ഞുകൂടുന്നത്, ആരോഗ്യപ്രശ്നങ്ങൾ തുടങ്ങിയവയെല്ലാം ഇതിന് കാരണമാകാം. ഈ രോഗം മൂലം കൊഞ്ചുകൾ ചാവുന്നതിന്റെ തോത് വ്യത്യസ്തമായിരിക്കാം.

വിയറ്റ്നാമിൽ അതിജീവന നിരക്ക് 70 ശതമാനം വരെയാണെങ്കിൽ (2013), ഇന്തോനേഷ്യയിൽ 30 ശതമാനം മാത്രമാണ്. വിയറ്റ്നാമിൽ പിടികൂടുന്ന കൊഞ്ചുകൾ ഓരോന്നിനും 65 അമേരിക്കൻ ഡോളർ വില കിട്ടുമ്പോൾ ഇന്തോനേഷ്യയിൽ മൂന്ന് ഡോളറിൽ താഴെയാണ് ലഭിക്കുന്നതെന്നാണ് കണക്കുകൾ. പ്രകൃതിയിൽനിന്നും പിടികൂടുന്നവയുടെ മരണനിരക്ക് 30 മുതൽ 50 ശതമാനം വരെയാണ്. പിടികൂടിയതിനുശേഷമുള്ള പായ്ക്കേജിംഗ്, സൂക്ഷിപ്പ്, ഗതാഗതം എന്നീ ഘട്ടങ്ങളിലാണ് ഉയർന്ന മരണനിരക്ക് കാണുന്നത്. **തിരിവുമീനുകൾ നല്കുന്നതുകൊണ്ടുള്ള പ്രശ്നങ്ങൾ:** നഴ്സറികളിലും ഗ്രോ-ഔട്ട് ഘട്ടത്തിലും തീറ്റയായി തിരിവുമീനുകൾ നല്കുന്നത് ബാക്ടീരിയ മൂലമുള്ള രോഗങ്ങൾ കൂടുന്നതിന് കാരണമാകുന്നുണ്ട്.



പൂർണ്ണവളർച്ചയാകാത്ത കടൽക്കൊഞ്ച്

## ഇന്ത്യയിലെ സ്ഥിതി

ഇന്ത്യയിൽ ഉഷ്ണമേഖലാ കടൽകൊഞ്ചുകളെ വളർത്തുന്നത് വളരെ പരിമിതമാണ്. പ്രതിവർഷം 64 ടണ്ണിൽ താഴെയാണ് ആകെ ഉത്പാദനം. കൊഞ്ചുകളെ മാത്രം ലക്ഷ്യമിട്ടുള്ള മത്സ്യബന്ധനം കുറവാണ്. മറ്റ് മീനുകൾക്കൊപ്പം ലഭിക്കുന്നവയെ വളർത്തുന്നതാണ് രീതി. ഒട്ടേറെ മറ്റ് ഇനങ്ങളും കണ്ടെത്തിയിട്ടുണ്ടെങ്കിലും ഇന്ത്യയിലും പനുലിറസ് ഓർണേറ്റസ്, പനുലിറസ് ഹോമേറസ് എന്നീ രണ്ട് ഇനങ്ങളാണ് പ്രധാനമായും ഉള്ളത്. കൊഞ്ചിൻ കുഞ്ഞുങ്ങളെ ചെറിയതോതിൽ റാഞ്ചിംഗ് രീതിയിൽ വളർത്തുന്നതിനായി നടത്തിയ പരീക്ഷണങ്ങൾ വിജയകരമാണ്.

തമിഴ്നാട്ടിലെ തൂത്തുക്കുടി ജില്ലയിൽ പ്രകൃതിയിൽനിന്ന് ശേഖരിച്ച 40 മുതൽ 60 ഗ്രാം വരെ ഭാരമുള്ള ഹോമേറസ് ഇനത്തെ സ്റ്റീൽ, പ്ലാസ്റ്റിക് കൂടുകളിൽ തിരിവുമീൻ നല്കി



കൊഞ്ചുകളെ പിടിക്കുന്നതിന് രാത്രിയിലെ പ്രകാശസ്രോതസും വലകളും ഒരുക്കിയിട്ടുള്ള ബോട്ട് (ഫോട്ടോ: ക്ലൈവ് ജോൺസ്)

വളർത്തിയിരുന്നു. 95 ശതമാനം വരെയാണ് അതിജീവനനിരക്ക്. അഞ്ചുമാസത്തെ വളർച്ചയ്ക്കുശേഷം വിളവെടുത്തപ്പോൾ 30,000 മുതൽ 54,000 രൂപ വരെ ആദായം ലഭിച്ചു. ഗുജറാത്തിൽ നടത്തിയ പരീക്ഷണത്തിൽ 100 ഗ്രാം തൂക്കമുള്ള പനുലിറസ് പോളിഫാഗസ് ഇനത്തെ മൺകുളങ്ങളിൽ വളർത്തിയപ്പോൾ മൂന്നു മാസം കൊണ്ട് 250 മുതൽ 300 ഗ്രാം വരെ തൂക്കം വച്ചു. ഇവയ്ക്ക് കിലോയ്ക്ക് ആയിരം രൂപ വരെ വില ലഭിച്ചു. ഈ പുതിയ വ്യവസായത്തിന്റെ ഇതുവരെ ഉപയോഗിക്കാത്ത സാധ്യതകളാണ് ഈ പരീക്ഷണങ്ങൾ കാണിക്കുന്നത്.

## ഭാവികാര്യങ്ങൾ

വിവിധ സംസ്ഥാനങ്ങളിലും പ്രദേശങ്ങളിലുമായി ഒട്ടേറെ മത്സ്യകൃഷി പദ്ധതികൾ വികസിപ്പിക്കേണ്ടതുണ്ട്. തെക്കേ ഇന്ത്യയിൽനിന്നും പുരുലസ് ഇനം കൊഞ്ചിനെ ശേഖരിക്കുകയും കൊഞ്ചിൻകുഞ്ഞുങ്ങളെ ശേഖരിച്ച് വിപണിയ്ക്ക് ആവശ്യമായ വലിപ്പത്തിലേയ്ക്ക് തീരത്തിനോട് ചേർന്നുള്ള ടാങ്കുകളിലോ തീരത്തോട് ചേർന്ന കൂടുകളിലോ വളർത്തിയെടുക്കുകയും വേണം (റാഞ്ചിംഗ് രീതിയിൽ). കൊഞ്ചിൻകുഞ്ഞുങ്ങളെ ശേഖരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും മറ്റൊരിടത്തേയ്ക്ക് കൊണ്ടുപോകുന്നതിനും വളർത്തുന്നതിനുമായി രീതികൾ വികസിപ്പിക്കണം. ഉയർന്ന തോതിൽ അതിജീവനവും സുസ്ഥിരതയും ഉറപ്പാക്കി വേണം ഈ രീതികൾ വികസിപ്പിക്കാൻ. പോഷകങ്ങളും മികച്ച തീറ്റ രീതികളും വളർത്തിയെടുക്കണം. കടൽക്കൊഞ്ചുകൾക്കായി തീറ്റകൾ രൂപപ്പെടുത്തുകയും ബൂസ്റ്ററുകളും ഫാം അടിസ്ഥാനമാക്കിയുള്ള തീറ്റകളും ലഭ്യമാക്കുകയും വേണം. തിരിവു മീനുകളെ തീറ്റയായി നല്കുന്നത് രോഗം പൊട്ടിപ്പുറപ്പെടാൻ കാരണമാകുന്നുണ്ടോയെന്ന കാര്യവും പരിശോധിക്കണം. (2017 നവംബർ25-ന്കൊച്ചിയിൽസംഘടിപ്പിച്ചഎമേർജിംഗ്അക്വാകൾച്ചർ ടെക്നോളജീസ് വർക്ക്ഷോപ്പിലെ അവതരണത്തെ അടിസ്ഥാനമാക്കി തയാറാക്കിയത്. ഡോ. ക്ലൈവ് ജോൺസ് ശേഖരിച്ച വിവരങ്ങൾക്കും ചിത്രങ്ങൾക്കും കടപ്പാട്.)

## സൂചികകൾ


ബാരയ്യ, കെ.ജി., ശ്രീനാഥ്, കെ.ആർ., സുഖ്ധേയ്ൻ, കെ.എസ്., കുമാവത്, ടി., ഡിവി,ഡി., പ്രധാൻ, ആർ.കെ., വെയ്സ്, വി.കെ., അസീസ്, പി.എ. 2017. ലോബ്സ്റ്റർ ഫാറ്റനിംഗ് യൂസിംഗ് പിറ്റ് കൾച്ചർ എലോങ് ദ ഇന്റർടൈഡൽ സോൺ ഓഫ് ഭവനഗർ- അമ്രേലി കോസ്റ്റ്, ഗുജറാത്ത്. പതിനൊന്നാമത് ഇന്ത്യൻ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഫോറം, കൊച്ചി, ഇന്ത്യ, 21-24 നവംബർ2017.

ജോൺസ്, സി. 2015. സ്റ്റാറ്റസ് ഓഫ് റോക്ക് ലോബ്സ്റ്റർ ഫാമിംഗ് ഇൻ സൗത്ത്ഈസ്റ്റ് ഏഷ്യ ആൻഡ് ഓപ്പർച്യൂണിറ്റി ഫോർ ഓസ്ട്രേലിയ ആൻഡ് ന്യൂസിലാൻഡ്. 2015 ട്രാൻസ്-ടാസ്മാൻ റോക്ക് ലോബ്സ്റ്റർ ഇൻഡസ്ട്രി കോൺഫറൻസ്, ഒൻപതാമത് റോക്ക് ലോബ്സ്റ്റർ കോൺഗ്രസ്, 29-30 ഏപ്രിൽ, പെർത്ത്, ഓസ്ട്രേലിയ.

ജോൺസ്, സി., ഹ്യുവോങ്, എൽഎൽ., തുവാൻ, എൽഎ., ബഹ്റാവി, എസ്., ഇർവിൻ, എസ്. 2015. സ്പൈനി ലോബ്സ്റ്റർ അക്വാകൾച്ചർ ഡവലപ്മെന്റ് ഇൻ ഈസ്റ്റേൺ ഇന്തോനേഷ്യ, വിയറ്റ്നാം & ഓസ്ട്രേലിയ. അവസാന റിപ്പോർട്ട്, എസിഐഎആർ, ഓസ്ട്രേലിയ, 52 പിപി.

കാളിദാസ്, സി., രഞ്ജിത്, എൽ., കവിത, എം., ജഗദീസ്, ഐ., മനോജ്കുമാർ, പി.പി., 2017. സക്സസ് സ്റ്റോറീസ് ഓഫ്മോഡൽസീ-കേജ്ഫാംസിപ്പിക്കുളംഫിഷർവില്ലേജ്,തൂത്തുക്കുടി ഡിസ്ട്രിക്ട്. പതിനൊന്നാമത് ഇന്ത്യൻ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഫോറം, കൊച്ചി, ഇന്ത്യ, 21-24 നവംബർ, 2017.

# ആധുനിക മൊബൈൽ വെൻഡിംഗ് കിയോസ്‌കുമായി ഐസിഎആർ–സിഫ്റ്റ്



തൃപ്പൂണിത്തുറ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ചന്ദ്രികാദേവി വെൻഡിംഗ് കിയോസ്ക് ഉദ്ഘാടനം ചെയ്യുന്നു

കൊച്ചിയിലെ ഐസിഎആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ചെറുകിട ചില്ലറ മീൻ വിൽപ്പനയ്ക്കായി റഫ്രിജറേഷനോടുകൂടിയ മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്കുകൾ ലഭ്യമാക്കി. തണുപ്പിച്ച് സൂക്ഷിക്കാനും മത്സ്യങ്ങളെ പ്രദർശിപ്പിക്കാനും കഴിയുന്നതാണ് ഈ കിയോസ്ക്. ചെതുമ്പൽ നീക്കുന്നതിനും മുറിച്ചെടുക്കുന്നതിനും കഴുകുന്നതിനുമുള്ള സൗകര്യങ്ങൾ, വാട്ടർ ടാങ്ക്, മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള അറ എന്നിവ അടങ്ങിയതാണിത്. മീനുകളെ നേരിട്ട് കാണുന്ന രീതിയിൽ സുതാര്യമായ ഗ്ലാസ് മൂടിയാണിതിന്. ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തിയാൽ നാലഞ്ചു ദിവസത്തേയ്ക്ക് മത്സ്യങ്ങൾ സൂക്ഷിക്കുന്നതിന് സാധിക്കും. ജിഎസ്ടി അടക്കം 80,000 രൂപയാണ് കിയോസ്കിന്റെ വില.

ചെറുകിട, ചില്ലറ വിൽപ്പനക്കാർക്ക് ആധുനിക കിയോസ്കിൽ മൂലധന നിക്ഷേപം നടത്തുന്നത് ഗുണകരമായിരിക്കും. ഐസിഎആർ-സിഫ്റ്റിന്റെ ആദ്യത്തെ ആധുനിക കിയോസ്ക് തൃപ്പൂണിത്തുറ പുതിയകാവ് പാവൻകുളങ്ങര ജംഗ്ഷനിലെ ഷാ കോൾഡ് സ്റ്റോറേജ് ആൻഡ് ഫിഷ് സെന്ററിലാണ് തുടങ്ങിയത്. 2018 ജനുവരി രണ്ടിന് തൃപ്പൂണിത്തുറ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ചന്ദ്രികാദേവി കിയോസ്ക് ഉദ്ഘാടനം ചെയ്തു.

ഐസിഎആർ-സിഫ്റ്റ് ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, എൻജിനീയറിംഗ് വിഭാഗം മേധാവി ഡോ. മനോജ് പി. സാമുവൽ, ഐസിഎആർ-സിഫ്റ്റ് ജീവനക്കാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. വൃത്തിയായ സാഹചര്യത്തിൽ കൂടുതൽ കാലം സൂക്ഷിക്കാൻ കഴിയുന്ന രീതിയിൽ മത്സ്യവിൽപ്പനയ്ക്ക് ഉതകുന്ന ഇത്തരം സാങ്കേതികവിദ്യകൾ രൂപപ്പെടുത്തിയ ഐസിഎആർ-സിഫ്റ്റ് ശാസ്ത്രജ്ഞരെ ശ്രീമതി



ഐസിഎആർ-സിഫ്റ്റ് ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ ആദ്യ വിൽപ്പന നിർവഹിക്കുന്നു

ചന്ദ്രികാദേവി അഭിനന്ദിച്ചു. ഡോ. രവിശങ്കർ ആദ്യ വിൽപ്പന നിർവഹിച്ചു. കൂടുതൽ സുരക്ഷിതമായും വൃത്തിയോടെയും മത്സ്യവിൽപ്പന നടത്താൻ വെൻഡിംഗ് കിയോസ്ക് സഹായകമാകുമെന്ന് അദ്ദേഹം പറഞ്ഞു.

കടപ്പാട്: സിഫ്റ്റ്



കൊച്ചി ഐസിഎആർ-സിഫ്റ്റ് ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ കക്ക സംസ്കരണ കേന്ദ്രം ഉദ്ഘാടനം ചെയ്യുന്നു

# പെരുമ്പളത്ത് കക്ക സംസ്കരണകേന്ദ്രം

കക്ക സംസ്കരണത്തിനായി പൊതു-സ്വകാര്യ മേഖലാ സഹകരണത്തിലൂടെ ഐസിഎആർ-സിഫ്റ്റ് പെരുമ്പളം പഞ്ചായത്തും പെരുമ്പളത്തെ ഹരിത ഫാമേഴ്സ് ക്ലബ്ബുമായി ചേർന്ന് പ്രത്യേക സൗകര്യമൊരുക്കി. ശാസ്ത്രസാങ്കേതിക വകുപ്പിന്റെ സാമ്പത്തികസഹായത്തോടെയാണ് പ്രഥമ സംസ്കരണ സൗകര്യം ഒരുക്കിയത്. കക്ക ശേഖരണവും സംസ്കരണവും ജീവനോപാധിയാക്കിയ പെരുമ്പളത്തെ ഇരുന്നൂറിലധികം പേർക്ക് പുതിയ സൗകര്യം പ്രയോജനപ്പെടും.

2010-ൽ സിഫ്റ്റ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ശാസ്ത്രീയമായ കക്ക സംസ്കരണത്തിനായുള്ള സൗകര്യമൊരുക്കിയത്. 2015-ൽ തുടക്കമിട്ട പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ മുക്കുവ സ്ത്രീകളേയും പുരുഷന്മാരേയും ക്ലസ്റ്ററുകളായി തിരിച്ച് മെച്ചപ്പെട്ട സംസ്കരണ രീതികളിൽ പരിശീലനം നല്കി. അടുത്ത ഘട്ടത്തിൽ കക്ക സംസ്കരണത്തിനായുള്ള സൗകര്യം സജ്ജമാക്കി. വിളവെടുത്ത കക്ക സംസ്കരിക്കുന്നതിനുള്ള സൗകര്യമാണ് ഒരുക്കുന്നത്. കൊച്ചിയിലെ ഐസിഎആർ-സിഫ്റ്റ് ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ 2018 ജനുവരി എട്ടിന് സംസ്കരണകേന്ദ്രം ഉദ്ഘാടനം ചെയ്തു.

> കക്ക ശേഖരണവും സംസ്കരണവും ജീവനോപാധിയാക്കിയ ഇരുന്നൂറിലധികം പേർക്ക് പുതിയ സൗകര്യം പ്രയോജനപ്പെടും

പെരുമ്പളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.എസ്. ഷിബു അധ്യക്ഷത വഹിച്ചു. പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. നിഖിത ഗോപാൽ അവതരണം നടത്തി. വാർഡ് അംഗങ്ങളായ ശ്രീ. പി.ഡി. സജീവ്, ശ്രീമതി ശോഭന ചക്രപാണി, ശ്രീ. കെ.എ. ജയകുമാർ, പെരുമ്പളം കയർ സൊസൈറ്റി പ്രസിഡന്റ് ശ്രീ. പി.ടി. അജയൻ എന്നിവർ ആശംസകൾ നേർന്നു. പദ്ധതിയുടെ സഹ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ശ്രീ. എസ്. ശ്രീജിത് സ്വാഗതവും ഹരിത ഫാർമേഴ്സ് ക്ലബ് ഫെസിലിറ്റേറ്റർ ശ്രീ. അനൂപ് രാജ് നന്ദിയും പറഞ്ഞു.

കടപ്പാട്: സിഫ്റ്റ്

## മത്സ്യകൃഷി രംഗത്ത്
# കാലാവസ്ഥാ മാറ്റങ്ങളുടെ സ്വാധീനം

സെന്ട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ(സിഎംഎഫ്ആർഐ) എഴുപത്തിയൊന്നാമത് സ്ഥാപകദിനത്തോട് അനുബന്ധിച്ച് മത്സ്യകൃഷിയിൽ കാലാവസ്ഥാമാറ്റങ്ങളുടെ സ്വാധീനത്തെക്കുറിച്ച് ഓപ്പൺ ഹൗസ് ചർച്ച ചെയ്തു. പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനുള്ള വിദ്യാഭ്യാസ-പ്രദർശനമായിരുന്നു ഓപ്പൺ ഹൗസ്. കാലാവസ്ഥാവ്യതിയാനങ്ങളെക്കുറിച്ച് നാഷണൽ ഇന്നവേഷൻസ് ഓൺ ക്ലൈമറ്റ് റിസൈലന്റ് അഗ്രിക്കൾച്ചറിന്റെ (എൻഐസിആർഎ) ആഭിമുഖ്യത്തിൽ നടത്തിയ പഠനത്തിന്റെ വിവരങ്ങൾ സിഎംഎഫ്ആർഐ പ്രദർശിപ്പിച്ചിരുന്നു.

സമുദ്രതലത്തിലെ ചൂട്, ക്ലോറോഫില്ല, കാറ്റ്, മഴ, ഒഴുക്ക്, മുട്ടയിടുന്ന സീസൺ, പ്രായപൂർത്തിയാകുന്ന സീസൺ, വിതരണം, മത്സ്യബന്ധനം എന്നിവയിലെല്ലാം ഒട്ടേറെ മാറ്റങ്ങളുണ്ടായിട്ടുണ്ടെന്ന് ശാസ്ത്രജ്ഞർ വിശദീകരിച്ചു. വാണിജ്യപരമായി ലഭ്യമാകുന്ന പ്രധാനപ്പെട്ട മത്സ്യങ്ങളുടെ വിതരണത്തിൽ അത് മത്സ്യബന്ധനത്തെയും ദേശീയ സമ്പദ്സ്ഥിതിയേയും സുസ്ഥിരതയേയും ബാധിക്കുന്നുണ്ട്.

കാലാവസ്ഥാമാറ്റങ്ങളും മത്സ്യബന്ധനമേഖലയിലെ അധികമായ സമ്മർദ്ദവും മീൻ സ്രോതസുകളെ ബാധിക്കുന്നുണ്ടെന്ന് എൻഐസിആർഎ പ്രോജക്ട് കോർഡിനേറ്റർ പി.യു. സക്കറിയ പറഞ്ഞു. മത്സ്യബന്ധന ശ്രമങ്ങൾ കുറയ്ക്കുക, കണ്ടൽക്കാടുകളിൽ ചെടികൾ നട്ടുപിടിപ്പിക്കുക, കടൽപ്പായലിന്റെയും മറ്റും കൃഷി നടത്തുക, കൂടുകളിലെ മീൻകൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

എൻഐസിആർഎ പഠനം അനുസരിച്ച് ഹാബിറ്റാറ്റ് മാപ്പിംഗ്, പരിസ്ഥിതി മാതൃകകൾ തയാറാക്കുക തുടങ്ങിയവ അധിക ചൂഷണം ഒഴിവാക്കുന്നതിനും കാലാവസ്ഥയ്ക്ക് ആഘാതമേൽപ്പിക്കുന്ന കാര്യങ്ങൾ ഒഴിവാക്കുന്നതിനും സാധിക്കും. ഓപ്പൺ ഹൗസിൽ വിദ്യാർത്ഥികൾ, പൊതുജനങ്ങൾ തുടങ്ങിയവർക്കും കടലിന്റെ രഹസ്യങ്ങൾ അറിയാൻ അവസരമുണ്ടായിരുന്നു.

പരിപാടിയുടെ ഭാഗമായി നാഷണൽ മറൈൻ ഡൈവേഴ്സിറ്റി മ്യൂസിയം, വിവിധ നൂതന ലാബറട്ടറികൾ, മറൈൻ റിസർച്ച് അക്വേറിയം, അഗ്രിക്കൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്റർ (എടിഐസി), ഹാച്ചറികൾ എന്നിവ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിരുന്നു. മ്യൂസിയമായിരുന്നു പ്രധാന ആകർഷണം. പ്ലാസ്റ്റിക് മാലിന്യങ്ങൾ ജലസ്രോതസുകളിലേയ്ക്ക് വലിച്ചെറിയുന്നതുമൂലമുള്ള അപകടങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിനുള്ള പരിശ്രമമുണ്ടായി.

കടപ്പാട്: www.newindianexpress.com

# മൂല്യവർദ്ധിത മീൻ ഉത്പന്നങ്ങൾക്കായി പരിശീലനം

മേരാ ഗാവ് മേരാ ഗൗരവ് (എംജിഎംജി) പദ്ധതിക്കു കീഴിൽ മൂല്യവർദ്ധിത മത്സ്യവിഭവങ്ങൾ തയാറാക്കുന്നതിനായി പരിശീലനം നല്കി. 2018 ജനുവരി പത്തിന് തൃശൂർ ചേർപ്പ് ഗ്രാമ പഞ്ചായത്തിലെ ജലകന്യക ക്ലബിന്റെ നേതൃത്തിലായിരുന്നു 45 കർഷകർക്ക് പരിശീലനം. ചേർപ്പ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി.കെ. വിനോദ് പരിശീലനം ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി സുജിഷ കള്ളിയത്ത്




ചേർപ്പ് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി.കെ. വിനോദ് പരിശീലനം ഉദ്ഘാടനം ചെയ്യുന്നു

അധ്യക്ഷത വഹിച്ചു. കൊച്ചി ഐസിഎആർ-സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റും എംജിഎംജി സംഘത്തിന്റെ ഗ്രൂപ്പ് ലീഡറുമായ ഡോ. നിഖിത ഗോപാൽ പരിശീലനത്തെക്കുറിച്ച് വിശദീകരിച്ചു. തൃശൂർ ഫിഷറീസ് വകുപ്പ് പ്രോജക്ട് കോർഡിനേറ്റർ ശ്രീമതി സി. ആർ. ലിഷ സ്വാഗതവും ചേർപ്പ് പഞ്ചായത്തിലെ ഫിഷറീസ് കോർഡിനേറ്റർ ശ്രീ. രാമകൃഷ്ണൻ നന്ദിയും പറഞ്ഞു.

ഐസിഎആർ-സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. പി. മുഹമ്മദ് അഷ്റഫ്, ശാസ്ത്രജ്ഞരായ ശ്രീമതി എസ്.ജെ. ലാലി, ഡോ. കെ. ഇളവരശൻ, ടെക്നിക്കൽ അസിസ്റ്റന്റുമാരായ ശ്രീ. നോബി വർഗീസ്, ശ്രീ. കെ. പ്രഭു എന്നിവർ പങ്കെടുത്തു. ഫിഷ് കട്‌ലറ്റ്, ഫിഷ് ബോൾസ്, ഫിഷ് ഫിംഗേഴ്സ്, ബ്രെഡഡ് ഷ്രിംപ് എന്നീ ഉത്പന്നങ്ങൾ തയാറാക്കുന്നതിനാണ് പരിശീലനം നല്കിയത്. പങ്കെടുത്തവരുടെ സംശയങ്ങൾ തീർക്കുകയും അഭിപ്രായങ്ങൾ പറയാൻ അവസരം നല്കുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സാധ്യതകളും ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമായ സാങ്കേതികവിദ്യകളും പരിശീലനാർത്ഥികളോട് വിശദീകരിച്ചു.

കടപ്പാട്: സിഫ്റ്റ്

# ചെമ്മീൻ ദുരന്തത്തെക്കുറിച്ച് ആശങ്കയോടെ ഇറക്കുമതിക്കാർ



വ്യാപാരപ്രശ്നങ്ങളെക്കുറിച്ച് യുഎസ് കോൺഗ്രസിലെയും നിലവിലുള്ള ഭരണരംഗത്തുള്ളവരുടെയും സമീപനം മൂലം ചെമ്മീൻ ഇറക്കുമതി രംഗത്തെ ദുരന്തത്തെക്കുറിച്ച് ആശങ്കയുണരുന്നു. അമേരിക്കയിലെ യുഎസ് റസ്റ്ററന്റുകളിലും ചില്ലറ വിൽപ്പന മേഖലകളിലും ഇത് പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചേക്കാം.

സെനറ്റ് ബജറ്റ് ബിൽ എസ്.ബി. 1662 പാസായാൽ കടൽ വിഭവഭങ്ങളുടെ ഇറക്കുമതി നിരീക്ഷണ പദ്ധതിയനുസരിച്ച് യുഎസ് ചെമ്മീൻ വ്യവസായ രംഗം 30 ദിവസത്തിനുള്ളിൽ പുതിയ റിപ്പോർട്ടിംഗ് രീതികൾ പിന്തുടരണം. നിലവിൽ ചെമ്മീനിനെ ഇതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

ഏറ്റവും ജനപ്രിയമായ കടൽവിഭവമാണ് ചെമ്മീൻ. അമേരിക്കക്കാർ ശരാശരി വർഷത്തിൽ 4 പൗണ്ട് ചെമ്മീൻ കഴിക്കുമെന്നാണ് കണക്ക്. ഇതിൽ 90 ശതമാനവും ഇറക്കുമതി ചെയ്തതാണ്. ഇക്കുറി അമേരിക്കയിൽ ഗൾഫിൽനിന്നുള്ള വരവ് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ കുറഞ്ഞ് നവംബർ അവസാനം 93.4 ദശലക്ഷം പൗണ്ട് ആയി. എന്നാൽ, ഇറക്കുമതി റിക്കോർഡ് നിലവാരത്തിൽ 1.3 ബില്യൺ പൗണ്ടാണ്. ഡിസംബർ ഇറക്കുമതി കണക്കാക്കാതെയാണിത്.

യുഎസിൽ ചെമ്മീൻ വിതരണത്തിന്റെ ഏഴ് ശതമാനമാണ് ഗൾഫിൽനിന്ന് ലഭിക്കുന്നത്. മിസിസിപ്പി സെനറ്റർ താഡ് കൊക്കാരൻ സെനറ്റ് ബജറ്റ് ബില്ലിൽ അവതരിപ്പിച്ച അനുബന്ധത്തിൽ എൻഎംഎഫ്എസ് അടുത്ത 30 ദിവസത്തിനുള്ളിൽ ചെമ്മീനിനെ അമേരിക്കൻ കടൽവിഭവ ഇറക്കുമതി നിരീക്ഷണ പദ്ധതിയിൽ (എസ്ഐഎംപി) ഉൾപ്പെടുത്തണം.

കടൽവിഭവങ്ങൾ എത്തിക്കുന്ന കപ്പൽ, മീൻപിടുത്തത്തിനുള്ള ലൈസൻസ്, മീൻ പിടിക്കുന്നതിനുള്ള അധികാരം, തൂക്കം, ആദ്യം കടൽവിഭവം ലഭിച്ചതാർക്ക്, ഉത്പന്നത്തിന്റെ രൂപം, മത്സ്യബന്ധനത്തിന് ഉപയോഗിച്ച രീതി, കൃഷിയിടം, മറ്റ് വിവരങ്ങൾ എന്നിവയെല്ലാം ഐയുയു മത്സ്യബന്ധനത്തിനെതിരേ അമേരിക്കൻ ഉപയോക്താവിനെ സംരക്ഷിക്കുന്നതിനായി ലഭ്യമാക്കണം. എൻഒഎഎയ്ക്കെതിരേ എൻഎഫ്ഐ നടത്തിയ നിയമനടപടി വിജയത്തിലെത്തി. എന്നാൽ, ആഗോള രംഗത്ത് ഐയുയു മത്സ്യബന്ധനത്തിനെതിരേ പോരാടുന്ന ആഗോളപ്രമുഖരായ യൂറോപ്പ് ആവശ്യമായ നിരീക്ഷണസംവിധാനങ്ങളുള്ള ന്യൂസിലാൻഡ് പോലെയുള്ള രാജ്യങ്ങളിൽനിന്ന് ഇറക്കുമതിക്ക് ഇളവുകൾ നല്കുന്നു. എന്നാൽ അമേരിക്ക ഇത്തരം ഇളവുകൾ ഒന്നും നല്കാതെ കടൽവിഭവങ്ങളുടെ സമ്പൂർണവിവരങ്ങൾ വേണമെന്ന് ശഠിക്കുകയാണ്. എല്ലാത്തരം ചൂരകളും കലവ, നീന്തുന്ന നീല ഞണ്ടുകൾ ഒഴികെയുള്ള ഞണ്ടുകൾ, സ്നാപ്പർ എന്നിവയുടെയെല്ലാം വിവരങ്ങൾ അമേരിക്കയിലേയ്ക്ക് കയറ്റി അയയ്ക്കാൻ ആവശ്യമാണ്.

ഈ പദ്ധതിയുടെ തുടക്കത്തിൽ സങ്കീർണ്ണത മനസിലാക്കിയും ഇതുകൊണ്ടുള്ള ഗുണഫലമെന്തെന്ന് നിശ്ചയിക്കാൻ കഴിയാതിരുന്നതിനാലും ചെമ്മീനിനെ ഒഴിവാക്കിയിരുന്നു. എൻഒഎഎയുടെ അഭിപ്രായത്തിൽ ചെമ്മീൻ എന്നതും അബലോൺ എന്നതും വ്യത്യസ്തമായ ഉത്പന്നങ്ങളാണ്. അതുകൊണ്ടുതന്നെ എസ്ഐഎംപി ഡാറ്റ അധിക പഠനമില്ലാതെ ആവശ്യമില്ല എന്നു തീരുമാനിച്ചിരുന്നു. ഈ തീരുമാനത്തെ മാറ്റിമറിക്കുന്നതാണ് സെനറ്ററുടെ അനുബന്ധം. ഇതനുസരിച്ച് 30 ദിവസത്തിനുള്ളിൽ ചെമ്മീനെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം.

എൻഒഎഎ ഇത് പിന്തുടരാൻ തീരുമാനിച്ചാൽ ഇറക്കുമതി നിരോധനത്തിനു തുല്യമായിരിക്കും. സാധാരണയായി ഇത് നടപ്പിലാക്കാൻ 24 മുതൽ 36 വരെ മാസങ്ങളാണ് വേണ്ടത്. വിതരണശൃംഖലയിലാകെ ആവശ്യമായ സോഫ്റ്റ്വെയറും സംവിധാനങ്ങളും ഏർപ്പെടുത്തണം. ഉപയോക്താക്കളിലേയ്ക്ക് എത്തുന്നതിനും ആവശ്യമായ കാര്യങ്ങളെക്കുറിച്ച് കപ്പൽതലം വരെയുള്ള വിതരണക്കാർക്ക് അവബോധമുണ്ടാക്കുന്നതിനുമാണ് ഇത്രയധികം സമയം ആവശ്യമായി വരുന്നത്.

നിലവിലുള്ള എസ്ഐഎംപി നടപ്പിലാക്കുന്നതിന് ആവശ്യമായ സമയക്രമവും നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ളതായിരുന്നു. മൂന്നു വർഷം പദ്ധതി രൂപകൽപ്പനയ്ക്കും ഒരു വർഷംനീണ്ട നടപ്പിലാക്കലിനും ശേഷം എൻഒഎഎ പൈലറ്റ് ടെസ്റ്റുകൾ ഈ വർഷം ജനുവരി ഒന്നിനുള്ള സമയപരിധി അനുസരിച്ചുള്ള കാര്യങ്ങൾ പൂർത്തിയാക്കാൻ സാധിച്ചത് ഏതാണ്ട് നൂറ് കണക്കിന് ലോഡുകൾക്ക് മാത്രമാണ്. ഇതേത്തുടർന്നാണ് എൻഒഎഎ ഈ വർഷം ആദ്യം ഇളവ് നല്കിയത്.

പൂരിപ്പിക്കാൻ കഴിയാത്ത കോളങ്ങളുമായി കയറ്റുമതിക്കാർ സമർപ്പിക്കുന്ന അപേക്ഷകളും കസ്റ്റംസ് സ്വീകരിച്ചിരുന്നു. എന്നാൽ, ഭാവിയിൽ എൻഒഎഎ ആ ഇളവ് എടുത്തുമാറ്റും. കടൽവിഭവങ്ങളുടെ വ്യാപാരത്തിൽ നേരിടുന്ന തടസത്തെക്കുറിച്ച് എൻഒഎഎയ്ക്ക് ആശങ്കകളുണ്ട്. അതുകൊണ്ടുതന്നെ അമേരിക്കയിലേയ്ക്കുള്ള ഇറക്കുമതി തുടർന്നുകൊണ്ടുപോകാനാണ് പരിശ്രമിക്കുന്നത്.

> **ഏറ്റവും ജനപ്രിയമായ കടൽവിഭവമാണ് ചെമ്മീൻ. അമേരിക്കക്കാർ ശരാശരി വർഷത്തിൽ 4 പൗണ്ട് ചെമ്മീൻ കഴിക്കുമെന്നാണ് കണക്ക്. ഇതിൽ 90 ശതമാനവും ഇറക്കുമതി ചെയ്യുതാണ്**

എന്നാൽ, കോൺഗ്രസിലും ആഭ്യന്തര ചെമ്മീൻ വ്യവസായരംഗത്തുള്ളവരും ഇറക്കുമതിരംഗത്ത് വലിയൊരു സാമ്പത്തികപ്രശ്നമുണ്ടായാലും രാഷ്ട്രീയപരമായ നേട്ടത്തിനാണ് പരിശ്രമിക്കുന്നത്.

ഒരു രാജ്യം ചെമ്മീൻ ഇറക്കുമതി നിരോധിക്കുമ്പോൾ എന്താണ് സംഭവിക്കുന്നത് എന്നതിന് ശരിയായ ഉദാഹരണം നാം കണ്ടതാണ്. കഴിഞ്ഞ ജനുവരിയിൽ ഓസ്ട്രേലിയയിലെ ക്യൂൻസ്ലാൻഡിൽ ആഭ്യന്തര വ്യവസായരംഗത്ത് വൈറ്റ് സ്പോട്ട് രോഗം പൊട്ടിപ്പുറപ്പെട്ടു. ഇതേത്തുടർന്ന് വൈറസ് രോഗത്തെ തടയാൻ പച്ചച്ചെമ്മീൻ ഇറക്കുമതി ചെയ്യുന്നത് നിർത്തിവയ്ക്കണമെന്ന് കർഷകർ ആവശ്യപ്പെട്ടു. 2017 ജനുവരിയിൽ കിലോയ്ക്ക് 16-18 ഓസ്ട്രേലിയൻ ഡോളറായിരുന്നു കാര ചെമ്മീന്റെ വിലയെങ്കിൽ തൊട്ടടുത്ത മാസം വില 66 ശതമാനം വരെ ഉയർന്ന് 27-30 വരെ ഓസ്ട്രേലിയൻ ഡോളറായി ഉയർന്നുവെന്ന് ഓസ്ട്രേലിയയിലെ പോസിഡോൺ സീഫുഡ്സ് ചൂണ്ടിക്കാട്ടുന്നു. 26 മുതൽ 30 വരെ ചെമ്മീനാണ് ഒരു കിലോ തൂക്കം വരിക.

അതിനുശേഷം ഓസ്ട്രേലിയ ചെമ്മീൻ നിരോധനം എടുത്തുകളഞ്ഞു. എങ്കിലും വിലയിൽ വലിയ കുറവുണ്ടായില്ല. ഈ ഡിസംബറിൽ സിഡ്നിയിലെ മത്സ്യവിപണിയിൽ പാകം ചെയ്ത ചെമ്മീന്റെ വില കിലോയ്ക്ക് 50 ഓസ്ട്രേലിയൻ ഡോളർ വരെയായി ഉയരും. കഴിഞ്ഞ വർഷത്തേക്കാൾ 20 ഓസ്ട്രേലിയൻ ഡോളർ അധികമാണിത്. പലരും കണക്കാക്കുന്നത് വിപണി വില അൻപത് ശതമാനം വരെ ഉയരുമെന്നാണ്. ഓസ്ട്രേലിയയിൽ വളരുന്ന ചെമ്മീന്റെ ലഭ്യത കുറഞ്ഞതാണ് ഇതിന് ഒരു കാരണം. അതുപോലെ തന്നെ ചെമ്മീന്റെ ഇറക്കുമതി ഉയർന്നതുമില്ല.

അമേരിക്കൻ കോൺഗ്രസ് എസ്ഐഎംപി പദ്ധതിയനുസരിച്ച് വേണം ചെമ്മീൻ ഇറക്കുമതി എന്നു തീരുമാനിക്കുകയും എൻഒഎഎ ഇളവ് അനുവദിക്കാനാവില്ലെന്ന് ശഠിക്കുകയുമാണെങ്കിൽ അമേരിക്കയും ഓസ്ട്രേലിയയിലേതുപോലെയുള്ള പ്രശ്നത്തിലേയ്ക്ക് എത്തിയേക്കാം. അമേരിക്കയെ അപേക്ഷിച്ച് ഓസ്ട്രേലിയയിൽ പ്രാദേശിക ചെമ്മീൻ ഉത്പാദനം വളരെയധികമായിരുന്നു എന്നതും കണക്കിലെടുക്കണം. അതുകൊണ്ടുതന്നെ ചെമ്മീൻ വാങ്ങാനെത്തുന്നവർക്ക് അതിന്റെ ലഭ്യത ഇല്ലാതാകും. റസ്റ്ററന്റുകളിൽ ഏറ്റവും ചെലവാകുന്ന കടൽവിഭവം ചെമ്മീനാണ്. പല റസ്റ്ററന്റുകളും അവരുടെ മെനുവിൽ ചെമ്മീനിനെ ഉൾപ്പെടുത്തിയിരിക്കുന്നു.

ചില്ലറ വിൽപ്പനയിലും ചെമ്മീനാണ് ഏറ്റവും മൂല്യമുള്ള കടൽവിഭവം. ശീതീകരിച്ച ചിറകുള്ള മത്സ്യങ്ങളെല്ലാം കൂടിയുള്ളതിന്റെ മൂല്യത്തിന് തുല്യമായിരിക്കും ഇത്. കഴിഞ്ഞ വർഷം ശീതീകരിച്ച ചെമ്മീനിന്റെ ചില്ലറ വിൽപ്പന 300 മില്യൺ അമേരിക്കൻ ഡോളറിൽ അധികമായിരുന്നു.

എസ്.ബി. 1662 നടപ്പാകുകയാണെങ്കിൽ 30 ദിവസത്തിനുള്ളിൽ അമേരിക്കൻ ചെമ്മീൻ ഇറക്കുമതി രംഗം പുതിയ റിപ്പോർട്ടിംഗ് സംവിധാനം പൂർണമായും പാലിക്കണം. അമേരിക്കൻ ചെമ്മീൻ വ്യവസായരംഗത്തിന്റെ 90 ശതമാനവും ഇറക്കുമതിയാണ്. നിർബന്ധപൂർവം ധൃതിപിടിച്ച് പുതിയ നിയന്ത്രണങ്ങൾ നടപ്പാക്കിയാൽ അത് ചെമ്മീൻ ഇറക്കുമതിക്ക് ഒട്ടേറെ തടസങ്ങൾ സൃഷ്ടിക്കുമെന്നും ഈ വ്യവസായരംഗത്തെത്തന്നെ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുമെന്നും മിക്ക ഇറക്കുമതിക്കാരും ബ്രോക്കർമാരും ചൂണ്ടിക്കാട്ടുന്നു.

എന്നാൽ, ഗൾഫ് ചെമ്മീൻ വ്യവസായരംഗം ഇതിനെ മറ്റൊരു രീതിയിലാണ് കാണുന്നത്. സതേൺ ഷ്രിംപ് അലയൻസിന്റെ അഭിപ്രായത്തിൽ അമേരിക്കയിൽനിന്ന് പിടികൂടുന്ന ചെമ്മീൻ ട്രേയ്സിയബിലിറ്റി ടിക്കറ്റുകൾ ഉപയോഗിച്ച് നിരീക്ഷിക്കുമ്പോൾ ഇറക്കുമതി ചെയ്യുന്ന ചെമ്മീനിനെ ഒഴിവാക്കുന്നതിൽ കാര്യമില്ല. ടർട്ടിൽ എക്സ്ക്ലൂഡർ റെഗുലേഷൻ അനുസരിച്ച് 30 ദിവസത്തെ മാത്രം കാലാവധിക്കുള്ളിൽ നിയന്ത്രണങ്ങൾക്ക് വിധേയമാകണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിൽ ഗൾഫിലെ ചെമ്മീൻ വ്യാപാരികളും എതിർപ്പ് പ്രകടിപ്പിച്ചേനെ. സത്യത്തിൽ ടർട്ടിൽ നിയന്ത്രണങ്ങൾ വർഷങ്ങൾകൊണ്ടാണ് നടപ്പിലാക്കിയത്. എൻഒഎഎ ഭാവിയിൽ ചെമ്മീനിനെ നിരീക്ഷിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കാൻ ആലോചിക്കുന്നുണ്ട്. പഠനങ്ങളില്ലാതെ നടപ്പാക്കാനുള്ള നിയമങ്ങളില്ലാതെ 30 ദിവസത്തിനുള്ളിൽ നടപ്പാക്കണമെന്ന് ശഠിക്കുന്നത് രാഷ്ട്രീയ നേട്ടത്തിനുമാത്രമേ ഉതകൂ.

കടപ്പാട് - www.seafoodsource.com

# ഉഡിപ്പിയിലെ കൂട് കൃഷി മാതൃക സർക്കാർ ഏറ്റെടുക്കും



സംസ്ഥാന ഫിഷറീസ് ഡയറക്ടറേറ്റ് ഉഡിപ്പിയിലെ വീടുകൾതോറുമുള്ള വിജയകരമായ കൂടുകൃഷി ഏറ്റെടുക്കാൻ ആലോചിക്കുന്നു. തുടക്കത്തിൽ 4 മീറ്റർ x 4 മീറ്റർ വലിപ്പത്തിലുള്ള കൂടുകൾ തയാറാക്കി മത്സ്യകൃഷി തുടങ്ങും. തെരഞ്ഞെടുത്ത മീനുകളെ തുറന്ന കടലിൽ കൂടുകളിൽ വളർത്തുന്ന രീതി വർഷങ്ങളായി പോളത്ത് നടത്തിവരുന്നുണ്ട്.

ചാപ്പോളി ഡാമിലെ റിസർവോയറിലും ഇത്തരം കൃഷി നടത്തുന്നു. മത്സ്യകർഷകർ അല്ലാതെയുള്ളവരെക്കൂടി ഉൾപ്പെടുത്തി സ്വന്തം ഉപയോഗത്തിനുവേണ്ടിയും അധിക ഉത്പാദനം വിൽപ്പനയ്ക്കുമായി ലക്ഷ്യമിട്ടാണ് പുതിയ മാതൃക നടപ്പാക്കുന്നത്. ഈ രീതിയിൽ വിപണിയെ അധികമായി ആശ്രയിക്കാതെ പ്രാദേശിക ഇനങ്ങൾ വളർത്താൻ സാധിക്കും. സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ ഫിഷറീസ് വകുപ്പ് നല്കുമെന്ന് ഫിഷറീസ് സെക്രട്ടറി ഗോവിന്ദ് ജെയ്സ്വാൾ പറഞ്ഞു. നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡ് ഇക്കാര്യത്തിൽ സഹായിക്കും.

പ്രാദേശിക മത്സ്യഇനങ്ങളായിരിക്കും ഈ പരീക്ഷണത്തിന് കൂടുതൽ യോജിച്ചത്. മത്സ്യക്കുഞ്ഞുങ്ങളെയും തീറ്റയും എൻഎഫ്ഡിബി, സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിൽനിന്ന് ലഭ്യമാക്കും. ഗോവയിലെ എല്ലാ ബ്ലോക്കിലും ഇത്തരം മത്സ്യവളർത്തലിനുള്ള അവസരമുണ്ടായിരിക്കുമെന്നും ഗോവിന്ദ് ജെയ്സ്വാൾ പറഞ്ഞു.

കടപ്പാട്: www.timesofindia.indiatimes.com

# ചെലവുകുറഞ്ഞമത്സ്യരോഗ നിർണയ കിറ്റുകൾ ഇന്ത്യയിൽ അവതരിപ്പിച്ചു

ഇന്ത്യയിലെ ശുദ്ധജല മത്സ്യരംഗത്ത് രോഗങ്ങൾ മൂലം 25 ശതമാനം നഷ്ടമുണ്ടാകുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫ്രഷ് വാട്ടർ അക്വാകൾച്ചർ (സിഫ) ചെലവുകുറഞ്ഞ രോഗനിർണയ കിറ്റുകൾ രൂപപ്പെടുത്തി. ശുദ്ധജല മത്സ്യങ്ങളിലെ പ്രധാന ബാക്ടീരിയൽ രോഗങ്ങൾ തിരിച്ചറിയാൻ ഇത് സഹായിക്കും.

സ്പോട്ട് അഗ്ലൂട്ടിനേഷൻ, സ്പോട്ട് എലൈസ കിറ്റുകൾ എന്നിവ പ്രധാന കൃഷിയിടത്തിലെ മത്സ്യകർഷകർക്ക് ബാക്ടീരിയൽ രോഗങ്ങൾ നിർണയിക്കാനും വളർത്തുമീനുകളുടെ ആരോഗ്യസ്ഥിതി തുടർച്ചയായി മനസിലാക്കുന്നതിനും സഹായിക്കുമെന്ന് സിഫയിലെ സീനിയർ ശാസ്ത്രജ്ഞൻ പ്രിയബ്രത സ്വെയ്ൻ സീഫുഡ്സോഴ്സിനോട് പറഞ്ഞു.

ജീവനുള്ള മീനുകളുടെ അൽപ്പം രക്തമോ ചിറകുകളുടെ ചെറിയ കഷണമോ ശേഖരിച്ചാണ് രോഗമുണ്ടോയെന്ന് തിരിച്ചറിയുന്നത്. എന്നാൽ, ചത്ത മീനുകളെ ലാബറട്ടറിക

ളിലേയ്ക്ക് അയയ്ക്കേണ്ടി വരും. രോഗം നേരത്തെതന്നെ കണ്ടെത്താനും ശരിയായസമയത്ത് നിയന്ത്രിക്കാനും പുതിയ കിറ്റുകൾ സഹായിക്കും. രോഗം നിർണയിച്ചുകഴിഞ്ഞാൽ അവ ചികിത്സിക്കാനും വലിയ നഷ്ടം വരുന്നത് ഒഴിവാക്കാനും സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ചിനായുള്ള (ഐസിഎആർ-സിഐഎഫ്എ) പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിയാണ് രോഗനിർണയ കിറ്റ് പുറത്തിറക്കിയത്. സ്പോട്ട് അഗ്ലൂട്ടിനേഷൻ കിറ്റിന് 12 രൂപയാണ് വില, എലൈസ കിറ്റിന് 42 രൂപയും. ഛത്തീസ്ഗഡ് കേന്ദ്രമായി പ്രവർത്തിക്കുന്ന അഗ്രവാൾ ട്രേഡിംഗ് കമ്പനിക്കാണ് സിഫയുടെ നിർദ്ദേശാനുസരണം രാജ്യത്തെങ്ങും കിറ്റുകൾ വിൽക്കാനുള്ള അവകാശം. ഇന്ത്യൻ മത്സ്യകൃഷി രംഗത്ത് കാണുന്നതുപോലെ ഉയർന്ന സാന്ദ്രതയിൽ മീൻ വളർത്തുമ്പോൾ ബാക്ടീരിയൽ രോഗങ്ങൾക്കുള്ള സാധ്യത കൂടുതലാണ്. രോഗങ്ങൾ പൊട്ടിപ്പുറപ്പെടുമ്പോൾ മരണനിരക്ക് കൂടുകയും ഉത്പാദനക്ഷമത കുറയുകയും സാമ്പത്തികനഷ്ടമുണ്ടാവുകയും ചെയ്യും.

ഇന്ത്യയിൽ മാത്രം വിൽപ്പന നടത്താനുള്ള അവകാശമാണ് നല്കിയിരിക്കുന്നത്. വിദേശങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യാൻ അനുവാദം നല്കിയിട്ടില്ലെന്ന് സെയ്ൻ പറഞ്ഞു. മത്സ്യകൃഷി രംഗത്ത് വൈവിധ്യവത്കരണവും വികസനവും നടപ്പാക്കുമ്പോൾ ഉയർന്ന തോതിൽ മത്സ്യങ്ങൾ സൂക്ഷിക്കുന്നതും ഉയർന്ന സാന്ദ്രതയിൽ വളർത്തുന്നതും ബാക്ടീരിയൽ രോഗങ്ങളും പരാദങ്ങളും വൈറൽ രോഗങ്ങളും അധികമായി കാണുന്നതിനിടയാക്കും.

അതുകൊണ്ടുതന്നെ കർഷകർ സാങ്കേതിവിദ്യകളുടെ സഹായം തേടുകയും ശരിയായ രോഗനിർണയ സജ്ജീകരണങ്ങളും രോഗനിയന്ത്രണ മാർഗങ്ങളും സ്വീകരിക്കുകയും ചെയ്യണമെന്ന് സെയ്ൻ നിർദ്ദേശിച്ചു.

അഴുകൽ, ചുവപ്പ് രോഗം, സെപ്റ്റിസീമിയ, ഏയ്റോമോണിയാസിസ്, ഗിൽ രോഗം തുടങ്ങിയവയാണ് ഇന്ത്യയിൽ കാണപ്പെടുന്ന പ്രധാന ബാക്ടീരിയൽ രോഗങ്ങളെന്ന് സിഫ വിലയിരുത്തുന്നു. ചുവപ്പ് രോഗം പ്രധാനമായും കാർപ്പ് മീനുകളിലാണ് കാണുന്നത്. ഇവ വർഷത്തിൽ ഏത് സമയവും കാണാം. എഡ്വേർഡ്സെല്ലോസിസ്, ബാക്ടീരിയൽഗിൽ എന്നിവ തണുപ്പുകാലത്തും കോളുമിനാരിസ്, വിബ്രിയോസിസ് എന്നിവ വേനലിലും മഴക്കാലത്തുമാണ് കാണപ്പെടുന്നത്.

കടപ്പാട്: www.seafoodsource.com

---

# എംപിഇഡിഎയും സ്വിറ്റ്സർലാൻഡിലെ സിഒഒപിയും ചേർന്ന്

# ജൈവ മത്സ്യകൃഷിക്കായി കരാർ ഒപ്പുവച്ചു

ജൈവ കടൽവിഭവങ്ങൾക്ക് യൂറോപ്യൻ യൂണിയനിലെങ്ങുമുള്ള വർദ്ധിച്ച ആവശ്യകത കണക്കിലെടുത്ത് സ്വിറ്റ്സർലാൻഡിലെ ഏറ്റവും വലിയ റീട്ടെയ്ൽ, ഹോൾസെയിൽ കമ്പനിയായ സിഒഒപി കോഓപ്പറേറ്റീവ് മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി (എംപിഇഡിഎ) യുമായി ചേർന്ന് കയറ്റുമതി ലക്ഷ്യമിട്ട് ഇന്ത്യയിൽ ജൈവ മത്സ്യകൃഷി ആരംഭിക്കുന്നു.

സംരംഭകരെ കണ്ടെത്തുന്നതിനും ദേശീയ, അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ പ്രോട്ടോകോളുകൾ അനുസരിച്ച് ഉയർന്ന ഗുണമേന്മയുള്ള ജൈവ ചെമ്മീൻ വളർത്തുന്നതിനുള്ള സാങ്കേതിക സഹായവും എംപിഇഡിഎ നല്കും.

സിഒഒപിക്ക് നിലവിൽ സ്വിറ്റ്സർലാൻഡിൽ ഏതാണ്ട് 2200 വിൽപ്പനശാലകളും യൂറോപ്പിലാകെ ഹോൾസെയിൽ/പ്രൊഡക്ഷൻ ബിസിനസുകളുമാണുള്ളത്. സംസ്കരിച്ച ജൈവ ചെമ്മീൻ പതിനഞ്ച് ശതമാനം വരെ ഉയർന്ന വിലയിൽ വാങ്ങുന്നതിനും വികസനത്തിനും പരിശീലനത്തിനും മറ്റുമായി അധികമായി അഞ്ചുശതമാനം സാമ്പത്തികസഹായം നല്കുന്നതിനുമാണ് സിഒഒപി സമ്മതിച്ചിരിക്കുന്നത്.

കേരളത്തിലായിരിക്കും പൈലറ്റ് പദ്ധതി നടപ്പാക്കുക. തുടക്കത്തിൽ ആയിരം ഹെക്ടർ സ്ഥലത്ത് കാര ചെമ്മീൻ (പീനിയസ് മോണോഡോൺ) വളർത്താനും തുടർന്ന് രാജ്യമെങ്ങും വ്യാപിപ്പിക്കാനുമാണ് പദ്ധതി. യൂറോപ്പിലെങ്ങും ജൈവ ഉത്പന്നങ്ങളെക്കുറിച്ച് കൂടുതൽ അവബോധമുണ്ടെന്ന് എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസ് പറഞ്ഞു. അധിക ചെലവ് കണക്കിലെടുത്താണ് പല കർഷകരും ജൈവ ഉത്പാദനത്തിന് താത്പര്യമെടുക്കാത്തത്. ഉയർന്ന വില ലഭിക്കുകയാണെങ്കിൽ അധിക ചെലവ് പരിഗണിക്കാതെ ജൈവകൃഷി നടത്താൻ പ്രോത്സാഹനം നല്കുമെന്ന് അദ്ദേഹം പറഞ്ഞു.

എംപിഇഡിഎയും സിഒഒപിയും ചെമ്മീൻ ഹാച്ചറികൾക്ക് ജൈവ ചെമ്മീൻ കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിനുള്ള സർട്ടിഫിക്കേഷൻ നല്കും. ചെറുകിട തീറ്റ മിൽ യൂണിറ്റുകളെ എംപാനൽ ചെയ്യാനും അതുവഴി ഈ പദ്ധതിക്കായി ജൈവ തീറ്റ ലഭ്യമാക്കാനും സാധിക്കും.

വിയറ്റ്നാമിനു പുറമെ രണ്ടാമതായി ജൈവ കൃഷിക്കായി തെരഞ്ഞെടുത്തത് ഇന്ത്യയെ ആണെന്ന് സിഒഒപിയുടെ മാനേജ്മെന്റ് അംഗം ജെറാഡ് സുർലറ്റർ പറഞ്ഞു. വിയറ്റ്നാമിൽ പരമ്പരാഗത കർഷകരെ അപേക്ഷിച്ച് ഇതേപോലെയുള്ള പദ്ധതികളിലൂടെ ജൈവ ഉത്പാദകർ ഉയർന്ന വരുമാനം നേടുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

കടപ്പാട്: thehindubusinessline.com

www.mpeda.gov.in

# There's no seafood as Irresistble as Indian Seafood

From the sparkling Indian seas comes the finest seafood in the world. Enjoy it in abundance throughout the year.

*You haven't tasted the best seafood, if you haven't tasted Indian seafood.*



The Marine Products Export Development Authority
(Ministry of Commerce & Industry, Government of India)
MPEDA House, Panampilly Avenue, Kochi - 682 036, Kerala, India
Phone: +91 484 2311979 Fax: +91 484 2313361 E-mail: ho@mpeda.gov.in